കേരളസർക്കാർ

വാല്യം 09
ഇഷ്യൂ 02

# നിയമധ്വനി

കേരള സർക്കാർ നിയമവകുപ്പ് പ്രസിദ്ധീകരണം






വാഗ്മി 2025 സമ്മാനദാനച്ചടങ്ങ്



കേരളസർക്കാർ



# നിയമധ്വനി

## കേരള സർക്കാർ നിയമവകുപ്പ് പ്രസിദ്ധീകരണം







കേരള സർക്കാർ
നിയമവകുപ്പ്

# പ്രസാധകക്കുറിപ്പ്

തിരുവനന്തപുരം
30-12-2025

നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന നിയമവാഴ്ച സ്വാർത്ഥകമാകണമെങ്കിൽ ഭരണ, നിയമ, നീതി നിർവ്വഹണ പ്രക്രിയകൾ എല്ലാം മാതൃഭാഷയിൽത്തന്നെ നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ ലക്ഷ്യം സംപ്രാപ്തമാക്കുന്നതിനായി സർക്കാർ വിവിധ കർമ്മപരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഭരണഭാഷയും നിയമനിർമ്മാണഭാഷയും ഇതിനകം തന്നെ സർക്കാർ മലയാളത്തിലേക്ക് ആക്കിയിട്ടുള്ളതാണ്. ഇതുകൂടാതെ കോടതി വ്യവഹാരങ്ങൾ മാതൃഭാഷയിലാക്കുവാൻ വിവിധ നടപടികൾ ബഹു. ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ പുരോഗമിച്ചു വരുന്നു. ഇതിന്റെയെല്ലാം ഭാഗമായിട്ടാണ് നിയമവകുപ്പ് സുപ്രീംകോടതിയുടെയും, ഹൈക്കോടതിയുടെയും കാലികപ്രസക്തവും പ്രധാനപ്പെട്ടതുമായ വിധിന്യായങ്ങളും വിധികളുടെ പ്രസക്തഭാഗങ്ങളും ലളിതമായ ഭാഷയിൽ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി 'നിയമധ്വനി' പ്രസിദ്ധീകരിച്ചു വരുന്നത്. സാമൂഹ്യ നിയമ അവബോധം മാതൃഭാഷയിൽ ജനങ്ങൾക്ക് ലഭ്യമാക്കണമെന്ന ഉദ്ദേശ്യത്തോടെ കാലികപ്രസക്തമായ വിവിധ നിയമങ്ങൾ, ചട്ടങ്ങൾ എന്നിവ അവലോകനം ചെയ്തുകൊണ്ടുള്ള നിയമലേഖനങ്ങൾ കൂടാതെ, ഭരണഭാഷാവാരാഘോഷത്തിന്റെയും ഭരണഘടനാദിനാഘോഷത്തിന്റെയും ഭാഗമായി നിയമവകുപ്പ് സംഘടിപ്പിച്ചുവരുന്ന വിവിധ പരിപാടികൾ സംബന്ധിച്ച വാർത്തകളും ഈ ലക്കം നിയമധ്വനിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഭരണരംഗത്ത് മലയാളഭാഷയുടെ പ്രയോഗം സാർവ്വത്രികമാക്കുന്നതിനും ദുർഘടമായ നിയമവിഷയങ്ങൾ സാധാരണക്കാർക്ക് എളുപ്പത്തിൽ മനസ്സിലാക്കുന്നതിനും കൂടാതെ ജനങ്ങൾക്ക് സാമൂഹ്യ നിയമ അവബോധം ലഭ്യമാകുന്നതിനും ഇത് പ്രയോജന പ്രദമാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് നിയമധ്വനിയുടെ ഈ ലക്കം വായനക്കാർക്കായി സമർപ്പിക്കുന്നു.

നിയമധ്വനിയെക്കുറിച്ചുള്ള വായനക്കാരുടെ അഭിപ്രായങ്ങൾ വിലപ്പെട്ടതാണ്. ഭാഷാപ്രയോഗത്തിലെ പിഴവുകളോ മെച്ചപ്പെട്ട പദപ്രയോഗങ്ങളോ ശ്രദ്ധയിൽപ്പെട്ടാൽ ഞങ്ങളെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**കെ. ജി. സനൽ കുമാർ**
നിയമസെക്രട്ടറി

നിയമവകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം

കേരള സർക്കാർ

# നിയമധ്വനി



നിയമവകുപ്പ് പ്രസിദ്ധീകരണം


## പത്രാധിപസമിതി

ചീഫ് എഡിറ്റർ
**കെ. ജി. സനൽ കുമാർ**
നിയമസെക്രട്ടറി

എഡിറ്റർ
**ഷിബു തോമസ്**
അഡീഷണൽ നിയമസെക്രട്ടറി

അംഗങ്ങൾ

**ജാക്വിലിൻ ഇ. ഡബ്ള്യു.**
ജോയിന്റ് സെക്രട്ടറി

**ഗായത്രി എം. എം.**
സെക്ഷൻ ഓഫീസർ

**ആലീസ് കെ. പി.**
അസിസ്റ്റന്റ് ലീഗൽ ഓഫീസർ

**അനന്ത കൃഷ്ണൻ എ. കെ.**
ലീഗൽ അസിസ്റ്റന്റ്

രൂപകൽപ്പന

രൂപകൽപന വിഭാഗം
അച്ചടി വകുപ്പ്, ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,
തിരുവനന്തപുരം



അച്ചടി

ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല, തിരുവനന്തപുരം-2026


---

മാന്യവായനക്കാരുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കുക


വിലാസം

നിയമ (ഔദ്യോഗികഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം 695 001
ഫോൺ : 04712517064, 04712517066
email.id: so.olpc.law@kerala.gov.in

# ഉൾത്താളുകളിൽ


**I. സുപ്രീം കോടതി വിധിന്യായങ്ങൾ** **3**

1. പ്രദീപ് ഭരദ്വാജ് V. പ്രിയ 5
2. സതൗരം മാണ്ഡവി V. ഛത്തീസ്ഗഢ് സംസ്ഥാനവും മറ്റൊരാളും 10

**II. ഹൈക്കോടതി വിധിന്യായങ്ങൾ** **13**

1. ഡോ.സതീഷ്ശങ്കരൻനമ്പൂതിരി V. കേരള സംസ്ഥാനവും മറ്റുള്ളവരും 15
2. ഹുസൈനും മറ്റൊരാളും V. കേരള സംസ്ഥാനവും മറ്റൊരാളും 20
3. മഞ്ജു എസ്. കൃഷ്ണ @ മഞ്ജു മഹേഷ് V. മഹേഷ് കുമാർ 23

**III. സുപ്രീം കോടതി വിധി : സംക്ഷിപ്തം** **28**

പി. ശാന്തി പുഗഴേന്തി V. എസ്.പി.ഇ./സി.ബി.ഐ./എ.സി.ബി./ചെന്നൈ-പോലീസ് ഇൻസ്പെക്ടർ പ്രതിനിധീകരിക്കുന്ന സംസ്ഥാനം 29

**IV. കേരള ഹൈക്കോടതി വിധി : സംക്ഷിപ്തം** **33**

ഷിഹാബ് V. കേരള സംസ്ഥാനവും മറ്റൊരാളും 35

**V. സുപ്രധാനവിധികൾ ഒറ്റനോട്ടത്തിൽ** **37**

1. കെ. രാമചന്ദ്രൻ V. ഗോപി 39
2. അമലേഷ് കുമാർ V. ബീഹാർ സംസ്ഥാനം 40
3. സുരേഷ് V. ഉത്തർപ്രദേശ് സംസ്ഥാനം 41
4. നദീം അഹമ്മദ് V. സ്റ്റേറ്റ് ഓഫ് വെസ്റ്റ് ബംഗാൾ 42
5. യൂണിയൻ ഓഫ് ഇന്ത്യ V. സജീബ് റോയ് 43
6. ഭാരത് കോക്കിംഗ് കോൾ ലിമിറ്റഡ്, ധൻബാദ് V. ഷാദിയോ ദാസ് 44
7. ഷാ സമീർ ഭരത്ഭായി V. ഗുജറാത്ത് സംസ്ഥാനം 45

**VI. ലേഖനങ്ങൾ** **47**

1. ചില സവിശേഷ നിയമങ്ങൾ-ഒരു കേരള സ്റ്റോറി 49
   (രഹ്ന വി. എം., അഡീഷണൽ നിയമ സെക്രട്ടറി, നിയമ വകുപ്പ്. )
2. ശിശുഹത്യ (Infanticide) കുറ്റവും ശിക്ഷാ ഇളവും 54
   (ദിപിൻ റോയ് എസ്. എൽ., സെക്ഷൻ ഓഫിസർ, നിയമ വകുപ്പ്.)

VII. വേറിട്ടവിധികൾ 61

റിസർവേഷൻ ടിക്കറ്റുകൾ ഉണ്ടായിരുന്നിട്ടും ട്രെയിനിൽ കയറാൻ കഴിയാതെ വന്ന മുതിർന്ന പൗരന്മാരായ യാത്രക്കാർക്ക് നഷ്ടപരിഹാരം നൽകാൻ ഇന്ത്യൻ റെയിൽവേയ്ക്ക് നിർദ്ദേശം

VIII. നിയമപദപരിചയം 63

IX. നിയമസൂക്തങ്ങൾ 65

X. മാനകപദാവലി 67

XI. നിയമലോകം 69

XII. പതിനഞ്ചാം കേരളനിയമസഭയുടെ 14-ാം സമ്മേളനത്തിൽ ആക്റ്റ് ആയ ബില്ലുകൾ 71

XIII. നിയമവകുപ്പ് വാർത്തകൾ 72




# സുപ്രീം കോടതി

## വിധിന്യായങ്ങൾ

**സുപ്രീം കോടതി മുമ്പാകെ**

**സിവിൽ അപ്പീൽ അധികാരിത**

**ബഹു. ജസ്റ്റിസ് വിക്രം നാഥ്**

**&**

**ബഹു. ജസ്റ്റിസ് സന്ദീപ് മേത്ത**

സിവിൽ അപ്പീൽ നം. 9502 / 2025

[എസ്.എൽ.പി. (സിവിൽ) നമ്പർ 18430/2019-ൽ നിന്ന് ഉത്ഭവിച്ചത്]

**പ്രദീപ് ഭരദ്വാജ്  - അപ്പീൽവാദി**

v.

**പ്രിയ - എതിർകക്ഷി**

(15.07.2025-ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

എതിർവാദങ്ങൾ പരിഗണിച്ചപ്പോൾ ഈ കോടതിയെ പ്രധാനമായി സ്വാധീനിച്ച രണ്ട് ഘടകങ്ങളുണ്ട്. ഒന്നാമതായി, അപ്പീൽവാദിയായ ഭർത്താവിനും അയാളുടെ കുടുംബാംഗങ്ങൾക്കുമെതിരെ ക്രൂരത ആരോപിച്ച് എതിർകക്ഷി ഫയൽ ചെയ്ത കേസിൽ അയാളെ കുറ്റവിമുക്തനാക്കി എന്നതാണ്. രണ്ടാമതായി, 2009 ഒക്ടോബർ മാസം മുതൽ, അതായത് ഏകദേശം കഴിഞ്ഞ പതിനാറ് വർഷമായി, കക്ഷികൾ വേർപിരിഞ്ഞാണ് താമസിക്കുന്നത് എന്നുള്ളത് സമ്മതിച്ചിട്ടുള്ള വസ്തുതയാണ്.

വിവാഹബന്ധം അന്തസ്സിലും, പരസ്പര ബഹുമാനത്തിലും, പങ്കാളിത്തത്തിലും അടിസ്ഥാനമാക്കിയുള്ളതാണെന്നും, ഈ അടിസ്ഥാന മൂല്യങ്ങൾ അപരൃഹാരൃമായവിധം നഷ്ടപ്പെടുന്നിടത്ത്, ദമ്പതികളെ നിയമം മൂലം പരസ്പര ബന്ധിതരായി തുടരാൻ നിർബന്ധിക്കുന്നത് പ്രയോജനരഹിതമാണെന്നും ഈ കോടതി സ്ഥിരമായി പ്രസ്താവിച്ചിട്ടുള്ളതാണ്. അമുത v. എ.ആർ. സുബ്രഹ്മണ്യം എന്ന കേസിൽ ദമ്പതികളുടെ ക്ഷേമത്തിനും അന്തസ്സിനും മുൻഗണന നൽകണമെന്നും, നിർജ്ജീവമായ ഒരു ദാമ്പത്യബന്ധം തുടരാൻ നിർബന്ധിക്കുന്നത് മാനസികക്ലേശവും സാമൂഹിക സമ്മർദ്ദവും നിലനിർത്താൻ മാത്രമേ സഹായിക്കൂ എന്നും ഈ കോടതി ഊന്നിപ്പറഞ്ഞിട്ടുണ്ട്.

ഈ കേസിൽ, സമ്പൂർണ്ണമായ വേർപിരിയലും ദീർഘകാലത്തെ അകൽച്ചയും കാരണം, വീണ്ടെടുക്കാനാവാത്ത വിധം ദാമ്പത്യബന്ധത്തകർച്ച സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്. ആ ബന്ധത്തെ ഒരു വിധത്തിലും രക്ഷിക്കാൻ കഴിയില്ല. മാത്രമല്ല, കഴിഞ്ഞ പതിനഞ്ച് വർഷത്തിലേറെയായി നീണ്ടുനിന്ന ഈ ദാമ്പത്യ കലഹത്തിൽപ്പെട്ട് ഇരു കക്ഷികളും അവരുടെ യൗവനത്തിന്റെ നല്ല കാലം പാഴാക്കി.

വിധിന്യായം

ജസ്റ്റിസ് വിക്രം നാഥ്

1. അനുമതി നൽകുന്നു.

2. ഡൽഹി ഹൈക്കോടതി മാറ്റ് അപ്പീൽ (എഫ്.സി.) നമ്പർ 54/2018-ൽ പാസാക്കിയ 26.02.2019-ലെ അന്തിമ വിധിക്കും ഉത്തരവിനുമെതിരെയാണ് അപ്പീൽ വാദിയായ ഭർത്താവ് നിലവിലെ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. ടി കേസിൽ അപ്പീൽവാദി സമർപ്പിച്ച മാട്രിമോണിയൽ അപ്പീൽ ഹൈക്കോടതി തള്ളുകയും കക്ഷികൾക്ക് വിവാഹമോചനം നൽകാൻ വിസമ്മതിക്കുകയും ചെയ്തിരുന്നു.

3. അപ്പീൽവാദിയായ ഭർത്താവും എതിർകക്ഷിയായ ഭാര്യയും തമ്മിൽ 07.05.2008-ന് ഡൽഹിയിൽ വെച്ച് ഹിന്ദു ആചാര-അനുഷ്ഠാനങ്ങൾക്ക് അനുസൃതമായി നടന്ന വിവാഹത്തിൽ നിന്നുമാണ് നിലവിലെ അപ്പീലിന് ആധാരമായ വസ്തുതകൾ ഉണ്ടായിട്ടുള്ളത്. 25.03.2009-ന് ടി വിവാഹബന്ധത്തിൽ അവർക്ക് ഒരു ആൺകുട്ടി ജനിക്കുകയും ആ കുട്ടി എതിർകക്ഷിയുടെ പരിചരണത്തിലും സംരക്ഷണത്തിലും തുടരുകയും ചെയ്യുന്നു. വിവാഹം കഴിഞ്ഞ് താമസിയാതെ കക്ഷികൾ തമ്മിൽ തർക്കങ്ങൾ ഉടലെടുക്കുകയും 2009 ഒക്ടോബർ മാസം മുതൽ ഇരുവരും വേർപിരിഞ്ഞ് താമസിച്ചുവരികയുമാണ്.

4. 1955-ലെ ഹിന്ദു വിവാഹ ആക്റ്റിലെ 13(1)(a) വകുപ്പ് പ്രകാരം, ക്രൂരത ആരോപിച്ച് കൊണ്ട് വിവാഹബന്ധം വേർപെടുത്തണമെന്ന് ആവശ്യപ്പെട്ട് അപ്പീൽവാദി ഡൽഹിയിലെ തിസ് ഹസാരിയിലുള്ള കുടുംബ കോടതിയിൽ 377/2010 നമ്പർ എച്ച്.എം.എ. മുഖേന വിവാഹമോചന ഹർജി സമർപ്പിച്ചിരുന്നു. അപ്പീൽവാദിയുടെ രോഗിയായ മാതാവിന്റെ സ്വത്ത് കൈക്കലാക്കാനുള്ള ഉദ്ദേശ്യത്തോടെ എതിർകക്ഷി പതിവായി അവരെ മർദിക്കുകയും, പീഡിപ്പിക്കുകയും ചെയ്തിരുന്നു എന്നതാണ് വിവാഹമോചനം തേടാനുള്ള ഒരു കാരണം. എതിർകക്ഷി തന്നെ ശാരീരികമായി അക്രമിച്ചിവെന്നും, അവൾ വിവാഹേതര ബന്ധം പുലർത്തിവരുന്നുയെന്നും, സഹോദരന്റെ സഹായത്തോടെ അയാളെ അക്രമിച്ചുവെന്നുമുള്ള ആരോപണങ്ങൾ കൂടി അപ്പീൽവാദി എതിർകക്ഷിക്കെതിരെ ഉന്നയിച്ചു.

5. എതിർകക്ഷി എല്ലാ ആരോപണങ്ങളും നിഷേധിക്കുകയും, അപ്പീൽവാദി തനിക്കും അവരുടെ പ്രായപൂർത്തിയാകാത്ത കുട്ടിക്കും ചെലവിനായി യാതൊന്നും നൽകുന്നില്ലെന്ന് അവകാശപ്പെടുകയും ചെയ്തുകൊണ്ട് വിവാഹമോചന ഹർജിയെ എതിർത്തു. 2009 ഒക്ടോബർ മാസം മുതൽ അപ്പീൽവാദി തന്നെയും അവരുടെ പ്രായപൂർത്തിയാകാത്ത കുട്ടിയെയും ഉപേക്ഷിച്ചുവെന്നും, അവർ ഒരുമിച്ച് ജീവിച്ച കാലയളവിൽ പോലും, അപ്പീൽവാദിയുടെയും കുടുംബാംഗങ്ങളുടെയും ഭാഗത്തു നിന്ന് നിരന്തരമായ അവഗണനയും പീഡനവും നേരിടേണ്ടി വന്നിട്ടുണ്ടെന്നും എതിർകക്ഷി അവകാശപ്പെട്ടു.

6. 23.11.2017-ലെ ഉത്തരവിലൂടെ കുടുംബ കോടതി, അപ്പീൽവാദി ഉന്നയിച്ച കേസ് വിശ്വസനീയമല്ലെന്നും സ്വീകാര്യതയില്ലെന്നും പ്രസ്താവിച്ചുകൊണ്ട് വിവാഹമോചന ഹർജി തള്ളി. എതിർകക്ഷിക്കെതിരെയുള്ള ക്രൂരത സംബന്ധിച്ച ആരോപണവും അതുപോലെ വസ്തുക്കളുടെ ഉടമസ്ഥാവകാശം മാറ്റിയെടുക്കാൻ അവൾ ആഗ്രഹിച്ചിരുന്നു എന്ന ആരോപണവും സമർത്ഥിക്കപ്പെട്ടിട്ടില്ലെന്ന് കണ്ടെത്തി. അതിനാൽ, ക്രൂരത ആരോപിച്ച് വിവാഹമോചനം ആവശ്യപ്പെട്ട അപ്പീൽ വാദിയുടെ ഹർജി കുടുംബ കോടതി തള്ളി.

7. വിവാഹമോചന ഹർജി പരിഗണനയിലിരിക്കെ, അപ്പീൽവാദി എതിർകക്ഷിയിൽ നിന്ന് ജീവനാംശം ആവശ്യപ്പെട്ട് 1955-ലെ ഹിന്ദു വിവാഹ ആക്റ്റിന്റെ 24-ാം വകുപ്പ് പ്രകാരം അപേക്ഷ നൽകുകയും, 12.03.2012-ലെ ഉത്തരവ് മുഖേന അത് തള്ളുകയും ചെയ്തിരുന്നു. എന്നാൽ, 1955-ലെ ഹിന്ദു വിവാഹ ആക്റ്റിന്റെ

24ഉം, 26ഉം വകുപ്പുകൾ പ്രകാരം എതിർകക്ഷി സമർപ്പിച്ച അപേക്ഷയിൽ, വ്യവഹാര ചെലവുകൾക്കായി 5,000 രൂപ നൽകാൻ നിർദ്ദേശിച്ചതിന് പുറമേ അവൾക്കും അവരുടെ കുട്ടിക്കും പ്രതിമാസം 4,500 രൂപ ജീവനാംശമായി നൽകാൻ അപ്പീൽവാദിയോട് നിർദ്ദേശിച്ചു. വിധി പുറപ്പെടുവിക്കുന്ന തീയതി വരെ മുകളിൽ സൂചിപ്പിച്ച വ്യവസ്ഥകൾ പ്രകാരം എതിർകക്ഷിക്ക് ജീവനാംശം നൽകാൻ അപ്പീൽവാദി ബാധ്യസ്ഥനാണെന്ന് അന്തിമ വിധിന്യായത്തിലൂടെ കുടുംബ കോടതി വിധിച്ചിരുന്നു.

8. വിവാഹമോചന ഹർജി തള്ളിയതിൽ ആവലാതിപ്പെട്ടുകൊണ്ട് അപ്പീൽവാദി 23.11.2017-ലെ ഉത്തരവിനെതിരെ ഡൽഹി ഹൈക്കോടതിയിൽ അപ്പീൽ നൽകിയിരുന്നു.

9. കക്ഷികൾ ദീർഘകാലമായി വേർപിരിഞ്ഞിരിക്കുന്നതിനാലും, ഇരു കക്ഷികളും തമ്മിൽ പുലർത്തി വരുന്ന നിരന്തരമായ ശത്രുതാമനോഭാവത്താലും സംഭവിച്ചിരിക്കുന്ന വീണ്ടെടുക്കാനാകാത്ത വിധത്തിലുള്ള വിവാഹബന്ധത്തകർച്ചയാണ് വിവാഹമോചനം ആവശ്യപ്പെടുന്നതിനുള്ള പരിമിതമായ കാരണം എന്ന് അപ്പീൽവാദി ഹൈക്കോടതിയിൽ ശക്തമായി വാദിച്ചു. വിവാഹമോചനം അനുവദിക്കുന്നതിനെ എതിർകക്ഷി എതിർത്തിരുന്നു.

10. 26.02.2019-ലെ ചോദ്യം ചെയ്യപ്പെട്ട ഉത്തരവിലൂടെ, കുടുംബ കോടതിയുടെ തീരുമാനം ഹൈക്കോടതി ശരിവക്കുകയും, ക്രൂരത തെളിയിക്കുന്നതിൽ അപ്പീൽവാദി പരാജയപ്പെട്ടുവെന്നും, ക്രൂരതയെ വീണ്ടെടുക്കാനാകാത്ത വിധത്തിലുള്ള വിവാഹബന്ധത്തകർച്ചയുമായി കൂട്ടിച്ചേർത്ത് അതിന്റെ അടിസ്ഥാനത്തിൽ വിവാഹമോചന ഉത്തരവ് നൽകുന്നത് ഭാര്യയെയും പ്രായപൂർത്തിയാകാത്ത മകനെയും ഉപേക്ഷിച്ചതിന് ഭർത്താവിനെ ആദരിക്കുന്നതിന് തുല്യമാണെന്നും വിധിക്കുകയും ചെയ്തു. അതനുസരിച്ച്, ഹൈക്കോടതി അപ്പീൽ തള്ളുകയും അപ്പീൽവാദിയിന്മേൽ ചെലവായി 10,000 രൂപ ചുമത്തുകയും ചെയ്തു.

11. ചോദ്യം ചെയ്യപ്പെട്ട ഉത്തരവിൽ ആവലാതിപ്പെട്ടുകൊണ്ടാണ് അപ്പീൽവാദി നമ്മുടെ മുമ്പാകെ വന്നിട്ടുള്ളത്.

12. കക്ഷികൾക്ക് വേണ്ടി ഹാജരായ അഭിഭാഷകരെ കേൾക്കുകയും, രേഖകളായി ഹാജരാക്കിയിട്ടുള്ളവ പരിശോധിക്കുകയും ചെയ്തു.

13. വിവാഹം കഴിഞ്ഞ് കേവലം ഒരു വർഷത്തിനുശേഷം കക്ഷികൾ വേർപിരിഞ്ഞുവെന്നും, അന്നുമുതൽ അവർ വേർപിരിഞ്ഞ് താമസിച്ചുവരികയാണെന്നും അപ്പീൽവാദി സമർപ്പിച്ചു. 16 വർഷത്തിലേറെയായി കക്ഷികൾ വേർപിരിഞ്ഞ് താമസിച്ചുവരികയാണ്. പ്രായോഗികതലത്തിലും നിയമപ്രകാരവുമുള്ള എല്ലാ ആവശ്യങ്ങൾക്കും ടി വിവാഹബന്ധം നിഷ്ഫലമാക്കിക്കൊണ്ട് സഹവാസവും ഒത്തൊരുമിപ്പും പൂർണ്ണമായും ഇല്ലാതെയായി തീർന്നിട്ടുണ്ട്.

14. ഈ ബന്ധം തുടരുന്നത് കൊണ്ട് പ്രയോജനമില്ലെന്നും അത് നീതിയുടെ അവഹേളനത്തിന് തുല്യമാണെന്നും വാദിച്ചിട്ടുണ്ട്.അപ്പീൽവാദിയും എതിർകക്ഷിയും അവരുടെ യൗവനം ദാമ്പത്തിക തകർച്ച സഹിക്കുന്നതിനും അനുരഞ്ജന ശ്രമങ്ങൾക്കുമായി ഇതിനകം പാഴാക്കിയിട്ടുണ്ടെന്നും വാദിച്ചു.

15. കൂടാതെ, അനുരഞ്ജനത്തിന് ഒരു സാധ്യതയുമില്ലെന്നും മധ്യസ്ഥതയിലുടെ കാര്യമായ ഒരു ഫലവും ലഭിച്ചിട്ടില്ലെന്നും കൂടി വാദിച്ചു. ഇത് കൂടാതെ, 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ 498A, 406, 34 എന്നീ വകുപ്പുകൾ പ്രകാരം എഫ്.ഐ.ആർ. 83/2011 മുഖേന എതിർകക്ഷി തുടക്കമിട്ട ക്രിമിനൽ നടപടികളിൽ, 05.07.2019-ലെ വിചാരണ കോടതിയുടെ വിധിന്യായത്തിലൂടെ അപ്പീൽവാദിയെയും അയാളുടെ കുടുംബാംഗങ്ങളെയും കുറ്റവിമുക്തരാക്കിയിരുന്നു. അപ്പീൽവാദിക്കെതിരായ ക്രൂരത, സ്ത്രീധന പീഡനം എന്നീ ആരോപണങ്ങൾ തെറ്റാണെന്ന് അത് തെളിയിക്കുന്നു.

16. മേൽപറഞ്ഞ കാര്യങ്ങൾ കണക്കിലെടുക്കുമ്പോൾ, ശിൽപ ശൈലേഷ് v. വരുൺ ശ്രീനിവാസൻ ഉൾപ്പെടെയുള്ള നിരവധി വിധിന്യായങ്ങളിൽ ഈ കോടതി വ്യക്തമാക്കിയിട്ടുള്ളത് പോലെ വിവാഹമോചനം അനുവദിക്കുന്നതിനുള്ള സാധുവായ കാരണമായ "വീണ്ടെടുക്കാൻ കഴിയാത്ത വിധത്തിലുള്ള വിവാഹബന്ധത്തകർച്ച" എന്ന തത്വത്തിന്റെ പരിധിയിൽ ഈ കേസ് വരുമെന്ന വാദം ഉന്നയിച്ചിട്ടുള്ളതാണ്. മേൽപറഞ്ഞ കേസുകളിൽ വിവാഹബന്ധം വീണ്ടെടുക്കാനാകാത്തവിധം തകർന്ന സാഹചര്യത്തിൽ ഭരണഘടനയുടെ 142-ാം അനുച്ഛേദം പ്രകാരം വിവാഹബന്ധം വേർപെടുത്താനുള്ള ഈ കോടതിയുടെ അധികാരം അംഗീകരിച്ചിട്ടുള്ളതാണ്.

17. നേരെമറിച്ച്, രണ്ട് വിചാരണ കോടതികളിൽ നിന്നും ഉണ്ടായിട്ടുള്ളത് തനിക്ക് അനുകൂലമായ കണ്ടെത്തലുകളാണെന്നും, അവയിൽ ഇടപെടരുതെന്നും വാദിച്ച് എതിർകക്ഷി വിവാഹമോചനം അനുവദിക്കുന്നതിനെ എതിർത്തു. അപ്പീൽവാദിക്ക് എതിർകക്ഷിക്കെതിരെയുള്ള ക്രൂരത സംബന്ധിച്ച ആരോപണങ്ങൾ തെളിയിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് വാദിച്ചിട്ടുള്ളതാണ്.

18. ഇതിന് പുറമെ, അപ്പീൽവാദി യാതൊരു ദയയും കാണിക്കാതെ മനുഷ്യത്വരഹിതമായി അവരുടെ വിവാഹബന്ധത്തിൽ നിന്ന് ജനിച്ച കുട്ടിയുടെ പിതൃത്വം നിഷേധിച്ചുവെന്നും, കുട്ടിയുടെയും അവളുടെയും ക്ഷേമത്തെക്കുറിച്ചും സമൂഹത്തിലുള്ള സ്ഥാനത്തെക്കുറിച്ചും അപ്പീൽവാദിക്ക് യാതൊരു വിചാരവും ഇല്ലെന്ന് ഇത് വ്യക്തമാക്കുന്നുവെന്നും വാദിച്ചിട്ടുള്ളതാണ്. ഒരു അച്ഛൻ എന്ന നിലയിലും ഒരു ഭർത്താവ് എന്ന നിലയിലും ഉള്ള തന്റെ ഉത്തരവാദിത്തങ്ങൾ അവഗണിച്ചതിൽ നിന്നും ഉണ്ടായിട്ടുള്ള നേട്ടം പ്രയോജനപ്പെടുത്താൻ അപ്പീൽവാദിയെ അനുവദിക്കാനാവില്ലെന്ന് വാദിച്ചു.

19. അവസാനമായി, 1973-ലെ ക്രിമിനൽ നടപടിക്രമ നിയമ സംഹിതയിലെ 125-ാം വകുപ്പിലെ വ്യവസ്ഥ പ്രകാരം അനുവദിച്ച ജീവനാംശ തുകയായ 7,500/- രൂപ വർദ്ധിപ്പിക്കണമെന്ന് സമർപ്പിച്ചു.

20. ഒന്നാമതായി, ഈ കോടതി രമ്യമായ ഒരു ഒത്തുതീർപ്പിനുള്ള സാധ്യതകൾ ആരായുന്നതിനായി കക്ഷികളെ സുപ്രീം കോടതിയുടെ മധ്യസ്ഥ കേന്ദ്രത്തിലേക്ക് റഫർ ചെയ്തിരുന്നു എന്നത് ശ്രദ്ധേയമാണ്. എന്നാൽ, മധ്യസ്ഥക്കുള്ള ശ്രമങ്ങൾ പരാജയപ്പെടുകയും കക്ഷികൾ കോടതിമുറിയിലേക്ക് തിരികെ വരികയും ചെയ്തു.

21. എതിർവാദങ്ങൾ പരിഗണിച്ചപ്പോൾ ഈ കോടതിയെ പ്രധാനമായി സ്വാധീനിച്ച രണ്ട് ഘടകങ്ങളുണ്ട്. ഒന്നാമതായി, അപ്പീൽവാദിയായ ഭർത്താവിനും അയാളുടെ കുടുംബാംഗങ്ങൾക്കുമെതിരെ ക്രൂരത ആരോപിച്ച് എതിർകക്ഷി ഫയൽ ചെയ്ത കേസിൽ അയാളെ കുറ്റവിമുക്തനാക്കി എന്നതാണ്. രണ്ടാമതായി, 2009 ഒക്ടോബർ മാസം മുതൽ, അതായത് ഏകദേശം കഴിഞ്ഞ പതിനാറ് വർഷമായി, കക്ഷികൾ വേർപിരിഞ്ഞാണ് താമസിക്കുന്നത് എന്നുള്ളത് സമ്മതിച്ചിട്ടുള്ള വസ്തുതയാണ്.

22. വിവാഹബന്ധം അന്തസ്സിലും, പരസ്പര ബഹുമാനത്തിലും, പങ്കാളിത്തത്തിലും അടിസ്ഥാനമാക്കിയുള്ളതാണെന്നും, ഈ അടിസ്ഥാന മൂല്യങ്ങൾ അപരിഹാര്യമായവിധം നഷ്ടപ്പെടുന്നിടത്ത്, ദമ്പതികളെ നിയമം മൂലം പരസ്പര ബന്ധിതരായി തുടരാൻ നിർബന്ധിക്കുന്നത് പ്രയോജനരഹിതമാണെന്നും ഈ കോടതി സ്ഥിരമായി പ്രസ്താവിച്ചിട്ടുള്ളതാണ്. അമുത v. എ.ആർ. സുബ്രഹ്മണ്യം എന്ന കേസിൽ ദമ്പതികളുടെയും ക്ഷേമത്തിനും അന്തസ്സിനും മുൻഗണന നൽകണമെന്നും, നിർജ്ജീവമായ ഒരു ദാമ്പത്യബന്ധം തുടരാൻ നിർബന്ധിക്കുന്നത് മാനസിക ക്ലേശവും സാമൂഹിക സമ്മർദ്ദവും നിലനിർത്താൻ മാത്രമേ സഹായിക്കൂ എന്നും ഈ കോടതി ഊന്നിപ്പറഞ്ഞിട്ടുണ്ട്.

23. ഈ കേസിൽ, സമ്പൂർണ്ണമായ വേർപിരിയലും ദീർഘകാലത്തെ അകൽച്ചയും കാരണം,

വീണ്ടെടുക്കാനാവാത്ത വിധം ദാമ്പത്യബന്ധത്തകർച്ച സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്. ആ ബന്ധത്തെ ഒരു വിധത്തിലും രക്ഷിക്കാൻ കഴിയില്ല. മാത്രമല്ല, കഴിഞ്ഞ പതിനഞ്ച് വർഷത്തിലേറെയായി നീണ്ടുനിന്ന ഈ ദാമ്പത്യ കലഹത്തിൽപ്പെട്ട് ഇരു കക്ഷികളും അവരുടെ യൗവനത്തിന്റെ നല്ല കാലം പാഴാക്കി.

24. നിലവിലെ കേസിൽ, വിവാഹബന്ധം തുടരുന്നത് കക്ഷികൾ തമ്മിലുള്ള ശത്രുതയും വ്യവഹാരവും ആളിക്കത്തിക്കുന്നതിന് മാത്രമേ കാരണമാകൂ എന്നത് പകൽപോലെ വ്യക്തമാണ്, ഇത് നിയമം വിഭാവനം ചെയ്യുന്ന ദാമ്പത്യ ഐക്യത്തിന്റെ അന്തസത്തയ്ക്ക് വിരുദ്ധമാണ്. ക്രൂരത ആരോപിച്ച് എതിർകക്ഷി ഫയൽ ചെയ്ത കേസിൽ അപ്പീൽവാദിയെയും കുടുംബാംഗങ്ങളെയും കുറ്റവിമുക്തരാക്കിയ സാഹചര്യത്തിൽ ഇത് കൂടുതൽ സത്യമായി തോന്നും. ഭർത്താവിനും അയാളുടെ ബന്ധുക്കൾക്കുമെതിരെ വ്യാജക്കേസ് ഫയൽ ചെയ്ത് വാദിച്ച എതിർകക്ഷിയുമായി അപ്പീൽവാദി ഇനിയും ദാമ്പത്യബന്ധം തുടരുമെന്ന് പ്രതീക്ഷിക്കാനാവില്ല.

25. അതിനാൽ, ദീർഘവും വ്യർത്ഥവുമായ നിയമപോരാട്ടങ്ങളുടെ നിഴലിൽ നിന്ന് മുക്തമാക്കി, അവരെ സ്വതന്ത്രമായും സമാധാനപരമായും ജീവിതം നയിക്കാൻ അനുവദിക്കുന്നത് ഇരു കക്ഷികളുടെയും അവരുടെ പ്രായപൂർത്തിയാകാത്ത കുട്ടിയുടെയും ഉത്തമ താൽപ്പര്യമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. വീണ്ടെടുക്കാനാകാത്ത വിധത്തിലുള്ള വിവാഹബന്ധ തകർച്ചയുടെ അടിസ്ഥാനത്തിൽ ഭരണഘടനയുടെ 142-ാം അനുച്ഛേദം പ്രകാരമുള്ള അധികാരം വിനിയോഗിക്കാനും, കക്ഷികൾക്ക് വിവാഹമോചനം നൽകാനുമുള്ള ഉചിതമായ കേസായി ഇതിനെ കോടതി കാണുന്നു.

26. അപ്പീൽവാദി ഒരു സ്വകാര്യ സ്ഥാപനത്തിൽ ക്ലാർക്കായി ജോലി ചെയ്ത് വരികയാണ് എന്നതും, 16 വയസ്സുള്ള പ്രായപൂർത്തിയാകാത്ത മകനെ സ്വന്തമായി പരിപാലിക്കുന്ന ഒരു വീട്ടമ്മയാണ് എതിർകക്ഷി എന്നതും കണക്കിലെടുക്കുമ്പോൾ, എതിർകക്ഷിക്കും അവരുടെ പ്രായപൂർത്തിയാകാത്ത മകനും ജീവനാംശ തുക പ്രതിമാസം 15,000 രൂപയായി ഉയർത്തുന്നത് ന്യായവും നീതിപൂർവ്വവുമാണെന്ന് ഞങ്ങൾ കാണുന്നു.

27. അതനുസരിച്ച്, അപ്പീൽ അനുവദിക്കുകയും 26.02.2019 ലെ ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് റദ്ദാക്കുകയും ചെയ്യുന്നു. ഇന്ത്യൻ ഭരണഘടനയുടെ 142-ാം അനുച്ഛേദം പ്രകാരമുള്ള അധികാരം വിനിയോഗിച്ച്, കക്ഷികൾ തമ്മിലുള്ള വിവാഹം വേർപെടുത്തുകയും അവർക്ക് വിവാഹമോചന ഉത്തരവ് നൽകുകയും ചെയ്യുന്നു. അപ്പീൽവാദി എതിർകക്ഷിക്കും അവരുടെ കുട്ടിക്കും ജീവനാംശമായി പ്രതിമാസം 15,000 രൂപ നൽകേണ്ടതാണ്.

28. ചെലവുകൾ സംബന്ധിച്ച് ഉത്തരവ് പാസാക്കുന്നില്ല.

29. ഇടക്കാല അപേക്ഷ (കൾ) എന്തെങ്കിലും ഉണ്ടെങ്കിൽ, അവ തീർപ്പാക്കുന്നു.

30. അതനുസരിച്ച് രജിസ്ട്രി ഓർഡർ തയ്യാറാക്കേണ്ടതാണ്.

# സുപ്രീം കോടതി മുമ്പാകെ

ക്രിമിനൽ അപ്പീൽ അധികാരിത

**ബഹു. ജസ്റ്റിസ് വിക്രം നാഥ്**

&

**ബഹു. ജസ്റ്റിസ് സന്ദീപ് മേത്ത**

ക്രിമിനൽ അപ്പീൽ നം. ..... / 2025

[എസ്. എൽ. പി. (ക്രിമിനൽ) നമ്പർ 13834/2024-ൽ നിന്ന് ഉത്ഭവിച്ചത്]

**സതൗരം മാണ്ഡവി - അപ്പീൽവാദി**

v.

**ഛത്തീസ്ഗഢ് സംസ്ഥാനവും മറ്റൊരാളും - എതിർകക്ഷികൾ**

(25.07.2025-ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

മുൻകാല പ്രാബല്യത്തോടെ കാഠിന്യം കൂടിയ ശിക്ഷ ചുമത്തുന്നതിനെതിരായ അനുച്ഛേദം 20(1) പ്രകാരമുള്ള ഭരണഘടനാപരമായ നിരോധനം വ്യക്തവും സമ്പൂർണ്ണവുമാണ്. 2019-ലെ പോക്സോ ആക്റ്റിലെ 6-ാം വകുപ്പിൽ വരുത്തിയ ഭേദഗതി മുഖേന കൊണ്ടുവന്നിട്ടുള്ള ഉയർന്ന ശിക്ഷ നൽകിയതിലൂടെ, വിചാരണ കോടതി, ഫലത്തിൽ, കുറ്റം ചെയ്ത സമയത്ത് പ്രാബല്യത്തിൽ ഉള്ള നിയമപ്രകാരം അനുവദനീയമായതിലും ഉയർന്ന ശിക്ഷയ്ക്ക് അപ്പീൽവാദിയെ വിധേയമാക്കി. ഇത് ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 20(1)പ്രകാരമുള്ള നിരോധനത്തിന്റെ വ്യക്തമായ ലംഘനമാണ്.

ഭേദഗതി വരുത്തിയ വ്യവസ്ഥ പ്രകാരമുള്ള “ശിഷ്ട ജീവിതകാലം മുഴുവൻ തടവ് എന്ന് അർത്ഥമാക്കുന്ന ജീവപര്യന്തം തടവ്” എന്ന ശിക്ഷ സംഭവം നടന്ന 20.05.2019-ന് നിയമത്തിന്റെ ചട്ടക്കൂടിൽ ഇല്ലായിരുന്നു. ഭേദഗതി വരുത്തുന്നതിന് മുമ്പുള്ള 6-ാം വകുപ്പ് പ്രകാരം അനുവദനീയമായ പരമാവധി ശിക്ഷ സാധാരണ അർത്ഥത്തിലുള്ള ജീവപര്യന്തം തടവായിരുന്നു, അല്ലാതെ ശിഷ്ട ജീവിത കാലം മുഴുവനുമുള്ള തടവല്ല.

## വിധിന്യായം

## ജസ്റ്റിസ് വിക്രം നാഥ്

1. അനുമതി നൽകുന്നു.

2. വിചാരണ കോടതി 30.11.2021-ൽ പുറപ്പെടുവിച്ച കുറ്റസ്ഥാപന വിധിയെ ചോദ്യം ചെയ്ത് അപ്പീൽവാദി ഫയൽ ചെയ്തിരുന്ന അപ്പീൽ തള്ളിക്കളഞ്ഞുകൊണ്ട് ഛത്തീസ്ഗഢ് ഹൈക്കോടതി 05.09.2023-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ നിന്നാണ് നിലവിലെ അപ്പീൽ ഉത്ഭവിക്കുന്നത്. പ്രസ്തുത വിധിന്യായത്തിലൂടെ, 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ 376AB വകുപ്പ്, 2012-ലെ പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസസ് ആക്റ്റിലെ 6-ാം വകുപ്പ് എന്നിവ പ്രകാരം അപ്പീൽവാദി കുറ്റക്കാരനാണെന്ന് കണ്ടെത്തുകയും അയാളുടെ ശിഷ്ട ജീവിതകാലം മുഴുവൻ തടവ് എന്ന് അർത്ഥമാക്കുന്ന ജീവപര്യന്തം തടവ് ശിക്ഷക്കും, 10,000/- രൂപ പിഴ ശിക്ഷയ്ക്കും വിധിച്ചു.

3. വസ്തുതകൾ ചുരുക്കത്തിൽ ഇപ്രകാരമാണ്:

3.1. 26.06.2019-ന്, ഇരയുടെ പിതാവ് (PW-3) ഛത്തീസ്ഗഢിലെ കൊണ്ടഗാവിലെ വിശ്രാംപൂർ പോലീസ് സ്റ്റേഷനിൽ 37/2019 നമ്പർ എഫ്.ഐ.ആർ. ഫയൽ ചെയ്തു. 20.05.2019-ന് താനും ഭാര്യയും അമ്മയും അവരുടെ രണ്ട് കുട്ടികളെ വീട്ടിലാക്കിയിട്ട് ഗ്രാമത്തിലെ ഒരു വിവാഹ ചടങ്ങിൽ പങ്കെടുക്കാൻ പോയെന്ന് അദ്ദേഹം പറഞ്ഞു. അന്ന് ഏകദേശം 5 വയസ്സ് പ്രായമുള്ള ഇര വീടിന് പുറത്ത് കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. പിന്നീട്, അയാളുടെ ഭാര്യക്ക് അവരുടെ മകളെ കണ്ടെത്താൻ കഴിയാതെ വന്നപ്പോൾ, അവർ അപ്പീൽവാദിയുടെ വീട്ടിൽ ചെന്ന് അവൾ എവിടെയാണെന്ന് അന്വേഷിച്ചു. ഇത് അന്വേഷിച്ചപ്പോൾ അപ്പീൽവാദി ഓടി രക്ഷപ്പെട്ടു.

3.2. ഇരയെ അവന്റെ വീട്ടിലേക്ക് വിളിച്ചുവരുത്തി ബലാത്സംഗം ചെയ്തുവെന്ന് ആരോപിച്ച് അപ്പീൽവാദിക്കെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തു.

3.3. അപ്പീൽവാദിക്കെതിരെ ഐ.പി.സി.യിലെ 376AB വകുപ്പ്, പോക്സോ ആക്ടിലെ 6-ാം വകുപ്പ് എന്നിവ പ്രകാരം വിചാരണ കോടതി കുറ്റം ചുമത്തി.

3.4. മൊഴികളും രേഖാമൂലമുള്ള തെളിവുകളും പരിഗണിച്ച വിചാരണക്കോടതി, അപ്പീൽവാദി പ്രായപൂർത്തിയാകാത്ത ഇരയെ പ്രലോഭിപ്പിച്ച് വീട്ടിലേക്ക് കൊണ്ടുപോയി ബലപ്രയോഗത്തിലൂടെ ബലാത്സംഗം ചെയ്തുവെന്ന് വ്യക്തമായ കണ്ടെത്തൽ രേഖപ്പെടുത്തി. അതനുസരിച്ച് അപ്പീൽവാദിയെ കുറ്റക്കാരനാണെന്ന് കണ്ടെത്തി, പോക്സോ ആക്റ്റിലെ 6-ാം വകുപ്പ് പ്രകാരം അയാളുടെ ശിഷ്ട ജീവിതം മുഴുവൻ ജീവപര്യന്തം തടവിനും പിഴയ്ക്കും ശിക്ഷിച്ചു.

3.5. ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിലെ കുറ്റസ്ഥാപനവും ശിക്ഷയും ഹൈക്കോടതി ശരിവച്ചു. ഇര അഞ്ച് വയസ്സുള്ള കുട്ടിയാണെന്നും, ചെയ്തിട്ടുള്ള കുറ്റം ഗുരുതരവും ഹീനവുമായ സ്വഭാവമുള്ളതാണെന്നുമുള്ള വസ്തുതയുടെ വെളിച്ചത്തിൽ ഒരു ദാക്ഷിണ്യവും കാണിക്കാൻ കഴിയില്ലെന്ന് കോടതി നിരീക്ഷിച്ചു.

3.6. പ്രസ്തുത കുറ്റസ്ഥാപനത്തിലും ശിക്ഷയിലും ദുഃഖിതനായി, അപ്പീൽവാദി ഈ കോടതിയെ സമീപിച്ചു.

4. കക്ഷികൾക്കുവേണ്ടി ഹാജരായ അഭിഭാഷകരെ ഞങ്ങൾ കേട്ടു.

5. 30.09.2024-ലെ ഉത്തരവ് പ്രകാരം, ശിക്ഷയെക്കുറിച്ചുള്ള ചോദ്യത്തിന്മേൽ മാത്രം നോട്ടീസ് പുറപ്പെടുവിച്ചു.

6. സംഭവം 20.05.2019-നാണ് നടന്നത് എന്നാണ് അപ്പീൽവാദിക്ക് വേണ്ടി ഉന്നയിച്ച വാദം. കുറ്റസ്ഥാപനം നടത്തിയിട്ടുള്ളത് പോക്സോ ആക്റ്റിലെ 6-ാം വകുപ്പ് പ്രകാരമാണെങ്കിലും, 16.08.2019-ൽ പ്രാബല്യത്തിൽ വന്ന 2019-ലെ പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസസ് (ഭേദഗതി) ആക്റ്റ് പ്രകാരം ആണ് ഏറ്റവും കുറഞ്ഞ ശിക്ഷ 20 വർഷമായി ഉയർത്തുകയും "ജീവപര്യന്തം തടവ്" എന്നതിനെ

ശിഷ്ട ജീവിതകാലം മുഴുവൻ തടവായി പുനർനിർവചിക്കുകയും ചെയ്തത്. പ്രസ്തുത സംഭവം ഭേദഗതിക്ക് മുമ്പാണ് നടന്നിട്ടുള്ളതിനാൽ, ഭേദഗതി വരുത്തിയ വ്യവസ്ഥകൾ മുൻകാല പ്രാബല്യത്തോടെ പ്രയോഗിക്കുന്നതിൽ ശിക്ഷ വിധിച്ച കോടതിക്ക് പിഴവ് സംഭവിച്ചു എന്നതാണ് അപ്പീൽവാദിയുടെ വാദം.

7. ചെയ്ത കുറ്റകൃത്യത്തിന്റെ സ്വഭാവവും ഗൗരവവും കണക്കിലെടുക്കുമ്പോൾ, അപ്പീൽവാദി യാതൊരു ദയയും അർഹിക്കുന്നില്ലെന്ന് വാദിച്ച് ശിക്ഷയിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിനെ സംസ്ഥാനം എതിർത്തു.

8. 2019 ലെ ഭേദഗതിക്ക് മുൻപ് ഉണ്ടായിരുന്ന പോക്സോ ആക്റ്റിലെ 6-ാം വകുപ്പ് കോടതി ഉദ്ധരിച്ചു.

9. കുറ്റ സ്ഥാപനത്തിന്മേലുള്ള ചോദ്യത്തിൽ കഴമ്പില്ലെന്ന് കണ്ടെത്തിയ ഈ കോടതി, ശിക്ഷാവിധി സംബന്ധിച്ച ചോദ്യത്തിലേക്ക് നോട്ടീസ് പരിമിതപ്പെടുത്തി. എന്നാൽ, കുറ്റകൃത്യം നടന്നത് 20.05.2019-ൽ ആയതിനാൽ, 16.08.2019-ൽ പ്രാബല്യത്തിൽ വന്ന പോക്സോ ആക്റ്റിന്റെ 6-ാം വകുപ്പിലെ ഭേദഗതി വരുത്തിയ വ്യവസ്ഥ അയാളുടെ കേസിൽ പ്രയോഗിക്കാൻ കഴിയുമായിരുന്നില്ല എന്ന അപ്പീൽവാദിയുടെ വാദത്തിൽ കഴമ്പുണ്ടെന്ന് ഞങ്ങൾ കാണുന്നു.

10. ഇതുസംബന്ധിച്ച്, ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 20(1) പ്രസക്തമാണ്, അതിൽ ഇപ്രകാരം പ്രസ്താവിക്കുന്നു :

"20. കുറ്റങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച സംരക്ഷണം—(1) ഒരു കുറ്റമായി ആരോപിക്കപ്പെടുന്ന കൃത്യം ചെയ്ത സമയത്ത് പ്രാബല്യത്തിലുണ്ടായിരുന്ന ഒരു നിയമത്തിന്റെ ലംഘനത്തിനൊഴികെ, യാതൊരാളുടെമേലും ഏതെങ്കിലും കുറ്റം സ്ഥാപിക്കുകയോ, ആ കുറ്റം ചെയ്ത സമയത്ത് പ്രാബല്യത്തിലുണ്ടായിരുന്ന നിയമപ്രകാരം ചുമത്താമായിരുന്നതിൽ കൂടുതലായ ശിക്ഷയ്ക്ക് ആ ആളെ വിധേയനാക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല"

11. മുൻകാല പ്രാബല്യത്തോടെ കാഠിന്യം കൂടിയ ശിക്ഷ ചുമത്തുന്നതിനെ തിരായ അനുച്ഛേദം 20(1) പ്രകാരമുള്ള ഭരണഘടനാപരമായ നിരോധനം വ്യക്തവും സമ്പൂർണ്ണവുമാണ്. 2019-ലെ പോക്സോ ആക്റ്റിലെ 6-ാം വകുപ്പിൽ വരുത്തിയ ഭേദഗതി മുഖേന കൊണ്ടുവന്നിട്ടുള്ള ഉയർന്ന ശിക്ഷ നൽകിയതിലൂടെ, വിചാരണ കോടതി, ഫലത്തിൽ, കുറ്റം ചെയ്ത സമയത്ത് പ്രാബല്യത്തിൽ ഉള്ള നിയമപ്രകാരം അനുവദനീയമായതിലും ഉയർന്ന ശിക്ഷയ്ക്ക് അപ്പീൽവാദിയെ വിധേയമാക്കി. ഇത് ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 20(1)പ്രകാരമുള്ള നിരോധനത്തിന്റെ വ്യക്തമായ ലംഘനമാണ്.

12. ഭേദഗതി വരുത്തിയ വ്യവസ്ഥ പ്രകാരമുള്ള "ശിഷ്ട ജീവിതകാലം മുഴുവൻ തടവ് എന്ന് അർത്ഥമാക്കുന്ന ജീവപര്യന്തം തടവ്" എന്ന ശിക്ഷ സംഭവം നടന്ന 20.05.2019-ന് നിയമത്തിന്റെ ചട്ടക്കൂടിൽ ഇല്ലായിരുന്നു. ഭേദഗതി വരുത്തുന്നതിന് മുമ്പുള്ള 6-ാം വകുപ്പ് പ്രകാരം അനുവദനീയമായ പരമാവധി ശിക്ഷ സാധാരണ അർത്ഥത്തിലുള്ള ജീവപര്യന്തം തടവായിരുന്നു, അല്ലാതെ ശിഷ്ട ജീവിതകാലം മുഴുവനുമുള്ള തടവല്ല.

13. അതനുസരിച്ച്, പോക്സോ ആക്റ്റിലെ 6-ാം വകുപ്പ് പ്രകാരം അപ്പീൽവാദി കുറ്റക്കാരനാണെന്ന കണ്ടെത്തൽ ശരിവയ്ക്കുന്നതിനോടൊപ്പം, ഭേദഗതി വരുത്തുന്നതിന് മുമ്പ് ആക്റ്റിൽ നിന്ന് മനസ്സിലാക്കിയിരുന്നപോലെയുള്ള ജീവപര്യന്തം കഠിനതടവ് എന്ന ശിക്ഷക്ക് വിധിക്കുകയും, ശിഷ്ട ജീവിതകാലം മുഴുവനുമുള്ള തടവ് ശിക്ഷ റദ്ദാക്കുകയും ചെയ്യുന്നു. 10,000/- രൂപയുടെ പിഴ ശിക്ഷനിലനിർത്തുന്നു.

14. മേല്പറഞ്ഞ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ അപ്പീൽ ഭാഗികമായി അനുവദിക്കുന്നു.

15. തീർപ്പാക്കാത്ത അപേക്ഷ(കൾ) ഉണ്ടെങ്കിൽ അവ തീർപ്പാക്കുന്നു.




# ഹൈക്കോടതി

## വിധിന്യായങ്ങൾ

## കേരള ഹൈക്കോടതി മുമ്പാകെ

## ബഹു. ജസ്റ്റിസ് സി. എസ്. ഡയസ്

റിട്ട് ഹർജി (സിവിൽ)നം. 34449/ 2024

**ഡോ.സതീഷ് ശങ്കരൻ നമ്പൂതിരി - ഹർജിക്കാരൻ**

v.

**കേരള സംസ്ഥാനവും മറ്റുള്ളവരും - എതിർകക്ഷികൾ**

(09.06.2025-ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

ചട്ടങ്ങളിലെ ചട്ടം 4(4f) റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നേരിട്ട് വസ്തു പരിശോധന നടത്താനോ അല്ലെങ്കിൽ സെൻട്രൽ/സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി നൽകുന്ന ഉപഗ്രഹ ചിത്രങ്ങളെ ആശ്രയിക്കാനോ ഉള്ള വിവേചനാധികാരം നൽകുന്നു. നേരിട്ട് വസ്തു പരിശോധിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, ഭൂമിയുടെ സ്വഭാവവിശേഷണങ്ങളെ കുറിച്ച് സ്വതന്ത്രമായ അഭിപ്രായം രൂപീകരിക്കാൻ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനെ സഹായിക്കുക എന്നതാണ് ഈ വ്യവസ്ഥയുടെ ലക്ഷ്യം. സ്ഥലത്ത് പോയി അന്വേഷണം നടത്താൻ കമ്മീഷനെ നിയോഗിക്കാൻ കോടതിക്ക് അധികാരം നൽകുന്ന 1908-ലെ സിവിൽ നടപടി നിയമസംഹിതയിലെ 75-ാം വകുപ്പിനും XXVI-ാം ഓർഡറിനും സമാനമാണ് ഈ ചട്ടം. അതിനാൽ, അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ നേരിട്ട് വസ്തു പരിശോധന നടത്താതെ ഉപഗ്രഹ ഡാറ്റ ആവശ്യപ്പെടുകയാണെങ്കിൽ, ടി ചിത്രങ്ങൾക്ക് അർഹമായ പ്രാധാന്യം നൽകേണ്ടത് അദ്ദേഹത്തിന്റെ കടമയാണ്. മറ്റ് ആശ്രയിക്കാവുന്നതോ ദൃഢപ്പെടുത്തുന്നതോ ആയ വസ്തുതകളുടെ അഭാവത്തിൽ, ഉപഗ്രഹ ചിത്രങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞുവരുന്ന കണ്ടെത്തലുകളെ സാരവത്തായ തെളിവായി കണക്കാക്കേണ്ടതുണ്ട്. കൂടാതെ, വ്യക്തമായ ന്യായീകരണമില്ലാതെ അതിനെ അവഗണിക്കാൻ കഴിയില്ല.

### വിധിന്യായം

### ജസ്റ്റിസ് സി. എസ്. ഡയസ്

ഹർജിക്കാരനും പരേതയായ അയാളുടെ സഹോദരിയും ഏറ്റുമാനൂർ വില്ലേജിലെ റീ-സർവേ നമ്പർ 109/1 (പഴയ സർവേ നമ്പർ 237/3) ൽ ഉൾപ്പെട്ടതും എക്സിബിറ്റ് പി 1 വിലയാധാരത്തിൽപ്പെട്ടതുമായ 4.71 ആർ ഭൂമിയുടെ കൂട്ടുടമസ്ഥരാണ്. ഏറ്റുമാനൂർ ജംഗ്ഷനിൽ നിന്ന് ഏകദേശം 250 മീറ്റർ കിഴക്കായിട്ടാണ് ഈ വസ്തു സ്ഥിതി ചെയ്യുന്നത്. ഈ വസ്തുവിന് ആദ്യം 32.77 ആർ വിസ്തൃതി ഉണ്ടായിരുന്നു, അതിൽ നിന്ന് ഏറ്റുമാനൂർ-ഈരാറ്റുപേട്ട സംസ്ഥാന പാതയ്ക്കായി 43 സെന്റ്

ഭൂമിയും പിന്നീട് ഏറ്റുമാനൂർ ബൈപാസ് പദ്ധതിക്കായി 12 ആർ ഭൂമിയും ഒന്നാം എതിർകക്ഷി ഏറ്റെടുത്തിരുന്നു. ഈ വസ്തു പരിവർത്തനം ചെയ്ത ഭൂമിയാണെങ്കിലും, എതിർകക്ഷികൾ അതിനെ നെൽവയലായി തെറ്റായി തരംതിരിച്ച് ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തി. അതിനെ തുടർന്ന് ഹർജിക്കാരൻ, ഡാറ്റാ ബാങ്കിൽ നിന്ന് വസ്തുവിനെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിന്റെയും ചട്ടങ്ങളുടെയും (ചുരുക്കത്തിൽ 'ആക്റ്റും ചട്ടങ്ങളും') ചട്ടം 4 (4d) പ്രകാരമുള്ള ഫോം 5-ലെ എക്സിബിറ്റ് പി 9 അപേക്ഷ സമർപ്പിച്ചു. എന്നിരുന്നാലും, 2-ാം എതിർകക്ഷി എക്സിബിറ്റ് പി 11 ഉത്തരവിലൂടെ ടി അപേക്ഷ നിരസിച്ചു, അത് ഈ കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടിരുന്നു. എക്സിബിറ്റ് പി 13 വിധിന്യായത്തിലൂടെ, 2-ാം എതിർകക്ഷിയോട് അതിൽ പരാമർശിച്ചിരിക്കുന്ന വിധിന്യായങ്ങളിലെ നിയമതത്വങ്ങളുടെയും വസ്തുവിന്റെ ഉപഗ്രഹ ചിത്രങ്ങളുടെയും വെളിച്ചത്തിൽ, അപേക്ഷ പുനഃപരിശോധിക്കാൻ നിർദ്ദേശിച്ചു. വ്യക്തമായ നിർദ്ദേശങ്ങൾക്ക് വിപരീതമായി, ശരിയായി ചിന്തിക്കാതെ 2-ാം എതിർകക്ഷി ചോദ്യം ചെയ്യപ്പെട്ടിട്ടുള്ള എക്സിബിറ്റ് പി 15 ഉത്തരവ് പാസാക്കി. ചോദ്യം ചെയ്യപ്പെട്ടിട്ടുള്ള ഉത്തരവ് പ്രത്യക്ഷത്തിൽ നിയമവിരുദ്ധവും റദ്ദാക്കപ്പെടേണ്ടതുമാണെന്ന് ഹർജിക്കാരൻ വാദിച്ചു.

2. കൃഷി ഓഫീസർ നടത്തിയ സ്ഥലപരിശോധന പ്രകാരം, ഏറ്റുമാനൂർ - പാല, പേരൂർ - പട്ടിത്താനം റോഡുകളുടെ സിഗ്നൽ പോയിന്റിലാണ് അപേക്ഷയിൽ പരാമർശിച്ചിരിക്കുന്ന വസ്തു സ്ഥിതി ചെയ്യുന്നതെന്ന് 2-ാം എതിർകക്ഷി തന്റെ പ്രസ്താവനയിൽ ഉന്നയിച്ചു. സമീപ റോഡുകളിൽ നിന്നും താഴ്ന്നാണ് ഈ ഭൂമി കിടക്കുന്നത്. വൃക്ഷരഹിതവും, പുല്ലും കാട്ടുചേമ്പും കൊണ്ട് നിറഞ്ഞതുമായ തരിശുഭൂമിയായിട്ടാണ് ഇതിനെ വിശേഷിപ്പിക്കുന്നത്. ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ (LLMC) ശിപാർശകളുടെ അടിസ്ഥാനത്തിൽ ഫോം 5-ലെ അപേക്ഷ നിരസിച്ചു. എക്സിബിറ്റ് പി 13 വിധിന്യായത്തിലെ നിർദ്ദേശങ്ങൾക്കനുസരിച്ച്, കൃഷി ഓഫീസർ കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിൽ (ചുരുക്കത്തിൽ "കെഎസ്ആർഇസി') നിന്ന് റിപ്പോർട്ട് വാങ്ങിയിരുന്നു. ചോദ്യം ചെയ്യപ്പെട്ടിട്ടുള്ള ഉത്തരവിൽ നിയമവിരുദ്ധത ഒന്നുമില്ലെന്ന് രണ്ടാം എതിർകക്ഷി വാദിച്ചു.

3. ഹർജിക്കാരന്റെ അഭിഭാഷകൻ ശ്രീ. പി ഹരിദാസിനേയും, സീനിയർ ഗവൺമെന്റ് പ്ലീഡർ ശ്രീമതി കെ കെ പ്രീതയെയും കേട്ടു.

4. വസ്തു താഴ്ന്ന് കിടക്കുന്ന തരിശു ഭൂമിയാണെന്നും, ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിക്ക് മുമ്പ്, അതായത് 12.08.2008-ന് മുമ്പ്, വസ്തു പരിവർത്തനം ചെയ്തതായി സ്ഥാപിക്കുന്നതിന് സാരവത്തായ തെളിവുകളില്ലെന്നും കണ്ടെത്തി, 2-ാം എതിർകക്ഷി എക്സിബിറ്റ് പി 11 ഉത്തരവ് മുഖേന ഫോം 5ലെ അപേക്ഷ നിരസിച്ചു. എക്സിബിറ്റ് പി 13 വിധിന്യായത്തിലൂടെ ഈ കോടതി എക്സിബിറ്റ് പി 11 ഉത്തരവ് ഇനിപ്പറയുന്ന പ്രകാരം റദ്ദാക്കി :

"5. ഹർജിക്കാരൻ ചട്ട പ്രകാരം ഫോം 5-ൽ സമർപ്പിച്ച അപേക്ഷ കൃഷി ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിരസിച്ചു. ഹർജിക്കാരന്റെ ഭൂമി ഡാറ്റാ ബാങ്കിൽ നിന്ന് ഒഴിവാക്കേണ്ടതില്ലെന്ന് പ്രസ്തുത റിപ്പോർട്ടിൽ പ്രസ്താവിച്ചിരുന്നു. നിരവധി കെട്ടിടസമുച്ചയങ്ങളാൽ വളരെയധികം വികസിതമാണ് സമീപ പ്രദേശങ്ങളെന്നും, നെൽവയലായി കൃഷി ചെയ്യാൻ വസ്തു

അനുയോജ്യമാണോ എന്നതിനെക്കുറിച്ച് ചോദ്യം ചെയ്യപ്പെട്ടിട്ടുള്ള ഉത്തരവിൽ പരാമർശിച്ചിട്ടില്ലെന്നും ഹർജിക്കാരൻ വാദിച്ചു.

6. ഭൂമിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് സ്വതന്ത്രമായ ഒരു വിലയിരുത്തലും നടത്താതെ, കൃഷി ഓഫീസറുടെയോ എൽഎൽഎംസിയുടെയോ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം ആർഡിഒയ്ക്ക് നടപടിയെടുക്കാൻ കഴിയില്ലെന്ന് കോടതി, അർത്ഥശാസ്ത്ര വെഞ്ചേഴ്സ് (ഇന്ത്യ) എൽഎൽപി v. കേരള സംസ്ഥാനം [2022 (7) KHC 591], മുരളീധരൻ നായർ ആർ. v. റവന്യൂ ഡിവിഷണൽ ഓഫീസർ [2023 (4) KHC 524] എന്നീ വിധിന്യായങ്ങളിൽ, നിരീക്ഷിച്ചിരുന്നു. ഫോം 5 പ്രകാരം ഫയൽ ചെയ്ത അപേക്ഷ പരിഗണിക്കുമ്പോൾ, ഡാറ്റാ ബാങ്കിൽ നിന്ന് ആ വസ്തുവിനെ നീക്കം ചെയ്യുന്നത് അതിലെ നെൽ കൃഷിയെയും സമീപത്തുള്ള നെൽവ യലുകളെയെയും ബാധിക്കുമോ എന്ന് അധികാരി പരിഗണിക്കേണ്ടതാണെന്നും ഈ കോടതി നിരീക്ഷിച്ചിരുന്നു. അതുപോലെ, ക്ഷമതയുള്ള അധികാരി ഫോം-5-ലെ അപേക്ഷ പരിഗണിക്കുമ്പോൾ, ഡാറ്റാ ബാങ്കിൽ നിന്ന് ഒഴിവാക്കണമെന്ന് അപേക്ഷയിൽ പറഞ്ഞിട്ടുള്ള ഭൂമിയിൽ നെൽകൃഷി സാധ്യമാണോയെന്നുള്ളതും ജലസേചന സൗകര്യങ്ങളുടെ ലഭ്യത ഉൾപ്പെടെ പ്രായോഗികവുമാണോ എന്നുള്ളതിനുമായിരിക്കണം പ്രധാന പരിഗണന എന്ന് അപർണ ശശി മേനോൻ v. റവന്യൂ ഡിവിഷണൽ ഓഫീസർ [2023 KHC Online 592] എന്ന വിധിന്യായത്തിൽ നിരീക്ഷിച്ചിരുന്നു.

7. മുകളിൽ പറഞ്ഞിട്ടുള്ള നിർദ്ദിഷ്ട വസ്തുതകൾ പരിഗണിച്ചിട്ടില്ലെന്നും പകരം, കൃഷി ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് അപേക്ഷ നിരസിച്ചതെന്നും ചോദ്യം ചെയ്യപ്പെട്ട ഉത്തരവിന്റെ പരിശോധന കാണിക്കുന്നു. പ്രസക്തമായ സാഹചര്യങ്ങളെക്കുറിച്ച് ശരിയായും സ്വതന്ത്രമായും ചിന്തിച്ചിട്ടില്ലെന്ന് വ്യക്തമാണ്. അതിനാൽ, ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് റദ്ദാക്കപ്പെടേണ്ടതും വിഷയം പുതുതായി പരിഗണിക്കേണ്ടതുമുണ്ട്.

8. മേൽപറഞ്ഞവയുടെ അടിസ്ഥാനത്തിൽ, എക്സിബിറ്റ് പി 10 ഉത്തരവ് റദ്ദാക്കുകയും, കെഎസ്ആർഇസിയുടെ റിപ്പോർട്ട് അപേക്ഷിച്ച് ലഭിച്ചിട്ടുണ്ടെങ്കിൽ അതും, ചട്ടങ്ങളിലെ ചട്ടം 4 (4f) ൽ പറഞ്ഞിരിക്കുന്ന മറ്റ് പ്രസക്തമായ വസ്തുതകളും പരിഗണിച്ച ശേഷം ഹർജിക്കാരൻ സമർപ്പിച്ച ഫോം 5 അപേക്ഷ പുനഃപരിശോധിച്ച് പുതിയ ഉത്തരവ് പുറപ്പെടുവിക്കാൻ ഞാൻ 3-ാം എതിർകക്ഷിയോട് നിർദ്ദേശിക്കുകയും ചെയ്യുന്നു. മുകളിൽ നിർദ്ദേശിച്ച പ്രകാരമുള്ള ഉത്തരവ്, ഈ വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ പുറപ്പെടുവിക്കേണ്ടതാണ്.''

5. എക്സിബിറ്റ് പി 13 വിധിന്യായം അനുസരിച്ച് 2-ാം എതിർകക്ഷി കെഎസ്ആർഇസി റിപ്പോർട്ട് ആവശ്യപ്പെടുകയും, ആ വസ്തു യഥാർത്ഥത്തിൽ നെൽ വയലായിരുന്നുവെന്ന് ടി റിപ്പോർട്ട് വീണ്ടും സ്ഥിരീകരിക്കുകയും ചെയ്തു. എന്നാൽ 2008-ലെ ഡാറ്റാ പ്രകാരം, ഈ വസ്തു അങ്ങിങ്ങായ സസ്യജാലങ്ങളോടു കൂടി തരിശായി കിടക്കുകയാണ്. തുടർന്നുള്ള വർഷങ്ങളിലും ഇതേ അവസ്ഥ തുടർന്നിരുന്നു. 2024-ലെ ഡാറ്റാ പ്രകാരം, ഈ വസ്തുവിന് സമീപം ഒരു റോഡ് കാണാവുന്നതാണ്. 2-ാം എതിർകക്ഷി നടത്തിയ സ്ഥലപരിശോധനയിൽ, വസ്തു രണ്ട് റോഡുകളാൽ നിലവിൽ വിഭജിക്കപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തി. ഈ വസ്തു റോഡ് നിരപ്പിൽ നിന്ന് 12 അടി താഴ്ചയിൽ വെള്ളം കെട്ടിനിൽക്കുന്ന ചതുപ്പുനിലമാണ്. ടി ഭൂമിയുടെ പരിവർത്തനം ആവാസവ്യവസ്ഥയെ ബാധിക്കും. അതിനാൽ, ഫോം 5 അപേക്ഷ നിരസിച്ചു.

6. ചോദ്യം ചെയ്യപ്പെട്ടിട്ടുള്ള എക്സിബിറ്റ് പി 15 ഉത്തരവിൽ നിന്ന് മനസ്സിലാക്കുന്നത് കെഎസ്ആർഇസി റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ ഉൾപ്പെടുത്തി എന്നല്ലാതെ, എക്സിബിറ്റ് പി 11 ഉത്തരവിലെ അതേ കണ്ടെത്തലുകൾ തന്നെയാണ് 2-ാം എതിർകക്ഷി ആവർത്തിച്ചിരിക്കുന്നത്. 12.08.2008-ൽ വസ്തുവിനുണ്ടായിരുന്ന സ്വഭാവവിശേഷണങ്ങൾ സ്വതന്ത്രമായി വിലയിരുത്തുന്നതിനുള്ള എക്സിബിറ്റ് പി 13 വിധിന്യായത്തിലെ നിർദ്ദേശവും അതിൽ പരാമർശിച്ചിരിക്കുന്ന വിധിന്യായങ്ങളിൽ പറഞ്ഞിരിക്കുന്ന നിയമവും പാലിക്കുന്നതിൽ 2-ാം എതിർകക്ഷി പരാജയപ്പെട്ടു.

7. ഏറ്റുമാനൂർ-പാല, പേരൂർ-പട്ടിത്താനം റോഡുകൾ ചേരുന്ന ജംഗ്ഷനിലാണ് വസ്തു സ്ഥിതി ചെയ്യുന്നതെന്നും, പക്ഷേ അത് റോഡിൽ നിന്ന് താഴ്ന്ന് കിടക്കുന്ന തരിശുഭൂമിയാണെന്നും കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുപോലെ, 2008 ലെ ഡാറ്റ പ്രകാരം, അങ്ങിങ്ങായി സസ്യജാലങ്ങളോടുകൂടി വസ്തു തരിശായി കിടക്കുകയാണെന്ന് കെഎസ്ആർഇസി റിപ്പോർട്ട് സ്ഥിരീകരിക്കുന്നു. രണ്ട് ഭൂമി ഏറ്റെടുക്കലുകളുമായി ബന്ധപ്പെട്ട ഈ ഭൂമി ദോഷകരമായി വിഭജിക്കപ്പെട്ടിട്ടുണ്ട് എന്നതിലും തർക്കമില്ല.

8. എക്സിബിറ്റ് പി 13 വിധിന്യായത്തിൽ പരാമർശിച്ചിരിക്കുന്ന വിധികൾ കൂടാതെ, മാതർ നഗർ റസിഡന്റ്സ് അസോസിയേഷനും മറ്റൊരാളും v. എറണാകുളം ഡിസ്ട്രിക്റ്റ് കളക്ടറും മറ്റുള്ളവരും (2020 (2) KHC 94) എന്ന കേസിൽ, തരിശായിട്ടുള്ളതോ ചില സമയങ്ങളിൽ വെള്ളക്കെട്ടുള്ളതോ ആയ താഴ്ന്ന് കിടക്കുന്ന പ്രദേശത്തെ ആ കാരണത്താൽ മാത്രം നെൽവയലായോ തണ്ണീർത്തടമായോ ആക്റ്റ് പ്രകാരം തരംതിരിക്കാൻ കഴിയില്ല എന്ന് ഈ കോടതിയുടെ ഡിവിഷൻ ബെഞ്ച് വിധിച്ചിട്ടുള്ളതാണ്.

9. ചട്ടങ്ങളിലെ ചട്ടം 4(4f) റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നേരിട്ട് വസ്തു പരിശോധന നടത്താനോ അല്ലെങ്കിൽ സെൻട്രൽ/സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി നൽകുന്ന ഉപഗ്രഹ ചിത്രങ്ങളെ ആശ്രയിക്കാനോ ഉള്ള വിവേചനാധികാരം നൽകുന്നു. നേരിട്ട് വസ്തു പരിശോധിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, ഭൂമിയുടെ സ്വഭാവവിശേഷണങ്ങളെ കുറിച്ച് സ്വതന്ത്രമായ അഭിപ്രായം രൂപീകരിക്കാൻ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനെ സഹായിക്കുക എന്നതാണ് ഈ വ്യവസ്ഥയുടെ ലക്ഷ്യം. സ്ഥലത്ത് പോയി അന്വേഷണം നടത്താൻ കമ്മീഷനെ നിയോഗിക്കാൻ കോടതിക്ക് അധികാരം നൽകുന്ന 1908-ലെ സിവിൽ നടപടി നിയമസംഹിതയിലെ 75-ാം വകുപ്പിനും XXVI-ാം ഓർഡറിനും സമാനമാണ് ഈ ചട്ടം. അതിനാൽ, അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ നേരിട്ട് വസ്തു പരിശോധന നടത്താതെ ഉപഗ്രഹ ഡാറ്റ ആവശ്യപ്പെടുകയാണെങ്കിൽ, ടി ചിത്രങ്ങൾക്ക് അർഹമായ പ്രാധാന്യം നൽകേണ്ടത് അദ്ദേഹത്തിന്റെ കടമയാണ്. മറ്റ് ആശ്രയിക്കാവുന്നതോ ദൃഢപ്പെടുത്തുന്നതോ ആയ വസ്തുതകളുടെ അഭാവത്തിൽ, ഉപഗ്രഹ ചിത്രങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞുവരുന്ന കണ്ടെത്തലുകളെ സാരവത്തായ തെളിവായി കണക്കാക്കേണ്ടതുണ്ട്. കൂടാതെ വ്യക്തമായ ന്യായീകരണമില്ലാതെ അതിനെ അവഗണിക്കാൻ കഴിയില്ല.

10. 2-ാം എതിർകക്ഷി നേരിട്ട് വസ്തു പരിശോധിച്ചിട്ടില്ലെന്നും, പകരം അദ്ദേഹം കെഎസ്ആർഇസി റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു എന്നും സമ്മതിക്കുന്നു. ഈ വസ്തു നെൽവയലാണെന്നും നെൽകൃഷിക്ക് അനുയോജ്യമാണെന്നും റിപ്പോർട്ട് തെളിയിക്കുന്നില്ല പകരം, വസ്തു അങ്ങിങ്ങായി സസ്യജാലങ്ങളോടുകൂടി തരിശായി കിടക്കുകയാണെന്നും കരഭൂമി

യാൽ ചുറ്റപ്പെട്ടതാണെന്നും [land-locked] ഇത് സ്ഥാപിക്കുന്നു.

11. നിയാസ് vs. പാലക്കാട് ജില്ലാ കളക്ടർ (2023 KHC 9342) എന്ന കേസിൽ ഈ കോടതി റോഡുകളാൽ ചുറ്റപ്പെട്ട ഒരു വസ്തു നെൽകൃഷിക്ക് സ്വാഭാവികമായും അനുയോജ്യമല്ലെന്ന് വിധിച്ചിട്ടുണ്ടായിരുന്നു.

12. ആക്റ്റ് പ്രകാരം ഒരു ഭൂമിയെ നെൽവയലായോ അല്ലെങ്കിൽ തണ്ണീർത്തടമായോ കണക്കാക്കണമെങ്കിൽ, അത് നെൽവയലോ തണ്ണീർത്തടമോ മാത്രം ആയാൽ പോരാ, 12.08.2008-ന് അത് കൃഷിയോഗ്യവുമായിരിക്കണമെന്നും ഡാറ്റാ ബാങ്കിൽ നിന്ന് അത് നീക്കം ചെയ്യുന്നത് സമീപ പ്രദേശങ്ങളിലെ നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുന്നത് ആയിരിക്കണമെന്നും നിയമം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

13. ഭൂമിയെ തരംതിരിക്കുന്നത് റവന്യൂ രേഖകളെയോ ആധാരങ്ങളെയോ മാത്രം അടിസ്ഥാനത്തിലായിരിക്കരുതെന്നും യഥാർത്ഥ വസ്തുതകളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണമെന്നും, ഐഷാബീവിയും മറ്റൊരാളും v. എറണാകുളം പോലീസ് സൂപ്രണ്ടും മറ്റുള്ളവരും (2014 (3) KHC 678) എന്ന കേസിൽ, ഈ കോടതി അസന്നിഗ്ദ്ധമായി വിധിച്ചിട്ടുണ്ട്.

14. ഈ കേസിൽ, ഭൂമി ഏറ്റെടുക്കലിലൂടെ വസ്തു പൂർവ്വസ്ഥിതിയിൽ ആക്കാനാകാത്തവിധം വിഭജിക്കപ്പെട്ടിട്ടുള്ളതും നിലവിൽ ഏറ്റു മാനൂരിലെ ഒരു പ്രധാന ജംഗ്ഷന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്നതുമാണ്. മുകളിൽ സൂചിപ്പിച്ച റിപ്പോർട്ടുകൾ ആ വസ്തു തരിശുഭൂമിയാണെന്നും കരഭൂമിയാൽ ചുറ്റപ്പെട്ടതാണെന്നും കൃഷിയോഗ്യമല്ലെന്നും കാണിക്കുന്നു. ഈ കോടതി 2-ാം എതിർകക്ഷിയോട് സ്വതന്ത്രമായി വിഷയം പുനഃപരിശോധിക്കാൻ പ്രത്യേകമായി നിർദ്ദേശിച്ചിരുന്നിട്ടും, അദ്ദേഹം അത് ചെയ്യുന്നതിൽ പരാജയപ്പെട്ടു. അതിനാൽ, വിഷയം അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന് വീണ്ടും കൈമാറുന്നതിന് സാധുവായ ഒരു കാരണമോ ന്യായീകരണമോ ഞാൻ കാണുന്നില്ല. അത് 20.07.2022 മുതൽ തന്റെ അപേക്ഷയിൽ തീരുമാനത്തിനായി കഠിന ദുഃഖത്തോടെ കാത്തിരിക്കുന്ന ഹർജിക്കാരന്റെ ദുരിതത്തെ ദീർഘിപ്പിക്കാൻ ഇടയുണ്ട്.

15. കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ ഗിയാൻ പ്രകാശ്, ന്യൂഡൽഹിയും മറ്റൊരാളും v. കെ.എസ്. ജഗന്നാഥനും മറ്റൊരാളും [(1986) 2 SCC 679] എന്ന കേസിൽ അനീതി തടയുന്നതിന്, സർക്കാരിന്റെയോ പൊതു അധികാരിയുടെയോ തലത്തിൽ പാസാക്കേണ്ട നിർദ്ദേശങ്ങൾ കോടതിക്ക് പാസ്സാക്കാമെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി സ്ഥിരീകരിച്ചിട്ടുണ്ട്.

മുകളിൽ പറഞ്ഞ സാഹചര്യത്തിൽ, റിട്ട് ഹർജി താഴെ പറയുന്ന പ്രകാരം ഞാൻ അനുവദിക്കുന്നു:

(i) എക്സിബിറ്റ് പി15 ഉത്തരവ് റദ്ദാക്കുന്നു.

(ii) എക്സിബിറ്റ് പി 9 അപേക്ഷ അനുവദിക്കുന്നു. മുകളിൽ പറഞ്ഞ വസ്തു നെൽകൃഷിക്ക് അനുയോജ്യമല്ലെന്ന് പ്രഖ്യാപിക്കുന്നു.

(iii) ഹർജിക്കാരന്റെ വസ്തു ഡാറ്റാ ബാങ്കിൽ നിന്ന് നീക്കം ചെയ്യാനും അതിനെ തുടർന്നുള്ള വിജ്ഞാപനം പുറപ്പെടുവിക്കാനും അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോട് നിർദ്ദേശിക്കുന്നു.

(iv) ആക്റ്റും ചട്ടങ്ങളും അനുസരിച്ച് റവന്യൂ രേഖകളിൽ തന്റെ വസ്തുവിന്റെ സ്വഭാവം മാറ്റിക്കിട്ടാൻ ഹർജിക്കാരന് സ്വാതന്ത്ര്യമുണ്ട്.

## കേരള ഹൈക്കോടതി മുമ്പാകെ

## ബഹു. ജസ്റ്റിസ് സി. എസ്. ഡയസ്

റിട്ട് ഹർജി (സിവിൽ)നം. 4751/ 2025

**ഹുസൈനും മറ്റൊരാളും - ഹർജിക്കാർ**

v.

**കേരള സംസ്ഥാനവും മറ്റുള്ളവരും - എതിർകക്ഷികൾ**

(10.06.2025-ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

രേഖാമൂലമുള്ള തെളിവും ഹർജിക്കാരുടെയും അവരുടെ സാക്ഷികളുടെയും മൊഴികളും സ്വീകരിച്ച ശേഷമാണ് 4-ാം എതിർകക്ഷി വിവാഹം രജിസ്റ്റർ ചെയ്തത്. മുകളിൽ പറഞ്ഞ വസ്തുതകൾ സംബന്ധിച്ച രേഖകൾ ഹാജരാക്കുകയും വിവാഹം നടന്നുവെന്ന് സ്വമേധയാ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുള്ളതിനാൽ, സാധുവായ വിവാഹമില്ലെന്ന് വാദിക്കുന്നതിൽ നിന്നും ഹർജിക്കാർ നിയമംമൂലം തടയപ്പെട്ടിരിക്കുന്നു. 13-ാം ചട്ടപ്രകാരം രജിസ്ട്രാർക്ക് മേൽപറഞ്ഞ തർക്കത്തിലുള്ള വസ്തുതാപരമായ ചോദ്യത്തിന് തീർപ്പുകൽപ്പിക്കാൻ അധികാരിതയില്ല. ക്ഷമതയുള്ള ഒരു സിവിൽ കോടതിയാണ് വിവാഹത്തിന്റെ സാധുത, കക്ഷികളുടെ വൈവാഹിക പദവി എന്നിവയെക്കുറിച്ചുള്ള ചോദ്യങ്ങൾ തീരുമാനിക്കേണ്ടത്.

### വിധിന്യായം

### ജസ്റ്റിസ് സി. എസ്. ഡയസ്

2014 നവംബറിൽ ഹർജിക്കാർ കുറച്ച് ദിവസം ഒരുമിച്ച് താമസിച്ചിരുന്നു. നിയമപരമായ പ്രത്യാഘാതങ്ങളും സാമൂഹിക പ്രശ്നങ്ങളും ഒഴിവാക്കുന്നതിനായി, അവർ അവരുടെ വിവാഹം 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിൻ (ചുരുക്കത്തിൽ 'ചട്ടങ്ങൾ') കീഴിൽ എക്സിബിറ്റ് പി 1 വിവാഹ സർട്ടിഫിക്കറ്റ് പ്രകാരം രജിസ്റ്റർ ചെയ്തു. കുറച്ച് നാളുകൾക്ക് ശേഷം അവരുടെ ബന്ധത്തിൽ ചില അസ്വാരസ്യങ്ങൾ ഉടലെടുക്കുകയും കഴിഞ്ഞ 10 വർഷമായി അവർ വേർപിരിഞ്ഞ് താമസിക്കുകയും ചെയ്യുന്നു. 1-ാം ഹർജിക്കാരൻ മുസ്ലീമും, 2-ാം ഹർജിക്കാരി ഹിന്ദുവുമാണ്. അവരുടെ വിവാഹം 1954-ലെ പ്രത്യേക വിവാഹ ആക്റ്റ് പ്രകാരം നടത്തിയിട്ടില്ലാത്തതിനാൽ സാധുവായ വിവാഹമില്ല. എന്നിരുന്നാലും, അവരുടെ വിവാഹം അനുചിതമായി രജിസ്റ്റർ ചെയ്തിരിക്കുന്നതിനാൽ, അവർ നിയമപരമായി വിവാഹിതരാണെന്ന തെറ്റായ ധാരണ അത് നൽകുന്നു. അതനുസരിച്ച്, ഹർജിക്കാർ 4-ാം എതിർകക്ഷി മുമ്പാകെ സർട്ടിഫിക്കറ്റ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് ഒരു സംയുക്ത അപേക്ഷ സമർപ്പിച്ചു. എന്നാൽ, 4-ാം എതിർകക്ഷി എക്സിബിറ്റ് പി 3 കത്തിലൂടെ, സർട്ടിഫിക്കറ്റ് റദ്ദാക്കാൻ വ്യവസ്ഥയില്ലെന്ന് പറഞ്ഞ് അപേക്ഷ നിരസിച്ചു. ചട്ടങ്ങളിലെ 13-ാം ചട്ടം സർട്ടിഫിക്കറ്റ് റദ്ദാക്കാൻ 4-ാം എതിർകക്ഷിയെ അധികാരപ്പെടുത്തുന്നു. മേൽപ്പറഞ്ഞ ചട്ടം പരിഗണിക്കാതെയാണ് ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് പാസാക്കിയിരിക്കുന്നത്. എക്സിബിറ്റ് പി3 കത്ത് നീതീകരിക്കാൻ കഴിയാത്തതാണ്.

2. ചട്ടങ്ങൾക്കനുസൃതമായാണ് വിവാഹം രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് അവകാശപ്പെട്ടുകൊണ്ട് 3-ാം എതിർ കക്ഷി ഒരു പ്രസ്താവന ഫയൽ ചെയ്തു. അനുബന്ധം ആർ 3 (എ) മെമ്മോറാണ്ടം, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ (ചുരുക്കത്തിൽ "എൽ.എസ്.ജി.ഐ') അംഗം നൽകിയ അനുബന്ധം ആർ 3 (സി) പ്രഖ്യാപനം, ഹർജിക്കാരുടെ വിവാഹം 19.10.2014-ന് 2-ാം ഹർജിക്കാരിയുടെ വസതിയിൽ വച്ച് നടന്നതായി സ്ഥിരീകരിക്കുന്ന അനുബന്ധ രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് 4-ാം എതിർ കക്ഷി വിവാഹം രജിസ്റ്റർ ചെയ്തിട്ടുള്ളത്.ഹർജിക്കാരുടെയും സാക്ഷികളുടെയും മൊഴികൾ രേഖകളെ ശരിവച്ചു. തങ്ങളുടെ വിവാഹം അനുചിതമായോ വഞ്ചനയാലോ രജിസ്റ്റർ ചെയ്തതാണെന്ന് തെളിയിക്കുന്ന ഒരു രേഖയും ഹർജിക്കാർ ഹാജരാക്കിയിട്ടില്ല. 13-ാം ചട്ടപ്രകാരം സർട്ടിഫിക്കറ്റ് റദ്ദാക്കാൻ ഇത് നിർബന്ധമാണ്. എക്സിബിറ്റ് പി 3 കത്തിൽ നിയമവിരുദ്ധതയില്ല.

3. ഹർജിക്കാരുടെ അഭിഭാഷകൻ ശ്രീ. സിബി തോമസ്, ഗവൺമെന്റ് പ്ലീഡർ ശ്രീമതി വിദ്യാ കുര്യക്കോസ്, 4-ാം എതിർകക്ഷിയുടെ സ്റ്റാൻഡിങ് കൗൺസൽ ശ്രീ. ആർ. സുരേന്ദ്രൻ എന്നിവരെ കേട്ടു.

4. 2-ാം ഹർജിക്കാരിയുടെ വസതിയിൽ 19.10.2014-ന് തങ്ങളുടെ വിവാഹം നടന്നതായി സ്ഥിരീകരിക്കുന്ന അനുബന്ധം ആർ 3 (എ) മെമ്മോറാണ്ടം ഹർജിക്കാർ സംയുക്തമായി സമർപ്പിച്ചതിൽ തർക്കമില്ല. ഹർജിക്കാരുടെ വിവാഹ ചടങ്ങിന് സാക്ഷ്യം വഹിച്ചതായി സാക്ഷ്യപ്പെടുത്തുന്ന അനുബന്ധം ആർ 3 (സി) എൽ.എസ്.ജി.ഐ-ലെ അംഗം നൽകിയിട്ടുള്ളതുമാണ്. 19.10.2014-ന് വിവാഹം നടന്നതായി ഹർജിക്കാരും അവരുടെ സാക്ഷികളും വിവാഹം രജിസ്റ്റർ ചെയ്ത തീയതിയിൽ മൊഴി നൽകിയിരുന്നു. മേൽപ്പറഞ്ഞ രേഖകളുടെയും മൊഴികളുടെയും അടിസ്ഥാനത്തിലാണ് 4-ാം എതിർ കക്ഷി വിവാഹം രജിസ്റ്റർ ചെയ്യുകയും എക്സിബിറ്റ് പി 1 സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തത്.

5. അവർ വ്യത്യസ്ത മതവിഭാഗങ്ങളിൽപ്പെട്ടവരായതിനാലും 1954-ലെ പ്രത്യേക വിവാഹ ആക്റ്റ്പ്രകാരം വിവാഹം കഴിച്ചിട്ടില്ലാത്തതിനാലും അവരുടെ വിവാഹം അസാധുവാണെന്ന് ഹർജിക്കാർ ഇപ്പോൾ വാദിക്കുന്നു. അതിനാൽ, ചട്ടങ്ങളിലെ 13-ാം ചട്ടപ്രകാരംസർട്ടിഫിക്കറ്റ് റദ്ദാക്കാവുന്നതാണ്.

6. ഈ സാഹചര്യത്തിൽ, 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ 13-ാം ചട്ടം പരാമർശിക്കുന്നത് ആവശ്യമാണ്, അത് താഴെപ്പറയും പ്രകാരം പ്രസ്താവിക്കുന്നു :

13. ഉൾക്കുറിപ്പുകളുടെ തിരുത്തലും റദ്ദാക്കലും.—(1) തദ്ദേശ രജിസ്ട്രാർക്ക്, സ്വമേധയായോ, കക്ഷികൾ മുഖേനയുള്ള അപേക്ഷയിന്മേലോ, വിവാഹ (പൊതു) രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പ്, രൂപത്തിലോ, സാരാംശത്തിലോ, തെറ്റാണെന്നോ അഥവാ വ്യാജമായോ കൃത്യമല്ലാതെയോ ഉണ്ടാക്കിയതാണെന്നോ, ബോദ്ധ്യപ്പെടുന്ന പക്ഷം. അദ്ദേഹം (2)-ാം ഉപചട്ടത്തിലെ നിബന്ധനകൾക്കു വിധേയമായി, രജിസ്ട്രേഷൻ റദ്ദുചെയ്യൽ ഉൾപ്പെടെയുള്ള ഉചിതമായ തിരുത്തലുകൾ, അസ്സൽ ഉൾക്കുറിപ്പിന് യാതൊരു മാറ്റവും വരുത്താതെയും അത്തരം തിരുത്തലുകൾക്കുള്ള തെളിവ് വിവാഹ (പൊതു) രജിസ്റ്ററിന്റെ മാർജിനിൽ രേഖപ്പെടുത്തിക്കൊണ്ടും, വരുത്താവുന്നതും മാർജിനിലെ ഉൾക്കുറിപ്പിൽ തിരുത്തലിന്റെയോ റദ്ദാക്കലിന്റെയോ തീയതി സഹിതം ഒപ്പ് വെയ്ക്കേണ്ടതും, തിരുത്തലുകളുടെ വിശദവിവരങ്ങൾ ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കേണ്ടതുമാണ്.

(2) പേര്, വയസ്സ്, തീയതി മുതലായ സാരവത്തായ വിശദാംശങ്ങളിലെ എല്ലാ തിരുത്തലുകളും റദ്ദാക്കലുകളും ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്റെ അനുമതിയോടുകൂടി മാത്രം ചെയ്യേണ്ടതാണ്.

എന്നാൽ അപ്രകാരമുള്ള തിരുത്തലോ റദ്ദാക്കലോ ബന്ധപ്പട്ട കക്ഷികൾക്ക് പറയാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകാതെ നടത്തുവാൻ പാടുള്ളതല്ല.

(3) (2)-ാം ഉപചട്ടത്തിൻകീഴിൽ അനുമതി ലഭിക്കുന്നതിന്മേൽ തദ്ദേശ രജിസ്ട്രാർ, വിവാഹ (പൊതു) രജിസ്റ്ററിൽ, അതതു

സംഗതിപോലെ, തിരുത്തലോ റദ്ദാക്കലോ വരുത്തേണ്ടതാണ്.

(4) വിവാഹ (പൊതു) രജിസ്റ്ററിൽ ക്ളറിക്കൽ പിശക് ഒഴികെയുള്ള, തെറ്റു തിരുത്തലിന് നൂറ് രൂപ ചാർജ് ചെയ്യേണ്ടതാണ്.

(5) ആ ചട്ടത്തിന് കീഴിൽ ഒരു ഉൾക്കുറിപ്പ് തിരുത്തുകയോ, റദ്ദാക്കുകയോ ചെയ്യുന്ന ഓരോ സംഗതിയിലും, അതിന്റെ അറിയിപ്പ് വിവാഹത്തിൽ ഏർപ്പെട്ട കക്ഷികൾക്ക് അയച്ചുകൊടുക്കേണ്ടതും തദ്ദേശ രജിസ്ട്രാർ ആവശ്യമായ വിശദവിവരം നൽകുന്ന ഒരു റിപ്പോർട്ട് ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് നൽകേണ്ടതുമാണ്.

7. രജിസ്റ്ററിലെ ഉൾക്കുറിപ്പ് രൂപത്തിലോ സാരാംശത്തിലോ തെറ്റാണെങ്കിൽ അഥവാ അവ വഞ്ചനയാലോ അനുചിതമായോ നൽകിയിട്ടുണ്ടെങ്കിൽ, രജിസ്ട്രാറിന് അത് റദ്ദാക്കാൻ അധികാരമുണ്ടെന്ന് മേൽപ്പറഞ്ഞ ചട്ടത്തിന്റെ വായന സൂചിപ്പിക്കുന്നു.

8. 11-ാം ചട്ടത്തിൻകീഴിൽ വിഭാവനം ചെയ്ത അന്വേഷണം സംക്ഷിപ്ത സ്വഭാവമുള്ളതാണ്. മെമ്മോറാണ്ടം പരിഗണിക്കുന്ന സമയത്ത് വിവാഹത്തിന്റെ സാധുതയെക്കുറിച്ചോ വിവാഹം കഴിക്കാനുള്ള കക്ഷികളുടെ ക്ഷമതയെക്കുറിച്ചോ സമഗ്രമായ അന്വേഷണം നടത്താൻ രജിസ്ട്രാർക്ക് അധികാരം നൽകിയിട്ടില്ല. വിവാഹം നടന്നുവെന്ന് രജിസ്ട്രാർക്ക് വസ്തുനിഷ്ഠമായി ബോധ്യപ്പെട്ടാൽ, വിവാഹം രജിസ്റ്റർ ചെയ്യാൻ അദ്ദേഹത്തിന് അധികാരമുണ്ട്.

9. കക്ഷികളുടെ വ്യക്തിനിയമപ്രകാരമാണ് വിവാഹം നടന്നതെന്ന് മാത്രമേ രജിസ്ട്രാർക്ക് പ്രഥമദൃഷ്ട്യാ ബോധ്യപ്പെടേണ്ടതുള്ളൂ എന്ന് പ്രണവ് എ.എം.ഉം മറ്റൊരാളും v. തൃശൂർ ഏങ്കണ്ടിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും മറ്റൊരാളും എന്ന കേസിൽ (2018 (3) KHC 128) ഈ കോടതി വിധിച്ചു. വിവാഹത്തിന്റെ നിയമസാധുതയിലേക്ക് കടക്കാതെ, കക്ഷികൾ നൽകുന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ വിവാഹം രജിസ്റ്റർ ചെയ്യാൻ അദ്ദേഹം ബാധ്യസ്ഥനാണ്.

10. ഈ കേസിൽ, 19.10.2014-ന് തങ്ങളുടെ വിവാഹം നടന്നുവെന്നും വിവാഹം രജിസ്റ്റർ ചെയ്യണമെന്നും ആവശ്യപ്പെട്ട് ഒരു മെമ്മോറാണ്ടവും എൽ.എസ്.ജി.ഐ.ലെ അംഗം നൽകിയിട്ടുള്ള പിന്തുണ കത്തും ഹർജിക്കാർ സ്വന്തം ഇഷ്ടപ്രകാരവും സ്വമേധയായും സമർപ്പിച്ചിരുന്നു.

11. 2-ാം ഹർജിക്കാരിയുടെ വസതിയിൽ വച്ചാണ് വിവാഹം ആചാര-അനുഷ്ഠാന പ്രകാരം നടന്നതെന്ന് 4-ാം എതിർകക്ഷി നടത്തിയ അന്വേഷണത്തിൽ ഹർജിക്കാരും സാക്ഷികളും അസന്നിഗ്ദ്ധമായി മൊഴി നൽകി.

12. രേഖാമൂലമുള്ള തെളിവും ഹർജിക്കാരുടെയും അവരുടെ സാക്ഷികളുടെയും മൊഴികളും സ്വീകരിച്ച ശേഷമാണ് 4-ാം എതിർകക്ഷി വിവാഹം രജിസ്റ്റർ ചെയ്തത്. മുകളിൽ പറഞ്ഞ വസ്തുതകൾ സംബന്ധിച്ച രേഖകൾ ഹാജരാക്കുകയും വിവാഹം നടന്നുവെന്ന് സ്വമേധയാ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുള്ളതിനാൽ, സാധുവായ വിവാഹമില്ലെന്ന് വാദിക്കുന്നതിൽ നിന്നും ഹർജിക്കാർ നിയമംമൂലം തടയപ്പെട്ടിരിക്കുന്നു. 13-ാം ചട്ടപ്രകാരം രജിസ്ട്രാർക്ക് മേൽപറഞ്ഞ തർക്കത്തിലുള്ള വസ്തുതാപരമായ ചോദ്യത്തിന് തീർപ്പുകൽപ്പിക്കാൻ അധികാരിതയില്ല.

13. ക്ഷമതയുള്ള ഒരു സിവിൽ കോടതിയാണ് വിവാഹത്തിന്റെ സാധുത, കക്ഷികളുടെ വൈവാഹിക പദവി എന്നിവയെക്കുറിച്ചുള്ള ചോദ്യങ്ങൾ തീരുമാനിക്കേണ്ടത്.

14. കേസിന്റെ വസ്തുതകളും സാഹചര്യങ്ങളും ശ്രദ്ധാപൂർവ്വം പരിശോധിച്ചതിൽ നിന്ന്, ചോദ്യം ചെയ്യപ്പെട്ട ഉത്തരവിൽ ഒരു ഏകപക്ഷീയതയോ നിയമവിരുദ്ധതയോ ഞാൻ കാണുന്നില്ല. റിട്ട് ഹർജിയിൽ യാതൊരു കഴമ്പുമില്ലാത്തതിനാൽ തള്ളപ്പെടേണ്ടതാണ്. എന്നിരുന്നാലും, തങ്ങളുടെ വൈവാഹിക പദവി സംബന്ധിച്ച പ്രഖ്യാപനത്തിനായി ക്ഷമതയും അധികാരിതയുമുള്ള ഒരു കോടതിയെ സമീപിക്കാനുള്ള ഹർജിക്കാരുടെ അവകാശത്തെ ഈ വിധി ഒരു വിധത്തിലും ബാധിക്കില്ലെന്ന് വ്യക്തമാക്കുന്നു.

മേൽപറഞ്ഞ നിരീക്ഷണത്തോടെ, റിട്ട് ഹർജി തള്ളുന്നു.

## കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ**

**&**

**ബഹു. ജസ്റ്റിസ് എം. ബി. സ്നേഹലത**

മാറ്റ് അപ്പീൽ നം. 659 / 2024

**മഞ്ജു എസ്. കൃഷ്ണ @ മഞ്ജു മഹേഷ് – അപ്പീൽവാദി**

v.

**മഹേഷ് കുമാർ – എതിർകക്ഷി**

(26.05.2025-ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

'ക്രൂരത' എന്ന പദം നിർവചിക്കപ്പെട്ടിട്ടില്ല. അത് മനുഷ്യന്റെ പെരുമാറ്റത്തെയോ നടപ്പിനെയോ വിവരിക്കാൻ വേണ്ടി ഉപയോഗിച്ചിട്ടുള്ളതാണ്. ദാമ്പത്തിക കർത്തവ്യങ്ങളും കടമകളുമായി ബന്ധപ്പെട്ടതോ സംബന്ധിച്ചതോ ആയ പെരുമാറ്റമാണ് അത്. അത് ഒരു പെരുമാറ്റരീതിയും മറ്റൊരാൾക്ക് ദോഷകരമായി തീരുന്ന ഒന്നുമാണ്. ക്രൂരത മാനസികമോ ശാരീരികമോ, മനഃപൂർവമോ മനഃപൂർവമല്ലാതെയോ ആകാം. പരാതിയിൽ ഉന്നയിച്ചിരിക്കുന്ന പെരുമാറ്റം തന്നെ മോശമായതും അടിസ്ഥാനപരമായി നിയമവിരുദ്ധവും നിയമപരമല്ലാത്തതുമായ കേസുകൾ ഉണ്ടാകാം. അങ്ങനെയാണെങ്കിൽ ദമ്പതികളിൽ ഒരാൾക്ക് ഉണ്ടായിട്ടുള്ള ആഘാതത്തെക്കുറിച്ചോ പരിക്കുകളെക്കുറിച്ചോ അന്വേഷിക്കുകയോ പരിഗണിക്കുകയോ ചെയ്യേണ്ടതില്ല. അത്തരം കേസുകളിൽ, അങ്ങനെയുള്ള പെരുമാറ്റം തെളിയിക്കുകയോ സമ്മതിക്കുകയോ ചെയ്താൽ തന്നെ ക്രൂരത സ്ഥാപിക്കപ്പെടും.

### വിധിന്യായം

### ജസ്റ്റിസ് എം. ബി. സ്നേഹലത

1955-ലെ ഹിന്ദു വിവാഹ ആക്റ്റിലെ 13(1) (ia) വകുപ്പ് പ്രകാരമുള്ള വിവാഹമോചന നിവൃത്തി നിരസിച്ച കുടുംബ കോടതിയുടെ വിധിയെയും ഉത്തരവിനെയുമാണ് അപ്പീൽവാദിയായ ഭാര്യ ചോദ്യം ചെയ്യുന്നത്.

2. ആദ്യ ഹർജിയിൽ കക്ഷികൾക്ക് നൽകിയിരിക്കുന്ന തലക്കെട്ട് അനുസരിച്ചായിരിക്കും അവരെ പരാമർശിക്കുന്നത്.

3. ഹർജിക്കാരിയായ ഭാര്യ ക്രൂരത ആരോപിച്ച് ഇനിപ്പറയും പ്രകാരം വിവാഹമോചനം ആവശ്യപ്പെട്ട് ഹർജി സമർപ്പിച്ചിരുന്നു :

കക്ഷികൾ ഹിന്ദുക്കളാണ്; ഹിന്ദു ആചാര-അനുഷ്ഠാനങ്ങൾക്ക് അനുസൃതമായി 23.5.2010-ന് അവർ വിവാഹം കഴിച്ചു. പിതൃസ്വത്തായി വിവാഹസമയത്ത് 90 പവൻ സ്വർണ്ണാഭരണങ്ങളും 5 ലക്ഷം രൂപയും നൽകിയിരുന്നു. 'അടുക്കള

കാണൽ' ചടങ്ങിൽ രണ്ട് ലക്ഷം രൂപയും കൂടി നൽകിയിരുന്നു. ഈ വിവാഹബന്ധത്തിൽ ഒരു പെൺകുഞ്ഞ് ജനിച്ചു. എതിർകക്ഷി ഒരു മദ്യപാനിയാണ്. എതിർകക്ഷി ഹർജിക്കാരിയുടെ ചാരിത്ര്യശുദ്ധിയിൽ സംശയം പ്രകടിപ്പിക്കുകയും അവൾക്കെതിരെ ക്രൂരമായ ആരോപണങ്ങൾ ഉന്നയിച്ച് ശാരീരികമായും മാനസികമായും പീഡിപ്പിക്കുകയും ചെയ്തു. എതിർകക്ഷിയുടെ അസഹനീയമായ പീഡനം കാരണം, അവൾ കുഞ്ഞിനെയും കൊണ്ട് ആത്മഹത്യയ്ക്ക് വരെ ശ്രമിച്ചു. പിതൃസ്വത്തായി നൽകിയ 5 ലക്ഷം രൂപയും ഹർജിക്കാരിയുടെ മുഴുവൻ സ്വർണ്ണാഭരണങ്ങളും എതിർകക്ഷി ദുർവിനിയോഗം ചെയ്തു. ഈ സ്വർണ്ണവും പണവും ദുർവിനിയോഗിച്ച ശേഷം, സ്ത്രീധനമായി 5 ലക്ഷം രൂപയും 50 പവൻ സ്വർണ്ണവും കൂടി അധികമായി എതിർകക്ഷി ആവശ്യപ്പെടുകയും, അധികമായി ആവശ്യപ്പെട്ട തുകയും സ്വർണ്ണവും നൽകാൻ മാതാപിതാക്കൾക്ക് കഴിവില്ലെന്ന് ഹർജിക്കാരി പറഞ്ഞപ്പോൾ എതിർകക്ഷി വീണ്ടും അവളെ ശാരീരികമായും മാനസികമായും പീഡിപ്പിക്കുകയും ചെയ്തു. ഭീഷണിയും പീഡനവും കാരണം, ഹർജിക്കാരിക്ക് കുഞ്ഞിനോടൊപ്പം ഭർതൃഗൃഹത്തിൽനിന്ന് ഇറങ്ങേണ്ടി വന്നു. അവൾ ഇപ്പോൾ മാതാപിതാക്കളുടെ കാരുണ്യത്തിലാണ് ജീവിക്കുന്നത്.

4. എതിർകക്ഷിയായ ഭർത്താവ് തനിക്കെതിരെ ഉന്നയിച്ചിട്ടുള്ള ക്രൂരതയുടെ ആരോപണം നിഷേധിച്ചുകൊണ്ട് എതിർപ്രസ്താവന ഫയൽ ചെയ്യുകയും, സ്വർണവും പണവും ദുർവിനിയോഗം ചെയ്തെന്ന ആരോപണം നിഷേധിക്കുകയും ചെയ്തു. വിവാഹദിവസം ഹർജിക്കാരി അണിഞ്ഞിരുന്ന ആഭരണങ്ങളിൽ ഭൂരിഭാഗവും സ്വർണ്ണമായിരുന്നില്ലെന്നും അവ ഒരു ബ്യൂട്ടീഷ്യനിൽ നിന്ന് വാടകയ്ക്ക് എടുത്ത ആഭരണങ്ങളായിരുന്നുവെന്നും വാദിച്ചു. ആരോപിച്ചിട്ടുള്ളപോലെ സ്ത്രീധനം ആവശ്യപ്പെട്ടിരുന്നില്ല. എതിർകക്ഷി കഴിഞ്ഞ 15 വർഷമായി സൗദി അറേബ്യയിൽ ജോലി ചെയ്തുവരികയാണ്. ക്രൂരത സംബന്ധിച്ച ആരോപണം കളവും വ്യാജവുമാണ്. മാത്രമല്ല എതിർകക്ഷി ഒരിക്കലും അവളെ ശാരീരികമായോ മാനസികമായോ പീഡിപ്പിച്ചിട്ടില്ല. എതിർകക്ഷിയോടും കുടുംബത്തോടുമുള്ള ഹർജിക്കാരിയുടെ മനോഭാവം വളരെ ക്രൂരവും മനുഷ്യത്വരഹിതവുമായിരുന്നു, കൂടാതെ എതിർകക്ഷിയുടെ വയസ്സായതും രോഗഗ്രസ്ഥരുമായ മാതാപിതാക്കളെ അവൾ പരിചരിച്ചില്ല. ഹർജിക്കാരി എല്ലാ നേരവും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ മുഴുകിയിരിക്കാറുണ്ടായിരുന്നു, കൂടാതെ കുടുംബകാര്യങ്ങൾ നോക്കുന്നതിൽ അവൾക്ക് താൽപ്പര്യമില്ലായിരുന്നു. ഹർജിക്കാരിയുടെ നിർബന്ധപ്രകാരം 12.14 ആർ വിസ്തൃതിയുള്ള വസ്തു 15.9.2010-ന് ഹർജിക്കാരിയുടെയും എതിർകക്ഷിയുടെയും പേരിൽ സംയുക്തമായി എഴുതിക്കൊടുത്ത ഹരിപ്പാട് എസ്.ആർ.ഒ.യിലെ 3055/2010 നമ്പർ ഒത്തുതീർപ്പ് ഉടമ്പടിയിൽ ഒപ്പ് വയ്ക്കേണ്ടി വന്നു. ഹർജിക്കാരി അവളുടെ 57 പവൻ സ്വർണ്ണാഭരണങ്ങൾ വസ്തു വാങ്ങുന്നതിനായി അവളുടെ പിതാവിന് നൽകിയിട്ടുണ്ടായിരുന്നു. ആരോപിച്ചിട്ടുള്ളപോലെ ഹർജിക്കാരിയോട് ക്രൂരമായ ഒരു പ്രവൃത്തിയും എതിർകക്ഷി ഒരിക്കലും ചെയ്തിട്ടില്ല. എതിർകക്ഷിയുടെ മുഴുവൻ പണവും 20 പവൻ സ്വർണ്ണാഭരണങ്ങളും ദുർവിനിയോഗം ചെയ്ത ശേഷം ഹർജിക്കാരി സ്വന്തം ഇഷ്ടപ്രകാരം ഭർതൃഗൃഹത്തിൽനിന്ന് ഇറങ്ങിപ്പോകുകയായിരുന്നു. ഹർജിക്കാരി എതിർകക്ഷിയുടെ മാതാവിനെ കയ്യേറ്റം ചെയ്തിരുന്നു. ഒരു സ്വകാര്യ ധനകാര്യ സ്ഥാപനത്തിൽ നിന്ന് ഹർജിക്കാരി 7 ലക്ഷം രൂപ വായ്പ എടുക്കകയും, എതിർകക്ഷിയുടെ പണം ഉപയോഗിച്ച് ആ വായ്പ തിരിച്ചടക്കുകയും ചെയ്തു. ഹർജിയിൽ ഉന്നയിച്ചിരിക്കുന്ന ക്രൂരത സംബന്ധിച്ച സംഭവങ്ങൾ വ്യാജവും ഹർജിയുടെ ഉദ്ദേശ്യത്തിനായി കെട്ടിച്ച

മച്ചതുമാണ്, ആയതിനാൽ ഹർജി തള്ളപ്പെടേണ്ടതാണ്.

5. വിവാഹമോചന ഹർജി തള്ളിക്കൊണ്ടുള്ള കുടുംബ കോടതിയുടെ വിധിയിലും ഉത്തരവിലും ഈ കോടതിയുടെ ഇടപെടൽ ഏതെങ്കിലും ആവശ്യമുണ്ടോ എന്നതാണ് പരിഗണിക്കേണ്ട വിഷയം.

6. ഇരുഭാഗത്തേയും കേട്ടു.

7. കക്ഷികൾ ഹിന്ദുക്കളാണ്. 2010-ൽ വിവാഹം കഴിച്ചുവെന്നും ആ വിവാഹത്തിൽ അവർക്ക് ഒരു പെൺകുഞ്ഞ് ജനിച്ചുവെന്നും സമ്മതിക്കുന്നു.

8. ഹർജിക്കാരിയായ ഭാര്യയുടെ ചാരിത്ര്യ ശുദ്ധിയിൽ ഭർത്താവ് സംശയം പ്രകടിപ്പിക്കുകയും അവളെ ശാരീരികമായും മാനസികമായും പീഡിപ്പിക്കുകയും പലപ്പോഴും ശാരീരികമായി ഉപദ്രവിക്കുകയും ചെയ്തു എന്നാണ് അവളുടെ കേസ്. പിതൃസ്വത്തായി അവൾക്ക് നൽകിയ സ്വർണ്ണവും പണവും ദുർവിനിയോഗിച്ചതിന് ശേഷം, അവളുടെ വീട്ടുകാരിൽ നിന്ന് എതിർകക്ഷി വീണ്ടും സ്വർണ്ണവും പണവും ആവശ്യപ്പെടുകയും അങ്ങനെ പീഡിപ്പിക്കുകയും ചെയ്തുവെന്നും ഇത് ഭർതൃഗൃഹം വിട്ടുപോകാൻ അവളെ നിർബന്ധിതയാക്കി എന്നുമാണ് അവളുടെ വാദം.

9. ഹർജിക്കാരി എല്ലാ നേരവും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ മുഴുകിയിരിക്കുകയായിരുന്നുവെന്നും വയസ്സായ മാതാപിതാക്കൾ ഉള്ള കുടുംബത്തിന്റെ കാര്യങ്ങൾ നോക്കുന്നതിൽ അവൾക്ക് താൽപ്പര്യമില്ലെന്നും എതിർകക്ഷി എതിർപ്രസ്താവനയിൽ ഉന്നയിച്ചു. ഹർജിക്കാരി നിഗൂഢമായ കാരണങ്ങളാൽ ദാമ്പത്യ ജീവിതത്തിൽ നിന്ന് വിട്ടുനിൽക്കുകയാണെന്നും അയാൾ വാദിച്ചു.

10. എതിർകക്ഷി തന്റെ ചാരിത്ര്യശുദ്ധിയിൽ സംശയിക്കുകയും അവളെ കൈയ്യേറ്റം ചെയ്യുകയും ചെയ്തു എന്നതാണ് ഹർജിക്കാരിയുടെ കേസ്. PW1 ആയി ഹർജിക്കാരിയെ വിസ്തരിച്ചപ്പോൾ, എതിർകക്ഷിയിൽ നിന്ന് തനിക്ക് ഏൽക്കേണ്ടി വന്ന ശാരീരിക പീഢനത്തെക്കുറിച്ച് അവൾ വിവരിച്ചു. ശാരീരിക ആക്രമണമേറ്റ തീയതികൾ വിവരിച്ചതിൽ ചില പൊരുത്തക്കേടുകൾ ഉണ്ടായതുകൊണ്ട് മാത്രം, എതിർകക്ഷിയിൽ നിന്ന് ശാരീരികമായി ആക്രമണം നേരിട്ടു എന്ന ഹർജിക്കാരിയുടെ വാദം അവിശ്വസിക്കാനുള്ള കാരണമല്ല. അതുപോലെ, ഭർത്താവിൽ നിന്ന് ആക്രമണം നേരിട്ടപ്പോൾ ഭാര്യ പോലീസിൽ പരാതി നൽകിയില്ല എന്ന ഒറ്റ കാരണത്താൽ, ശാരീരികമായി ഭർത്താവ് ആക്രമിച്ചുവെന്ന അവളുടെ വാദം അവിശ്വസിക്കാൻ കഴിയില്ല. തന്റെ ചാരിത്ര്യശുദ്ധിയിൽ സംശയം പ്രകടിപ്പിച്ച് എതിർകക്ഷി ശാരീരികമായും മാനസികമായും പീഡിപ്പിച്ചുവെന്ന ഹർജിക്കാരിയുടെ വാദം തള്ളിക്കളയാൻ ഒരു കാരണവും ഈ കോടതി കാണുന്നില്ല. വൈവാഹിക ബന്ധങ്ങളിലെ ക്രൂരത സംബന്ധിച്ച കേസുകളിൽ, സാമൂഹികമായ അപമാനം, വൈകാരിക ആഘാതം, ഭർത്താവിൽ നിന്നും പ്രതികാരമുണ്ടാകുമെന്ന ഭയം അല്ലെങ്കിൽ അനുനയത്തിനുള്ള പ്രതീക്ഷ എന്നിവ കാരണം ഭാര്യ പരാതി നൽകുന്നതിൽ കാലതാമസം വരുത്തുന്നത് അസാധാരണമല്ല.

11. പരസ്പര ബഹുമാനത്തിലും വിശ്വാസത്തിലും ധാരണയിലുമാണ് വിവാഹബന്ധം നിലനിൽക്കുന്നത്. ഭാര്യയുടെ ചാരിത്ര്യശുദ്ധിയെ ന്യായമായ കാരണമില്ലാതെ സംശയിക്കുന്നത് ആ ബന്ധത്തിന്റെ അടിത്തറയെ ബാധിക്കുന്നു.

12. സ്ത്രീയുടെ സ്വഭാവ ചാരിത്ര്യം സമൂഹത്തിലുള്ള അവളുടെ പ്രശസ്തിയും അഭിമാനവുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. ഭാര്യയുടെ ചാരിത്ര്യം സംബന്ധിച്ച് ഭർത്താവ് ഉന്നയിച്ച അടിസ്ഥാന

രഹിതമായ ആരോപണങ്ങൾ അവളുടെ വൈകാരിക ആരോഗ്യത്തെ ബാധിക്കുന്നു. അവിഹിതമോ ചാരിത്ര്യശുദ്ധിയില്ലായ്മയോ ആരോപിച്ച് ഭാര്യയുടെ സ്വഭാവം സംബന്ധിച്ച് അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഭർത്താവ് ഉന്നയിക്കുമ്പോൾ, അത് അവളുടെ അന്തസ്സിനെ ആഴത്തിൽ മുറിവേൽപ്പിക്കുകയും അസഹനീയമായ മാനസിക ആഘാതത്തിന് കാരണമാവുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ദുഷിച്ച അന്തരീക്ഷത്തിൽ ജീവിക്കുന്നത് അസഹനീയവും ഭാര്യയുടെ മാനസികാരോഗ്യത്തിന് ഹാനികരവുമായതിനാൽ വിവാഹബന്ധം തുടരാൻ അവളെ നിർബന്ധിക്കുന്നത് അനീതിയാണ്. അങ്ങനെയുള്ള പെരുമാറ്റം ഹിന്ദു വിവാഹ ആക്റ്റ് പ്രകാരം മാനസിക ക്രൂരതയായി അംഗീകരിക്കപ്പെടുകയും, ഇത് ഭാര്യക്ക് വിവാഹമോചനം ആവശ്യപ്പെടുന്നതിന് സാധുവായ കാരണം നൽകുകയും ചെയ്യുന്നു. വിവാഹത്തിൽ ഏർപ്പെട്ട വ്യക്തികളുടെ അന്തസ്സും അവകാശങ്ങളും ഉയർത്തിപ്പിടിക്കേണ്ടതും, അത്തരം വിശ്വാസം ദുരുദ്ദേശ്യത്തോടെ തകർക്കപ്പെടുന്നിടത്ത് നീതി ഉറപ്പാക്കേണ്ടതും അത്യാവശ്യമാണ്.

13. അനിൽകുമാർ വി.കെ. v. സുനില.പി (2025 (2) KHC 33) എന്ന കേസിൽ ഈ കോടതി ഇപ്രകാരം വിധിച്ചു::

"15. ഒരു ദാമ്പത്യ ബന്ധത്തിൽ നിസ്സാരമെന്ന് തോന്നുന്ന ഒരു പെരുമാറ്റം മറ്റൊരു ദാമ്പത്യ ബന്ധത്തിൽ അങ്ങേയറ്റം വേദനാജനകമായേക്കാം. അതിനാൽ, ക്രൂരത ഓരോ കേസിന്റെയും അടിസ്ഥാനത്തിൽ വിലയിരുത്തപ്പെടേണ്ടതാണ്. ഒരു ദാമ്പത്യ ബന്ധത്തിലെ ക്രൂരത എന്താണെന്ന് നിർണ്ണയിക്കുന്നത് ആ ബന്ധത്തിൽ ഉൾപ്പെട്ടിരിക്കുന്ന കക്ഷികളുടെ അനുഭവം, പെരുമാറ്റം, പ്രത്യേക സാഹചര്യങ്ങൾ എന്നിവയെ ആശ്രയിച്ചിരിക്കുന്നു. കോടതികൾ ക്രൂരതയുടെ ഏതെങ്കിലും അയവില്ലാത്ത ഒരു നിർവചനത്തെ ആശ്രയിക്കുന്നില്ല, മറിച്ച് ഓരോ കേസും അതിലെ വസ്തുതകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തേണ്ടതുണ്ട്. പ്രസ്തുത പെരുമാറ്റം ദമ്പതികളിലൊരാൾ മറ്റേയാളോടൊപ്പം താമസിക്കുന്നത് യുക്തിരഹിതമാകുമോ എന്ന് കോടതികൾ വിശകലനം ചെയ്യേണ്ടതുണ്ട്."

14. വിനിത സക്സേന v. പങ്കജ് പണ്ഡിറ്റ് (2006 (3) SCC 778) എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി ഇപ്രകാരം വിധിച്ചു :

"ക്രൂരത' എന്ന പദം നിർവചിക്കപ്പെട്ടിട്ടില്ല. അത് മനുഷ്യന്റെ പെരുമാറ്റത്തെയോ നടപ്പിനെയോ വിവരിക്കാൻ വേണ്ടി ഉപയോഗിച്ചിട്ടുള്ളതാണ്. ദാമ്പത്തിക കർത്തവ്യങ്ങളും കടമകളുമായി ബന്ധപ്പെട്ടതോ സംബന്ധിച്ചതോ ആയ പെരുമാറ്റമാണ് അത്. അത് ഒരു പെരുമാറ്റരീതിയും മറ്റൊരാൾക്ക് ദോഷകരമായി തീരുന്ന ഒന്നുമാണ്. ക്രൂരത മാനസികമോ ശാരീരികമോ, മനഃപൂർവമോ മനഃപൂർവമല്ലാതെയോ ആകാം. പരാതിയിൽ ഉന്നയിച്ചിരിക്കുന്ന പെരുമാറ്റം തന്നെ മോശമായതും അടിസ്ഥാനപരമായി നിയമവിരുദ്ധവും നിയമപരമല്ലാത്തതുമായ കേസുകൾ ഉണ്ടാകാം. അങ്ങനെയാണെങ്കിൽ ദമ്പതികളിൽ ഒരാൾക്ക് ഉണ്ടായിട്ടുള്ള ആഘാതത്തെക്കുറിച്ചോ പരിക്കുകളെക്കുറിച്ചോ അന്വേഷിക്കുകയോ പരിഗണിക്കുകയോ ചെയ്യേണ്ടതില്ല. അത്തരം കേസുകളിൽ, അങ്ങനെയുള്ള പെരുമാറ്റം തെളിയിക്കുകയോ സമ്മതിക്കുകയോ ചെയ്താൽ തന്നെ ക്രൂരത സ്ഥാപിക്കപ്പെടും."

15. നിർമ്മൽ സിംഗ് പനേസർ (ഡോ.) v. പരംജിത് കൗർ പനേസർ @ അജീന്ദർ കൗർ പനേസർ (2023 KHC 6905) എന്ന കേസിൽ പരമോന്നതകോടതി ഇപ്രകാരം വിധിച്ചു :-

"ക്രൂരത എന്ന പദം വ്യാഖ്യാനിക്കേണ്ടത്, കക്ഷികൾക്ക് പരിചിതമായ ജീവിതരീതിയെ; അല്ലെങ്കിൽ അവരുടെ സാമ്പത്തിക, സാമൂഹിക സാഹചര്യങ്ങളെയും, അവരുടെ

സംസ്കാരത്തെയും അവർ പ്രാധാന്യം നൽകുന്ന മാനുഷിക മൂല്യങ്ങളെയും പരിഗണിച്ചായിരിക്കണം.''

16. കക്ഷികൾ യോജിപ്പില്ലാത്ത പങ്കാളികളാണെന്നും അവർ തമ്മിലുള്ള വിവാഹബന്ധം ഇനിയും തുടരുന്നത് പ്രായോഗികമല്ലെന്നും ഹാജരാക്കിയിട്ടുള്ള തെളിവുകൾ സ്ഥാപിക്കുന്നു. ഒരു വൈവാഹിക ബന്ധത്തിൽ ക്രൂരത എന്താണെന്ന് നിർണ്ണയിക്കുന്നത് അതിൽ ഉൾപ്പെട്ടിരിക്കുന്ന കക്ഷികളുടെ പ്രത്യേക സാഹചര്യങ്ങൾ, പെരുമാറ്റം, അനുഭവം എന്നിവയെ ആശ്രയിച്ചിരിക്കും എന്നതും, കോടതികൾക്ക് അയവില്ലാത്ത ഒരു നിർവചനത്തെ ആശ്രയിക്കാൻ കഴിയില്ല എന്നതും, മറിച്ച് ഓരോ കേസും അതിലെ വസ്തുതകളെ അടിസ്ഥാനമാക്കി വിലയിരുത്തേണ്ടതുണ്ട് എന്നതും സ്ഥാപിതമായ തത്വമാണ്. ഭാര്യ ക്രൂരത ആരോപിച്ച് വിവാഹമോചനം തേടുന്ന ഒരു കേസ് വിലയിരുത്തുമ്പോൾ കൂടുതൽ അയവുള്ളതും സമഗ്രവുമായ ഒരു സമീപനം ആവശ്യമാണ്.

17. രൂപ സോണി v. കമൽനാരായണ സോണി [AIR 2023 SC 4186] എന്ന കേസിൽ, ബഹുമാനപ്പെട്ട സുപ്രീം കോടതി ഇപ്രകാരം നിരീക്ഷിച്ചു:

"(7). ചരിത്രപരമായി, വിവാഹമോചന നിയമം പ്രധാനമായും "വീഴ്ച സിദ്ധാന്തം" (fault theory) അടിസ്ഥാനമാക്കിയുള്ള ഒരു യാഥാസ്ഥിതിക പശ്ചാത്തലത്തിൽ നിന്നാണ് കെട്ടിപ്പെടുത്തിയിരിക്കുന്നത്. ദാമ്പത്യ പവിത്രത സംരക്ഷിക്കുന്നത് സാമൂഹിക വീക്ഷണകോണിൽ ഒരു പ്രധാന ഘടകമായി കണക്കാക്കപ്പെട്ടിരുന്നു. വിശാലചിന്താഗതിയുള്ള മനോഭാവം സ്വീകരിച്ചതോടെ, വിവാഹമോചനത്തിനും വേർപെടുത്തലിനും ഉള്ള കാരണങ്ങൾ ഉദാരപൂർവം വ്യാഖ്യാനിക്കാൻ തുടങ്ങി.''

18. പരമോന്നതകോടതി ഇപ്രകാരവും നിരീക്ഷിച്ചു:

"......ക്രൂരത വസ്തുനിഷ്ഠമാണെങ്കിലും ആത്മനിഷ്ഠതയുടെ ഘടകം ബാധകമാക്കേണ്ടതുണ്ട്. അതുകൊണ്ട്, ഒരു കേസിൽ സ്ത്രീക്ക് ക്രൂരതയാകുന്നത് പുരുഷന് ക്രൂരതയാകണമെന്നില്ല. ഭാര്യ വിവാഹമോചനം തേടുന്ന ഒരു കേസ് പരിശോധിക്കുമ്പോൾ താരതമ്യേന കൂടുതൽ അയവുള്ളതും, വിശാലമായതുമായ ഒരു സമീപനം ആവശ്യമാണ്.'' (ഞങ്ങൾ ഊന്നൽ നൽകുന്നു)

19. എതിർകക്ഷിയായ ഭർത്താവ് ഹർജിക്കാരിയുടെ ചാരിത്ര്യശുദ്ധിയെ സംശയിച്ച് മാനസികമായും ശാരീരികമായും പീഡിപ്പിച്ചുവെന്നും; ദമ്പതികൾ തമ്മിലുള്ള വിവാഹബന്ധം ഇനിയും തുടരാൻ കഴിയില്ലെന്നും, അവരുടെ ബന്ധം എല്ലാ ഉദ്ദേശ്യലക്ഷ്യങ്ങളാലും അവസാനിച്ചുവെന്നും അത് വീണ്ടെടുക്കാനാകാത്തവിധം തകർന്നുവെന്നും സ്ഥാപിക്കുന്നതിൽ ഹർജിക്കാരി വിജയിച്ചു.

അതനുസരിച്ച്, ഈ അപ്പീൽ അനുവദിക്കുന്നു. ചോദ്യം ചെയ്യപ്പെട്ടിട്ടുള്ള വിധിയും ഉത്തരവും റദ്ദാക്കുന്നു. 1955-ലെ ഹിന്ദു വിവാഹ ആക്റ്റിലെ വകുപ്പ് 13(1)(ia) പ്രകാരം വിവാഹമോചനം അനുവദിക്കുന്നു. 23.5.2010-ന് അപ്പീൽ വാദിയും എതിർകക്ഷിയും തമ്മിൽ ചടങ്ങനുസരിച്ച് നടന്നിട്ടുള്ള വിവാഹം, ഈ വിധിന്യായത്തിന്റെ തീയതി മുതൽ പ്രാബല്യത്തിൽ വരുന്ന വിധത്തിൽ വേർപെട്ടതായി ഇതിനാൽ പ്രഖ്യാപിക്കുന്നു.

കക്ഷികൾ അവരവരുടെ ചെലവുകൾ വഹിക്കേണ്ടതാണ്.




# സുപ്രീംകോടതി വിധി

## സംക്ഷിപ്തം

## സുപ്രീം കോടതി മുമ്പാകെ

ക്രിമിനൽ അപ്പീൽ അധികാരിത

**ബഹു. ജസ്റ്റിസ് സുധാംശു ധൂലിയ**

&

**ബഹു. ജസ്റ്റിസ് കെ വിനോദ് ചന്ദ്രൻ**

ക്രിമിനൽ അപ്പീൽ നം. ..... / 2025

[എസ്.എൽ.പി. (ക്രിമിനൽ) നമ്പർ 3472/2018 ൽ നിന്ന് ഉത്ഭവിച്ചത്]

**പി. ശാന്തി പുഗഴേന്തി – അപ്പീൽവാദി**

**v.**

**എസ്.പി.ഇ./സി.ബി.ഐ./എ.സി.ബി./ചെന്നൈ പോലീസ് ഇൻസ്പെക്ടർ പ്രതിനിധീകരിക്കുന്ന സംസ്ഥാനം – എതിർകക്ഷി**

(13.05.2025 ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

കൈക്കൂലി വാങ്ങി വൻതോതിൽ സ്വത്ത് സമ്പാദിക്കുന്നതിനായി അപ്പീൽവാദിയും അവളുടെ ഭർത്താവും ഗൂഢാലോചന നടത്തിയിട്ടുണ്ടോ എന്ന് തെളിവുകളിൽ നിന്ന് വ്യക്തമല്ല, എന്നാൽ ഇത്രയുമധികം അനധികൃത സ്വത്ത് സമ്പാദിച്ചതിനുശേഷം, അപ്പീൽവാദി തന്റെ പേരിൽ സ്വത്തുക്കൾ സൂക്ഷിച്ചത് വഴി അത്തരം സ്വത്ത് മറച്ചുവെക്കുന്നതിൽ സജീവമായി പങ്കെടുത്തിട്ടുണ്ടെന്നതിൽ സംശയമില്ല. അങ്ങനെ ചെയ്തതിലൂടെ, ഇന്ത്യൻ ശിക്ഷാ നിയമസംഹിതയുടെ 109-ാം വകുപ്പും 1988-ലെ അഴിമതി നിരോധന ആക്റ്റിലെ 13(2), 13(1)(e) വകുപ്പുകളുമായി ചേർത്ത് വായിച്ച പ്രകാരമുള്ള പ്രേരണാക്കുറ്റത്തിന് അപ്പീൽവാദി നിസ്സംശയമായും കുറ്റക്കാരിയാണ്. മാത്രമല്ല, കുറ്റകൃത്യം നടന്ന സമയത്ത് അപ്പീൽവാദി ചെന്നൈ പോർട്ട് ട്രസ്റ്റിൽ അസിസ്റ്റന്റ് സൂപ്രണ്ട് പദവി വഹിച്ചിരുന്ന ഒരു പൊതുസേവകയായിരുന്നുവെന്ന് ശ്രദ്ധിക്കേണ്ട വസ്തുതയാണ്. എന്നിരുന്നാലും പ്രധാന പ്രതിയുടെ ഭാര്യ എന്ന നിലയിലാണ് അവർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിച്ചിട്ടുള്ളത്. കുറ്റം ചെയ്ത സമയത്ത് അവർ കൂട്ടുപ്രതിയുടെ ഭാര്യയായിരുന്നതിനാൽ, പിന്നീട് അയാൾ പുനർവിവാഹം ചെയ്തിട്ടുള്ളതിനാൽ, അവർ അയാളുടെ ഭാര്യയല്ല എന്ന അപ്പീൽവാദിയുടെ വാദത്തിന് യാതൊരു കഴമ്പുമില്ല. കുറ്റകൃത്യം നടന്ന സമയത്ത് അവർ ഭാര്യയായിരുന്നില്ല എന്ന് അനുമാനിച്ചാലും, അത് പ്രസക്തമല്ല, കാരണം അവരുടെ പേരിൽ സ്വത്തുക്കൾ സമ്പാദിക്കാൻ കൂട്ടുപ്രതിയെ അനുവദിച്ചുവെന്നും അതുവഴി, അറിയപ്പെടുന്ന വരുമാന സ്രോതസ്സുകൾക്ക് ആനുപാതികമല്ലാത്ത സ്വത്തുക്കൾ സമ്പാദിക്കാൻ

> കൂട്ടുപ്രതിയെ സഹായിച്ചുവെന്നും തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. ഇന്ത്യൻ ശിക്ഷാ നിയമസംഹിതയുടെ 109-ാം വകുപ്പും 1988-ലെ അഴിമതി നിരോധന ആക്റ്റിലെ 13(1)(e) വകുപ്പുമായി ചേർത്ത് വായിച്ച് കുറ്റകൃത്യത്തിന് ഒരു പൊതുസേവകൻ അല്ലാത്തയാളെ പോലും ശിക്ഷിക്കാൻ കഴിയുമെന്നത് സുസ്ഥിരമായ നിയമമാണ്.

ചെന്നൈ പോർട്ട് ട്രസ്റ്റിൽ അസിസ്റ്റന്റ് സൂപ്രണ്ടായി ജോലി ചെയ്തിരുന്ന അപ്പീൽവാദി, ഇന്ത്യൻ ശിക്ഷാ നിയമസംഹിതയുടെ 109-ാം വകുപ്പും 1988-ലെ അഴിമതി നിരോധന ആക്റ്റിലെ 13(2), 13(1)(e) വകുപ്പുകളുമായി ചേർത്ത് വായിച്ച പ്രകാരം അവർക്കെതിരെയുള്ള കുറ്റസ്ഥാപനവും ശിക്ഷയും ശരിവെച്ച മദ്രാസ് ഹൈക്കോടതിയുടെ 10.01.2018-ലെ വിധിന്യായത്തെയും ഉത്തരവിനെയും ചോദ്യം ചെയ്തുകൊണ്ടാണ് ഈ കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളത്. ആ ഉത്തരവിൽത്തന്നെ അന്ന് അപ്പീൽവാദിയുടെ ഭർത്താവായിരുന്ന കൂട്ടുപ്രതിയെയും 1988-ലെ ആക്റ്റിലെ 13(2), 13(1)(e) വകുപ്പുകൾ പ്രകാരം കുറ്റക്കാരനാണെന്ന് കണ്ടെത്തി ശിക്ഷിച്ചിരുന്നു.

അപ്പീൽവാദിയുടെ ഭർത്താവിനെതിരെ മോട്ടോർ വാഹന അപകട ക്ലെയിമുമായി ബന്ധപ്പെട്ട ഒരു ചെക്ക് കൈമാറുന്നതിനായി 3000 രൂപ നിയമവിരുദ്ധമായി ആവശ്യപ്പെടുകയും സ്വീകരിക്കുകയും ചെയ്തു എന്ന് ആരോപിച്ച് 2009 ജൂണിൽ ഒരു എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിരുന്നു. എഫ്.ഐ.ആർ. പ്രകാരമുള്ള അന്വേഷണം നടക്കുന്നതിനിടെ, അപ്പീൽവാദിയുടെ ഭർത്താവിന്റെ വീട്ടിൽ ചില റെയ്ഡുകൾ നടത്തുകയും, യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിൽ ഡിവിഷണൽ മാനേജർ തസ്തികയിൽ പൊതുസേവകനായി സേവനമനുഷ്ഠിക്കുകയായിരുന്ന അയാൾക്കെതിരെ 1988-ലെ ആക്റ്റിലെ 13(2), 13(1)(e) വകുപ്പുകൾ പ്രകാരം 31.12.2009-ന് മറ്റൊരു എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുകയും ചെയ്തു. അപ്പീൽവാദിയുടെ ഭർത്താവിന്റെ വസതിയിൽ പരിശോധന നടത്തിയപ്പോൾ, അപ്പീൽവാദിയുടെയും അവരുടെ ഭർത്താവിന്റെയും പേരിലുള്ള സ്ഥാവര, ജംഗമ സ്വത്തുക്കളുമായി ബന്ധപ്പെട്ട കുറ്റകരമായ വിവിധ രേഖകൾ കണ്ടെത്തി. പരിശോധന കാലയളവായ 1.09.2002-നും 16.06.2009-നും ഇടയിൽ, അപ്പീൽവാദിയുടെ ഭർത്താവ് അയാളുടെ വരുമാനത്തിന് ആനുപാതികമല്ലാത്ത സ്ഥാവര ജംഗമ സ്വത്തുക്കൾ സമ്പാദിച്ചു എന്നാണ് പ്രാഥമികമായി ആരോപിക്കപ്പെട്ടത്. ഈ സ്വത്തുക്കൾ അപ്പീൽവാദിയുടെയും അവരുടെ ഭർത്താവിന്റെയും പേരുകളിലായിരുന്നു.

18.12.2010-ന് കുറ്റപത്രം സമർപ്പിക്കുകയും, പരിശോധന കാലയളവിൽ അവർ നേടിയിട്ടുള്ള വിവധ സ്ഥാവര ജംഗമ വസ്തുക്കളുടെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ അപ്പീൽവാദിക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയുടെ 109-ാം വകുപ്പും 1988-ലെ അഴിമതി നിരോധന ആക്റ്റിലെ 13(2), 13(1)(e) വകുപ്പുകളുമായി ചേർത്ത് വായിച്ച പ്രകാരം കുറ്റം ചുമത്തുകയും, അതേസമയം, അവരുടെ ഭർത്താവിനെതിരെ 1988-ലെ ആക്റ്റിലെ 13(2) വകുപ്പും 13(1)(e) വകുപ്പുമായി ചേർത്ത് വായിച്ച പ്രകാരം കുറ്റം ചുമത്തുകയും ചെയ്തു. 60,99,216 രൂപ വിലവരുന്ന അനധികൃത സ്വത്തുക്കൾ പ്രതികൾ സമ്പാദിച്ചതായി ആരോപിക്കപ്പെട്ടു.

ഹാജരാക്കിയ തെളിവുകൾ പരിശോധിച്ച ശേഷം, വിചാരണ കോടതി 27.05.2013-ലെ ഉത്തരവ് പ്രകാരം അപ്പീൽവാദിയും അവരുടെ ഭർത്താവും കുറ്റക്കാരാണെന്ന് കണ്ടെത്തുകയും, പരിശോധന കാലയളവിൽ അപ്പീൽവാദിയുടെ ഭർത്താവ് അറിയപ്പെടുന്ന വരുമാന സ്രോതസ്സുകൾക്കുപരിയായി 37,98,752 രൂപയുടെ അനധികൃത സ്വത്ത് സമ്പാദിച്ചതായി വിധിക്കുകയും ചെയ്തു. അനധികൃതമായി സ്വത്തുക്കൾ സമ്പാദിക്കാൻ ഭർത്താവിന് പ്രേരണ നൽകിയതിന് അപ്പീൽവാദിയെ കുറ്റക്കാരിയായി കണ്ടെത്തി. 1988-ലെ ആക്റ്റിലെ 13(2) വകുപ്പും 13(1)

(e) വകുപ്പുമായി ചേർത്ത് വായിച്ച പ്രകാരം അപ്പീൽവാദിയുടെ ഭർത്താവിനെ കുറ്റക്കാരനാണെന്ന് കണ്ടെത്തുകയും 2 വർഷത്തെ കഠിന തടവിന് ശിക്ഷിക്കുകയും ചെയ്തു. എന്നാൽ അപ്പീൽവാദിയെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയുടെ 109-ാം വകുപ്പും 1988-ലെ അഴിമതി നിരോധന ആക്റ്റിലെ 13(2), 13(1)(e) വകുപ്പുകളുമായി ചേർത്ത് വായിച്ച പ്രകാരം കുറ്റക്കാരിയായി കണ്ടെത്തുകയും 1 വർഷത്തെ കഠിന തടവിന് ശിക്ഷിക്കുകയും ചെയ്തു.

അപ്പീൽവാദിയും അവരുടെ ഭർത്താവും മേൽപ്പറഞ്ഞ ഉത്തരവിനെതിരെ ക്രിമിനൽ അപ്പീൽ ഫയൽ ചെയ്തു. 10.01.2018-ന്, ഹൈക്കോടതി അപ്പീൽ തള്ളുകയും വിചാരണ കോടതിയുടെ കണ്ടെത്തലുകളിൽ ഇടപെടാൻ യാതൊരു കാരണവുമില്ലെന്ന് കണ്ടെത്തുകയും ചെയ്തു. പ്രതിയുടെ അറിയപ്പെടുന്ന വരുമാന സ്രോതസ്സുകൾ കണക്കുകൂട്ടിയതിൽ ചെറിയ പൊരുത്തക്കേടുകൾ ഉണ്ടെങ്കിലും, ആസ്തികളിൽ ഉണ്ടായ വലിയ വർദ്ധനവ് വരുമാനത്തിന് ഒട്ടും ആനുപാതികമല്ലന്ന് നിരീക്ഷിച്ചുകൊണ്ട് ഹൈക്കോടതി അപ്പീൽ തള്ളി. പരിശോധന കാലയളവിൽ സമ്പാദിച്ചിട്ടുള്ള സ്വത്തുക്കൾ പ്രതികളുടെ അറിയപ്പെടുന്ന വരുമാന സ്രോതസ്സുകളിൽ നിന്ന് ആർജ്ജിച്ചതാണെന്ന് കാണിക്കാൻ ഒരു തെളിവും ഇല്ലെന്നും, പ്രതികൾ നൽകിയ വിശദീകരണങ്ങൾ അംഗീകരിച്ചാൽപ്പോലും അത് അനുപാതരാഹിത്യം ഇല്ലാതാക്കുന്നില്ലെന്നും ഹൈക്കോടതി പ്രത്യേകം നിരീക്ഷിച്ചു. അപ്പീൽവാദി ഇപ്പോൾ ഈ കോടതി മുമ്പാകെ ഉണ്ട്.

പരിശോധന കാലയളവിൽ അനധികൃത സ്വത്തുക്കൾ സമ്പാദിക്കാൻ പ്രധാന പ്രതിയായ തന്റെ ഭർത്താവിനെ പ്രേരണ നൽകിയതിന് അപ്പീൽവാദിയെ കുറ്റക്കാരിയായി കണ്ടെത്തിയതിൽ വിചാരണ കോടതികൾക്ക് ഗുരുതരമായ തെറ്റ് സംഭവിച്ചിട്ടുണ്ടെന്നും, ഭർത്താവ് തന്റെ പേരിൽ അനധികൃതമായി വാങ്ങിയ ഏതെങ്കിലും സ്വത്ത് അവളുടെ കൈകളിൽ എത്തിയത് അനധികൃതമായി കണക്കാക്കാനാവില്ലെന്നുമാണ് അവരുടെ വാദം. കൂടാതെ, കൂട്ടുപ്രതി ഇപ്പോൾ തന്റെ ഭർത്താവല്ലെന്നും അയാൾ പുനർവിവാഹം കഴിച്ചുവെന്നും അപ്പീൽവാദി വാദിച്ചു. എന്നാൽ, 1988-ലെ ആക്റ്റിലെ 13(1)(e) വകുപ്പ് പ്രകാരം കുറ്റം ചെയ്യുന്നതിൽ അപ്പീൽവാദി തന്റെ ഭർത്താവുമായി ഒത്തുചേർന്ന് പ്രവർത്തിച്ചുവെന്നും കുറ്റകൃത്യം ചെയ്യാൻ അവർ പ്രേരണ നൽകിയെന്നും പ്രോസിക്യൂഷൻ വാദിച്ചു.

ഞങ്ങൾ ഇരുകക്ഷികളുടെയും വാദം കേൾക്കുകയും, ഹാജരാക്കിയ തെളിവുകൾ പരിശോധിക്കുകയും ചെയ്തു.

1988-ലെ ആക്റ്റിലെ 13(1)(e) വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യത്തിന് പ്രേരണ നൽകിയതിന് അപ്പീൽവാദിയെ ശിക്ഷിച്ചത് ശരിയാണോ എന്നതാണ് ഞങ്ങളുടെ പരിഗണനയിലുള്ള ഒരേയൊരു ചോദ്യം.

പി. നല്ലമ്മാളും മറ്റുള്ളവരും v. സ്റ്റേറ്റ് (1999) 6 SCC 559 എന്ന കേസിൽ, ഇന്ത്യൻ ശിക്ഷാ നിയമസംഹിതയുടെ 109-ാം വകുപ്പും 1988-ലെ അഴിമതി നിരോധന ആക്റ്റിലെ 13(1)(e) വകുപ്പുമായി ചേർത്ത് വായിച്ച കുറ്റകൃത്യവുമായി ബന്ധപ്പെട്ട നിയമം ഈ കോടതി വ്യക്തമാക്കിയിരുന്നു. അതിൽ 1988-ലെ ആക്റ്റിലെ 13(1) (e) വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യത്തിന് പ്രേരണ നൽകിയതിന് അതിലെ അപ്പീൽവാദിയെ ശിക്ഷിക്കേണ്ടതുണ്ടോ എന്ന കാര്യം ഈ കോടതി പരിഗണിച്ചിരുന്നു.

പി. നല്ലാമ്മാൾ കേസിൽ 1988-ലെ ആക്റ്റിലെ 13(1)(e) വകുപ്പ് പ്രകാരമുള്ള ഒരു കുറ്റകൃത്യത്തിന് ഒരു പൊതുസേവകൻ അല്ലാത്തയാൾക്ക് പ്രേരണ നൽകാൻ കഴിയില്ലെന്ന് വാദിച്ചു. കൂടാതെ, 1988-ലെ ആക്റ്റിൽ 13(1)(e) വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യത്തിന് പ്രേരണ നൽകുന്നതിന് ശിക്ഷ നൽകുന്ന ഒരു വ്യവസ്ഥയുമില്ലെന്നും, അതേസമയം മറ്റ് ചില കുറ്റകൃത്യങ്ങൾക്ക് പ്രേരണ നൽകുന്നതിന് ശിക്ഷയും ടി ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും വാദിച്ചു.

എന്നാൽ, പൊതുസേവകൻ ചെയ്യുന്നതോ അവരുമായി ബന്ധപ്പെട്ടതോ ആയ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട ഐ.പി.സി. യിലെ ഒൻപതാം അധ്യായത്തിലെ ചില വ്യവസ്ഥകൾക്ക് പകരമായി കൊണ്ടുവന്ന 1988-ലെ ആക്റ്റിലെ 13-ാം വകുപ്പിന്റെ ചരിത്രം പരിഗണിച്ച ശേഷം, 13(1)(e) വകുപ്പ് പ്രകാരമുള്ള ഒരു കുറ്റകൃത്യത്തിന് ഏത് വ്യക്തിക്കും

പ്രേരണ നൽകാമെന്ന് ഈ കോടതി വിധിച്ചു. 1988-ലെ ആക്റ്റിലെ 13(1)(e) വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യത്തിന് പൊതുസേവ കനല്ലാത്ത ഒരാൾക്ക് പോലും എങ്ങനെ പ്രേരണ നൽകാമെന്ന് ദൃഷ്ടാന്തങ്ങളിലൂടെ ഈ കോടതി വ്യക്തമാക്കി.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഒരു പൊതുസേവകനെ കൈക്കൂലി വാങ്ങാൻ പ്രേ രിപ്പിക്കുകയും, പൊതുസേവകനോടൊപ്പം കൈക്കൂലി സ്വീകരിച്ച് പണം സ്വരൂപിക്കാൻ തീരുമാനിക്കുകയും, ആ പൊതുസേവകനെ ആ സ്വത്ത് തന്റെ പക്കൽ സൂക്ഷിക്കാൻ പ്രേരിപ്പിക്കുകയും, അല്ലെങ്കിൽ ഒരു പൊതുസേവകന്റെ കുമിഞ്ഞുകൂടിയ സ്വത്ത് സ്വന്തം പേരിൽ സൂക്ഷിക്കുകയും ചെയ്യുന്ന ഏതൊരു വ്യക്തിയും 1988 ലെ ആക്റ്റിലെ 13(1)(e) വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യത്തിന് പ്രേരണ നൽക്കുന്നതിന് ശിക്ഷിക്കപ്പെടാൻ അർഹനാണ്. 1988-ലെ അഴിമതി നിരോധന ആക്റ്റ് പ്രകാരമുള്ള എല്ലാ കുറ്റകൃത്യങ്ങൾക്കും പ്രേരണകുറ്റവും ഉൾപ്പെടുത്തി 2018-ൽ 12-ാം വകുപ്പിൽ ഭേദഗതി വരുത്തിയിട്ടുണ്ടെന്നതും നാം ശ്രദ്ധിക്കേണ്ടതാണ്. എന്തായാലും, 2018-ലെ ഭേദഗതിക്ക് മുമ്പുതന്നെ 13(1)(e) വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യത്തിന് പ്രേരണാകുറ്റവും നിലനിൽക്കും എന്നതിൽ സംശയമില്ല.

[പത്രാധിപക്കുറിപ്പ് :- ഈ കേസിലേക്ക് നയിച്ച വസ്തുതകൾ 2018 ലെ ഭേദഗതിക്ക് മുമ്പാണ് നടന്നത്]

ഈ കേസിൽ, പരിശോധന കാലയളവിൽ അപ്പീൽവാദിയുടെ ഭർത്താവ് അവളുടെ പേരിൽ അദ്ദേഹത്തിന്റെ വരുമാനത്തിന് ആനുപാതികമല്ലാത്ത സ്വത്തുക്കൾ സമ്പാദിച്ചിട്ടുണ്ട് എന്നത് സമ്മതിച്ചിട്ടുള്ള വസ്തുതയാണ്. വിചാരണ കോടതിയും ഹൈക്കോടതിയും ഇത് സംബന്ധിച്ച് സമാനമായ കണ്ടെത്തലുകൾ നടത്തിയിട്ടുള്ളതാണ്, അതിനാൽ അതിലേക്ക് കടക്കേണ്ടതില്ല.

കൈക്കൂലി വാങ്ങി വൻതോതിൽ സ്വത്ത് സമ്പാദിക്കുന്നതിനായി അപ്പീൽവാദിയും അവളുടെ ഭർത്താവും ഗൂഢാലോചന നടത്തിയിട്ടുണ്ടോ എന്ന് തെളിവുകളിൽ നിന്ന് വ്യക്തമല്ല, എന്നാൽ ഇത്രയുമധികം അനധികൃത സ്വത്ത് സമ്പാദിച്ചതിനുശേഷം, അപ്പീൽവാദി തന്റെ പേരിൽ സ്വത്തുക്കൾ സൂക്ഷിച്ചത് വഴി അത്തരം സ്വത്ത് മറച്ചുവെക്കുന്നതിൽ സജീവമായി പങ്കെടുത്തിട്ടുണ്ടെന്നതിൽ സംശയമില്ല. അങ്ങനെ ചെയ്തതിലൂടെ, ഇന്ത്യൻ ശിക്ഷാ നിയമസംഹിതയുടെ 109-ാം വകുപ്പും 1988-ലെ അഴിമതി നിരോധന ആക്റ്റിലെ 13(2), 13(1)(e) വകുപ്പുകളുമായി ചേർത്ത് വായിച്ച പ്രകാരമുള്ള പ്രേ രണാക്കുറ്റത്തിന് അപ്പീൽവാദി നിസ്സംശ യമായും കുറ്റക്കാരിയാണ്. മാത്രമല്ല, കുറ്റകൃത്യം നടന്ന സമയത്ത് അപ്പീൽവാദി ചെന്നൈ പോർട്ട് ട്രസ്റ്റിൽ അസിസ്റ്റന്റ് സൂപ്ര ണ്ട് പദവി വഹിച്ചിരുന്ന ഒരു പൊതുസേവ കയായിരുന്നുവെന്ന് ശ്രദ്ധിക്കേണ്ട വസ്തുതയാണ്. എന്നിരുന്നാലും പ്രധാന പ്രതിയുടെ ഭാര്യ എന്ന നിലയിലാണ് അവർക്കെതിരെ ക്രിമിനൽ നടപ ടി സ്വീകരിച്ചിട്ടുള്ളത്. കുറ്റം ചെയ്ത സമയത്ത് അവർ കൂട്ടുപ്രതിയുടെ ഭാര്യയായിരുന്നതിനാൽ, പിന്നീട് അയാൾ പുനർവിവാഹം ചെയ്തിട്ടുള്ളതിനാൽ, അവർ അയാളുടെ ഭാര്യയല്ല എന്ന അപ്പീൽവാദിയുടെ വാദത്തിന് യാതൊരു കഴമ്പുമില്ല. കുറ്റകൃത്യം നടന്ന സമയത്ത് അവർ ഭാര്യയായിരുന്നില്ല എന്ന് അനുമാനിച്ചാലും, അത് പ്ര സക്തമല്ല, കാരണം അവരുടെ പേരിൽ സ്വത്തുക്കൾ സമ്പാദിക്കാൻ കൂട്ടുപ്ര തിയെ അനുവദിച്ചുവെന്നും അതുവഴി, അറിയപ്പെടുന്ന വരുമാന സ്രോതസ്സുകൾക്ക് ആനുപാതികമല്ലാത്ത സ്വത്തുക്കൾ സമ്പാദി ക്കാൻ കൂട്ടുപ്രതിയെ സഹായിച്ചുവെന്നും തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. ഇന്ത്യൻ ശിക്ഷാ നിയമസംഹിതയുടെ 109-ാം വകുപ്പും 1988-ലെ അഴിമതി നിരോധന ആക്റ്റിലെ 13(1)(e) വകുപ്പുമായി ചേർത്ത് വായിച്ച് കുറ്റകൃത്യത്തിന് ഒരു പൊതുസേവകൻ അല്ലാത്തയാളെ പോലും ശിക്ഷിക്കാൻ കഴിയുമെന്നത് സുസ്ഥിരമായ നിയമമാണ്. ഇന്ത്യൻ ശിക്ഷാ നിയമസംഹിതയുടെ 109-ാം വകുപ്പും 1988-ലെ അഴിമതി നിരോധന ആക്റ്റിലെ 13(2), 13(1)(e) വകുപ്പുകളുമായി ചേർത്ത് വായിച്ച പ്രകാരമുള്ള പ്രേരണാക്കുറ്റത്തിന് അപ്പീൽവാദിയെ ശിക്ഷിക്കാൻ കഴിയില്ലെന്ന് വിധിക്കാൻ ഒരു കാരണവും ഞങ്ങൾ കാണുന്നില്ല.

അപ്പീൽ തള്ളുന്നു.




# ഹൈക്കോടതി വിധി

## സംക്ഷിപ്തം

## കേരള ഹൈക്കോടതി മുമ്പാകെ

## ബഹു. ജസ്റ്റിസ് സി പ്രതീപ് കുമാർ

ക്രിമിനൽ എം.സി. നം. 9334/ 2022

[തൃശൂർ മണ്ണുത്തി പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ.446/2013;

തൃശൂർ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് -III മുമ്പാകെയുള്ള സി.സി.നമ്പർ 618/2013-ലെ ഉത്തരവ്/വിധിക്കെതിരെ]

**ഷിഹാബ് - ഹർജിക്കാരൻ**

**v.**

**കേരള സംസ്ഥാനവും മറ്റൊരാളും - എതിർകക്ഷികൾ**

(12.11.2025-ന് വിധി പ്രസ്താവിച്ചത്)

വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

ഒരു കേസിൽ സമൻസ് വിചാരണയ്ക്കിടെ രേഖപ്പെടുത്തിയ തെളിവുകൾ, അതിനെ വാറണ്ട് കേസാക്കി മാറ്റിയതിനുശേഷവും ഉപയോഗിക്കാൻ കഴിയുമെന്ന് മേൽപ്പറഞ്ഞ വിധിന്യായത്തിൽ കോടതി വ്യക്തമാക്കിയിരുന്നു. 1940-ലെ ഔഷധങ്ങളും സൗന്ദര്യവർദ്ധക വസ്തുക്കളും ആക്റ്റിലെ 32-ാം വകുപ്പ് പ്രകാരം സമർപ്പിച്ച ഒരു സ്വകാര്യ പരാതിയുടെ അടിസ്ഥാനത്തിലാണ് മുകളിൽ പറഞ്ഞ കേസ് ആരംഭിച്ചത് എന്നത് ശരിയാണ്. എന്നിരുന്നാലും, മുകളിൽ പറഞ്ഞ വിധിന്യായത്തിലെ തത്വങ്ങൾ ഈ കേസിന്റെ വസ്തുതകൾക്കും ബാധകമാക്കാവുന്നതാണ്, കാരണം രണ്ട് കേസുകളിലും സമൻസ് കേസ് വാറണ്ട് കേസാക്കി മാറ്റിയിട്ടുള്ളതാണ്.

മണ്ണുത്തി പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 446/2013 നിന്ന് ഉത്ഭവിച്ച തൃശൂർ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി-III മുമ്പാകെയുള്ള സി.സി. നമ്പർ 618/2013 ലെ ഏക പ്രതിയാണ് ഹർജിക്കാരൻ. ഐ.പി.സി.യിലെ 341, 354, 506(i) എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങളാണ് ഹർജിക്കാരനെതിരെ ആരോപിച്ചിരിക്കുന്നത്.

07.03.2013-ന് വൈകുന്നേരം അഞ്ചരമണിയോട് കൂടി പ്രതി പരാതിക്കാരിയെ അന്യായമായി തടഞ്ഞുവച്ച്, വലതു കൈയ്യിൽ കയറിപ്പിടിച്ചുകൊണ്ട് അവളെ മാനഭംഗപ്പെടുത്തിയെന്നും, കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയെന്നും, അതുവഴി മുകളിൽ പറഞ്ഞ കുറ്റകൃത്യങ്ങൾ ചെയ്തുവെന്നുമാണ് പ്രോസിക്യൂഷന്റെ വാദം.

ടി കേസ് വാറണ്ട് കേസായി പരിഗണിച്ച് മുന്നോട്ട്കൊണ്ടുപോകുന്നതിനുപകരം, സമൻസ് കേസുകളിലെപ്പോലെ മജിസ്ട്രേറ്റ് തെളിവുകൾ രേഖപ്പെടുത്തിയതായി

17.11.2022-ലെ ഉത്തരവിൽ നിന്നും കാണാവുന്നതാണ്. അന്തിമ വാദം നടന്ന സമയത്ത്, ഈ പിശക് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന്, ചാർജ് തയ്യാറാക്കി പുതുതായി വിചാരണ നടത്തുവാൻ ഉത്തരവിട്ടുകൊണ്ട്, മുകളിൽ പറഞ്ഞ പിശക് പരിഹരിക്കുവാൻ മജിസ്ട്രേറ്റ് തീരുമാനിച്ചു. ടി ഉത്തരവിൽ ആവലാതിപ്പെട്ടുകൊണ്ടാണ് ഹർജിക്കാരൻ ഈ ക്രിമിനൽ എം.സി. ഫയൽ ചെയ്തിരിക്കുന്നത്.

ഹർജിക്കാരന്റെ അഭിഭാഷകന്റെ വാദമനുസരിച്ച്, ഇതിനകം രേഖപ്പെടുത്തിയിട്ടുള്ള തെളിവുകൾ ഉപയോഗിക്കുന്നതിൽ തനിക്ക് പ്രശ്നമില്ലെന്ന് ഹർജിക്കാരൻ മജിസ്ട്രേറ്റിനെ അറിയിച്ചെങ്കിലും, ഈ സമർപ്പണം അവഗണിച്ചുകൊണ്ട്, പുതുതായി വിചാരണ നടത്തുവാൻ മജിസ്ട്രേറ്റ് ഉത്തരവിടുകയായിരുന്നു. ഇത് ഹർജിക്കാരന് വളരെയധികം കഷ്ടപ്പാടിന് ഇടയാക്കിയിട്ടുണ്ട്. 2013-ൽ തുടങ്ങിയ കേസാണിതെന്നും, ചോദ്യം ചെയ്യപ്പെട്ടിട്ടുള്ള ഉത്തരവിൽ ഈ കോടതി ഇടപെട്ടില്ലെങ്കിൽ കഴിഞ്ഞ ഒമ്പത് വർഷമായി വിചാരണ നടപടികൾ നേരിട്ട ശേഷം, ഹർജിക്കാരന് മറ്റൊരു വിചാരണ കൂടി നേരിടേണ്ടിവരുമെന്നും വാദിച്ചിട്ടുണ്ട്.

ടി ഹർജിയെ പബ്ലിക് പ്രോസിക്യൂട്ടർ എതിർത്തു. പബ്ലിക് പ്രോസിക്യൂട്ടറുടെ അഭിപ്രായത്തിൽ, സി.ആർ.പി.സി.യുടെ 240-ാം വകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ളതുപോലെ കുറ്റം ചുമത്തി യില്ലെങ്കിൽ, വിചാരണ നടപടികൾ തന്നെ അസാധുവാകും. അതിനാൽ, മജിസ്ട്രേറ്റ് സ്വീകരിച്ച നടപടിക്രമത്തിൽ അദ്ദേഹത്തിന് ഒരു പിശകും കണ്ടെത്താനായില്ല.

മറുവശത്ത്, ഹർജിക്കാരന്റെ അഭിഭാഷകൻ ഹരീഷ്ഭായ് കേശവ്ഭായ് v. കേരള സംസ്ഥാനം [2021 (1) KHC 335] എന്ന കേസിലെ ഈ കോടതിയുടെ വിധിന്യായത്തെ ആശ്രയിച്ചുകൊണ്ട്, സമൻസ് കേസായി വിചാരണ ചെയ്യപ്പെടുന്ന ഒരു കേസ് വാറണ്ട് കേസാക്കി മാറ്റിയാലും, സമൻസ് വിചാരണയ്ക്കിടെ രേഖപ്പെടുത്തിയ തെളിവുകൾ ഉപയോഗിക്കാനും അതനുസരിച്ച് നടപടികൾ സ്വീകരിക്കാനും കഴിയുമെന്ന് വാദിച്ചു.

ഒരു കേസിൽ സമൻസ് വിചാരണയ്ക്കിടെ രേഖപ്പെടുത്തിയ തെളിവുകൾ, അതിനെ വാറണ്ട് കേസാക്കി മാറ്റിയതിനുശേഷവും ഉപയോഗിക്കാൻ കഴിയുമെന്ന് മേൽപ്പറഞ്ഞ വിധിന്യായത്തിൽ കോടതി വ്യക്തമാക്കിയിരുന്നു. 1940-ലെ ഔഷധങ്ങളും സൗന്ദര്യവർദ്ധക വസ്തുക്കളും ആക്റ്റിലെ 32-ാം വകുപ്പ് പ്രകാരം സമർപ്പിച്ച ഒരു സ്വകാര്യ പരാതിയുടെ അടിസ്ഥാനത്തിലാണ് മുകളിൽ പറഞ്ഞ കേസ് ആരംഭിച്ചത് എന്നത് ശരിയാണ്. എന്നിരുന്നാലും, മുകളിൽ പറഞ്ഞ വിധിന്യായത്തിലെ തത്വങ്ങൾ ഈ കേസിന്റെ വസ്തുതകൾക്കും ബാധകമാക്കാവുന്നതാണ്, കാരണം രണ്ട് കേസുകളിലും സമൻസ് കേസ് വാറണ്ട് കേസാക്കി മാറ്റിയിട്ടുള്ളതാണ്. മാത്രമല്ല, ഇത് 2013-ൽ തുടങ്ങിയ ഒരു കേസാണെന്നും. കഴിഞ്ഞ 12 വർഷത്തിലേറെയായി ഹർജിക്കാരൻ വിചാരണ നേരിട്ടുവരികയാണെന്നും നിരീക്ഷിച്ചു.

അതിനാൽ, സമൻസ് കേസായി വിചാരണ നടത്തിയ ഘട്ടത്തിൽ ഇതിനകം രേഖപ്പെടുത്തിയ തെളിവുകൾ ഉപയോഗിച്ചുകൊണ്ട് വാറണ്ട് കേസായി വിചാരണ നടപടികൾ മുന്നോട്ട് കൊണ്ടുപോകാനുള്ള നിർദ്ദേശത്തോടെ, ഈ ക്രിമിനൽ എം.സി. അനുവദിക്കാവുന്നതാണ്.

തൽഫലമായി ക്രിമിനൽ എം.സി. അനുവദിക്കുന്നു. മജിസ്ട്രേറ്റ് പുറപ്പെടുവിച്ച അനുബന്ധം സി ഉത്തരവ് റദ്ദാക്കുന്നു. സമൻസ് കേസായി വിചാരണ നടത്തിയ ഘട്ടത്തിൽ ഇതിനകം രേഖപ്പെടുത്തിയ തെളിവുകൾ ഉപയോഗിച്ച് വാറണ്ട് കേസായി വിചാരണ നടപടികൾ മുന്നോട്ട് കൊണ്ടുപോകാൻ മജിസ്ട്രേറ്റിനോട് നിർദ്ദേശിക്കുന്നു. കക്ഷികളിൽ ആരെങ്കിലും ഏതെങ്കിലും സാക്ഷിയെ വീണ്ടും വിസ്തരിക്കാൻ ആവശ്യപ്പെടുന്നുവെങ്കിൽ മജിസ്ട്രേറ്റ് അവർക്ക് അതിന് അനുമതി നൽകേണ്ടതാണ്.




# സുപ്രധാനവിധികൾ ഒറ്റനോട്ടത്തിൽ

**കെ. രാമചന്ദ്രൻ v. ഗോപി**

2025 : KER : 42704

പെരിന്തൽമണ്ണ ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി C.C. No.706/2005-ൽ 04.04.2007-ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്മേലാണ് അതിലെ കുറ്റാരോപിതനെ 1-ാം എതിർകക്ഷിയായും സംസ്ഥാന സർക്കാരിനെ 2-ാം എതിർകക്ഷിയായും പ്രതിചേർത്തുകൊണ്ട് അപ്പീൽവാദി (പരാതിക്കാരൻ) ഈ ക്രിമിനൽ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളത്. കേസ് സംബന്ധമായ വസ്തുതകൾ ചുരുക്കത്തിൽ ഇനി പറയും പ്രകാരമാണ്. കുറ്റാരോപിതനായ 1-ാം എതിർകക്ഷി കേരള റോഡ്‌വേയ്സ് ലിമിറ്റഡിന്റെ പേർക്ക് വിജയാബാങ്കിന്റെ മഞ്ചേരി ശാഖയിൽ നിന്ന് മാറ്റിയെടുക്കുവാനായി നൽകിയ 65,000/- രൂപയുടെ ചെക്ക് ബാങ്ക് നിരാകരിച്ചതിനെത്തുടർന്ന് പരാതിക്കാരനായ ശ്രീ. കെ. രാമചന്ദ്രൻ മഞ്ചേരി ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ പരാതി നല്കിയിരുന്നു. 1881-ലെ നെഗോഷ്യബിൾ ഇൻസ്ട്രമെന്റ് ആക്റ്റിലെ 138-ാം വകുപ്പ് പ്രകാരം ശിക്ഷാർഹമായ കുറ്റത്തിന് കോടതി കേസ് എടുത്ത് വിചാരണ നടത്തുകയും തെളിവുകൾ വിലയിരുത്തിയതിനുശേഷം വിചാരണകോടതി നിശ്ചിത കാലയളവിൽ നിയമപ്രകാരമുള്ള നോട്ടീസ് നൽകിയിട്ടില്ല എന്നും ചെക്ക് നൽകിയിട്ടുള്ളത് കേരള റോഡ്‌വേയ്സ് ലിമിറ്റഡ് എന്ന കമ്പനിക്ക് ലഭിക്കാനുള്ള തുകയ്ക്കാണ് എന്നും ആയതിനാൽ അത് പരാതിക്കാരന്റെ വ്യക്തിപരമായ ബാദ്ധ്യതയിൽപ്പെടുന്നതല്ല എന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കോടതി പ്രതിയെ 04.04.2007-ലെ വിധിന്യായപ്രകാരം കുറ്റവിമുക്തനാക്കി.

ഈ ക്രിമിനൽ അപ്പീലിൽ ബഹു. ഹൈക്കോടതിയുടെ പരിഗണനക്കായി വന്ന പ്രധാന ചോദ്യങ്ങൾ താഴെ പറയുന്നവയായിരുന്നു.

1. ഒരു സ്ഥാപനത്തിന്റെയോ കമ്പനിയുടെയോ മാനേജർക്ക് അങ്ങനെയുള്ള കമ്പനിക്കോ, സ്ഥാപനത്തിനോ ലഭിക്കുവാനുള്ള പണത്തിനായി വ്യക്തിപരമായി വ്യവഹാരം നടത്തുവാൻ നിയമപരമായി അവകാശമുണ്ടോ?

2. അങ്ങനെയുള്ള സന്ദർഭങ്ങളിൽ നിയമ പ്രകാരം കേസ് നടത്തുവാൻ അർഹതയുള്ളത് ആർക്കാണ്?

1881-ലെ നെഗോഷ്യബിൾ ഇൻസ്ട്രമെന്റ് ആക്റ്റിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കേസ് പരിശോധിച്ച കോടതി താഴെപറയുന്ന കണ്ടെത്തലുകൾ നടത്തി. 1881-ലെ നെഗോഷ്യബിൾ ഇൻസ്ട്രമെന്റ് ആക്റ്റിന്റെ 7 മുതൽ 9 വരെയുള്ള വകുപ്പുകൾ 142 (a) വകുപ്പുമായി ചേർത്ത് വായിക്കുമ്പോൾ നെഗോഷ്യബിൾ ഇൻസ്ട്രമെന്റ് ആക്റ്റിന്റെ 138-ാം വകുപ്പ് പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തു എന്ന് ആരോപിച്ച് പരാതി നൽകുവാൻ പ്രാപ്തിയുള്ള വ്യക്തി ചെക്ക് പ്രകാരമുള്ള 'പണം സ്വീകരിക്കുന്നയാൾ' ("payee") അല്ലെങ്കിൽ 'മുറപ്രകാരമുള്ള കൈവശക്കാരൻ' (Holder in due course) ആണ്. 'പണം സ്വീകരിക്കുന്ന ആൾ' (payee) എന്നാൽ ചെക്കിൽ ആരുടെ പേരാണോ രേഖപ്പെടുത്തിയിട്ടുള്ളത് ആയാൾ ആണ്. ഈ കേസിൽ ചെക്ക് കേരള റോഡ്‌വേയ്സ് ലിമിറ്റഡിന്റെ ബാധ്യതക്കായി നല്കിയിട്ടുള്ളതാണ് എന്നത് സമ്മതിച്ചിട്ടുള്ളതാണ് അതിനാൽ ചെക്ക് പ്രകാരമുള്ള തുക കേരള റോഡ് വേയ്സ് ലിമിറ്റഡിന് കിട്ടാനുള്ളതാണ്.

ഒരു കമ്പനിയുടെ പേർക്ക് നല്കിയിട്ടുള്ള ചെക്ക് നിരാകരിക്കപ്പെടുന്ന സന്ദർഭങ്ങളിൽ 1881- ലെ നെഗോഷ്യബിൾ ഇൻസ്ട്രമെന്റ് ആക്റ്റിന്റെ 138-ാം വകുപ്പ് പ്രകാരം ക്രിമിനൽ നടപടിക്കായി പരാതി നല്കുവാൻ നിയമ പരമായി അവകാശമുള്ള വ്യക്തി പ്രസ്തുത കമ്പനിയോ അല്ലെങ്കിൽ സ്ഥാപനമോ ആണ്. നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്

ആക്റ്റിൽ നിർവ്വചിച്ചിരിക്കുന്ന "പണം കൈപറ്റുന്ന ആൾ" ("payee") അല്ലെങ്കിൽ "മുറപ്രകാരമുള്ള കൈവശക്കാരൻ" ("Holder in due course") എന്നിവയുടെ നിർവ്വചനത്തിൽ ഒരു കമ്പനിയുടെ മാനേജർ വ്യക്തി പരമായ നിലയിൽ വരില്ല. എന്നാൽ കമ്പനിയെ പ്രതിനിധീകരിക്കാനായി അധികാരപ്പെടുത്തിയിട്ടുള്ള ഒരു ഉദ്യോഗസ്ഥൻ അത്തരം ഒരു പ്രവർത്തി ചെയ്യുമ്പോൾ അത് സ്ഥാപനത്തിനോ അല്ലെങ്കിൽ കമ്പനിക്കോവേണ്ടി ആയിരിക്കും ചെയ്യുന്നത് അല്ലാതെ അയാളുടെ വ്യക്തിപ രമായ നിലയിലല്ല. ഈ വ്യവസ്ഥയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളത് "ഏക ഉടമസ്ഥാവകാശ" (sole proprietorship) കമ്പനി കൾ മാത്രമാണ് അതിൽ കമ്പനി ഉടമക്ക് ചെക്ക് പ്രകാരമുള്ള പണം കൈപ്പറ്റുന്ന ആൾ എന്ന നിലക്ക് പരാതി നൽകാവുന്നതാണ്.

ഈ കേസിലെ അപ്പീൽവാദിയായ രാമചന്ദ്രൻ വ്യക്തിപരമായ നിലയിലാണ് കമ്പനിക്ക് ലഭിക്കുവാനുള്ള പണത്തിനായി 1881-ലെ നെഗോഷ്യബിൾ ഇൻസ്ട്രമെന്റ് ആക്റ്റിന്റെ 138-ാം വകുപ്പ് പ്രകാരം ശിക്ഷാർഹമായിട്ടുള്ള കുറ്റം ചെയ്തതായി ആരോപിച്ച് 1-ാം എതിർകക്ഷിക്ക് എതിരെ പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചത്. അതിനാൽ പ്രോസിക്യൂഷൻ നടപടികൾ പിഴവുള്ളതും നിയമപരമായി നിലനിൽക്കാത്തതുമാണ്. അതിനാൽ വിചാരണ കോടതിയുടെ കണ്ടെത്തലുകൾ നീതീകരിക്കപ്പെടുന്നതാണ്. അത് അനുസരിച്ച് അപ്പീൽ തള്ളുന്നു.

**അമലേഷ് കുമാർ v. ബീഹാർ സംസ്ഥാനം**

**2025 INSC 810**

പാറ്റ്ന ഹൈക്കോടതി 09.11.2023-ൽ ക്രിമിനൽ എം. സി. നം.71293/2023-ൽ പാസ്സാക്കിയ ഉത്തരവിൽ നിന്നുമാണ് ഈ ക്രിമിനൽ അപ്പീൽ ഉത്ഭവിച്ചത്. അതിൽ അന്വേഷണത്തിനിടയിൽ അപ്പീൽവാദി ഉൾപ്പെടെ കുറ്റാരോപിതരായ എല്ലാ പ്രതികളെയും മറ്റ് സാക്ഷികളെയും നാർക്കോ അനാലിസിസ് പരിശോധന യ്ക്ക് വിധേയമാക്കണമെന്ന മെഹുവ സബ്ഡിവിഷണൽ പോലീസ് ഓഫീസറുടെ വാദം കോടതി അംഗീകരിച്ചിരുന്നു. അത് ബഹു. സുപ്രീംകോടതിയുടെ സെൽവിയും മറ്റുള്ളവരും vs കർണ്ണാടക സംസ്ഥാനം (2010 (7)SCC 263) എന്ന കേസ്സിൽ ഈ കോടതി പുറപ്പെടുവിച്ചിട്ടുള്ള നിയമതത്വങ്ങൾക്ക് വിരുദ്ധമാണ് എന്നതായിരുന്നു ഈ അപ്പീലിന് ആധാരമായ കാരണം. ടി കേസിൽ ബഹു. സുപ്രീംകോടതി നാർക്കോ അനാലിസിസ് പോലെ സാങ്കേതികമായ പരിശോധനയ്ക്ക് ഒരു വ്യക്തിയെ നിർബന്ധപൂർവ്വം വിധേയമാക്കുന്നത് ഇന്ത്യൻ ഭരണഘടന യുടെ 21-ാം അനുഛേദത്തിൽ വിഭാവനം ചെയ്തിട്ടുള്ള വ്യക്തി സ്വാതന്ത്ര്യത്തെ ഹനിക്കുന്നതാണെന്ന് നിരീക്ഷിച്ചിരുന്നു. ഈ കേസിൽ ബഹു. സുപ്രീംകോടതിയുടെ പരിഗണനയ്ക്ക് വന്ന പ്രധാന കാര്യങ്ങൾ താഴപ്പറയുന്നവയാണ്.

1. കേസിനെ സംബന്ധിച്ച വസ്തുതകളുടെയും സാഹചര്യങ്ങളുടെയും വെളിച്ചത്തിൽ അങ്ങനെയുള്ള വാദം സ്വീകരിക്കുവാൻ കഴിയുമായിരുന്നോ?

2. മറ്റു തെളിവുകളുടെ അഭാവത്തിൽ സ്വമേധയായുള്ള നാർക്കോ അനാലിസിസ് പരിശോധന റിപ്പോർട്ട് മാത്രം അടിസ്ഥാന പ്പെടുത്തി കുറ്റക്കാരനാണെന്ന് കണ്ടെ ത്താനാകുമോ?

3. ഒരു പ്രതിക്ക് നാർക്കോ അനാലിസിസ് പരിശോധന സ്വമേധയാ ആവശ്യപ്പെടാൻ അലംഘനീയമായ അവകാശമുണ്ടോ?

(1) കേസ് അന്വേഷണത്തിനായി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന സംസ്ഥാന സർക്കാരിന്റെ വാദം ശരിയാണെങ്കിലും അത് ഒരിക്കലും

ഭരണഘടനയുടെ 20 (3), 21 അനുഛേദങ്ങൾ ഉറപ്പുനൽകുന്ന വ്യക്തികളുടെ ഭരണ ഘടനാപരമായ അവകാശങ്ങളെ ലംഘി ച്ചുകൊണ്ടാകരുത് എന്ന് കോടതി നിരീക്ഷിച്ചു. അതിനാൽ കേസിലെ എല്ലാ പ്രതികളെയും നാർക്കോ അനാലിസിസ് പരിശോധനയ്ക്ക് വിധേയമാക്കണമെന്ന സംസ്ഥാനത്തിന്റെ വാദം അംഗീകരിച്ചതിൽ ഹൈക്കോടതിക്ക് തെറ്റുപറ്റിയെന്ന് ബഹു. സുപ്രീംകോടതി നിരീക്ഷിച്ചു.

(2) കൂടാതെ സെൽവിയും മറ്റൊരാളും vs കർണ്ണാടക സംസ്ഥാനം 2010(7)SCC 263 എന്ന കേസ്സിൽ നാർക്കോ അനാലിസിസ് പരിശോധന റിപ്പോർട്ട് നേർതെളിവായി അംഗീകരിക്കാൻ കഴിയില്ല എന്ന് നിരീക്ഷിക്കുകയും അങ്ങനെയുള്ള റിപ്പോർട്ടിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ ഇന്ത്യൻ തെളിവ് നിയമത്തിന്റെ 27-ാം വകുപ്പിന്റെ സഹായത്തോടുകൂടി മാത്രമേ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ എന്നും പ്രസ്താവിച്ചിരുന്നതായി കോടതി കണ്ടെത്തി. അതിനാൽ നാർക്കോ അനാലിസിസ് പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം കുറ്റസ്ഥാപനം നടത്താൻ കഴിയില്ലെന്ന് കോടതി പറഞ്ഞു.

(3) മൂന്നാമത്തെ പരിഗണന വിഷയം സംബന്ധിച്ച് വിവിധ ഹൈക്കോടതികൾ വ്യത്യസ്തമായ വീക്ഷണങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് നിരീക്ഷിച്ച കോടതി സുനിൽ ബട്ട് vs സംസ്ഥാനം എന്ന കേസിൽ ക്രിമിനൽ നടപടി നിയമത്തിലെ 233-ാം വകുപ്പ് പ്രതിക്ക് നൽകുന്ന നിയമപരമായ അവകാശത്തിന്റെ അടിസ്ഥാനത്തിൽ പ്രസക്തമായ ഘട്ടത്തിൽ പ്രതിക്ക് നാർക്കോ അനാലിസിസ് പരിശോധന ആവശ്യപ്പെടാവുന്നതാണെന്ന രാജസ്ഥാൻ ഹൈക്കോടതിയുടെ നിരീക്ഷണം നിയമപരമായി നിലനിൽക്കുന്നതല്ലെന്നും അത് സെൽവി കേസിലെ വിധിക്ക് വിരുദ്ധമാണെന്നും കോടതി നിരീക്ഷിച്ചു. പ്രതിക്ക് നാർക്കോ അനാലിസിസ് പരിശോധന സ്വമേധയാ ആവശ്യപ്പെടാൻ അലംഘനീയമായ അവകാശമില്ല.

തൽഫലമായി പാറ്റ്ന ഹൈക്കോടതി 2023-ലെ ക്രിമിനൽ എം. സി. നം.71293-ൽ പാസ്സാക്കിയ ഉത്തരവ് ഇതിനാൽ റദ്ദാക്കുന്നു.

## സുരേഷ് v. ഉത്തർപ്രദേശ് സംസ്ഥാനം

## 2025 INSC 918

അലഹബാദ് ഹൈക്കോടതിയിലെ ക്രിമിനൽ റിവിഷൻ നം. 2144/2015 എന്ന കേസിൽ 29.03.2016-ൽ പാസ്സാക്കിയ അന്തിമ വിധിയിൽ നിന്നാണ് ഈ ക്രിമിനൽ കേസ് ഉത്ഭവിച്ചത്. അതിൽ അപ്പീൽവാദി സമർപ്പിച്ച ക്രിമിനൽ റിവിഷൻ ഹർജി ഹൈക്കോടതി തള്ളുകയും രണ്ടാം എതിർകക്ഷിയെ ജുവനൈൽ ജസ്റ്റിസ് ആക്റ്റിൻ കീഴിൽ ജുവനൈലായി പ്രഖ്യാപിച്ചുകൊണ്ട് മുസാഫിർ നഗറിലെ കൈരാനിയിലെ ഒന്നാം നമ്പർ അഡീഷണൽ സെഷൻസ് ജഡ്ജി പുറപ്പെടുവിച്ച ഉത്തരവ് ശരിവയ്ക്കുകയും ചെയ്തു.

2000-ലെ ജുവനൈൽ ജസ്റ്റിസ് (കുട്ടികളുടെ പരിചരണവും സംരക്ഷണവും) ആക്റ്റ് പ്രകാരം സംഭവം നടന്ന തീയതിയിൽ 2-ാം എതിർകക്ഷിയെ “ജുവനൈൽ” ആയി പ്രഖ്യാപിച്ചതിൽ കീഴ്ക്കോടതികൾക്ക് തെറ്റ് സംഭവിച്ചിട്ടുണ്ടോ എന്നതായിരുന്നു ബഹു. സുപ്രീം കോടതി പരിഗണിച്ച തർക്ക വിഷയം.

രണ്ടാം എതിർകക്ഷിയുടെ ജനനതീയതി തെളിയിക്കുന്നതിന് കീഴ്ക്കോടതികൾ അയാൾ ആദ്യം പഠിച്ച സ്കൂളിൽ നിന്നും നൽകിയ സർട്ടിഫിക്കറ്റ് നിർണ്ണായക തെളിവായി കണക്കാക്കുകയും സംഭവം നടന്ന തീയതിയിൽ അയാളെ ജുവനൈ ലായി പ്രഖ്യാപിക്കുകയും ചെയ്തു.

രണ്ടാം എതിർകക്ഷി ആദ്യം പഠിച്ച സ്കൂൾ ഒരു സർക്കാർ സ്കൂളല്ലാത്തതിനാൽ ആ സ്കൂളിൽ സൂക്ഷിച്ചിരിക്കുന്ന രേഖകൾ പൊതു രേഖകൾ ആയിരിക്കില്ല. മാത്രമല്ല,

അത്തരം സ്കൂളിലെ ഹെഡ് മാസ്റ്റർ/ പ്രിൻസിപ്പൽ തെളിവ് നിയമത്തിൻ കീഴിൽ ഒരു “പൊതുസേവകൻ” ആണെന്ന് പറയാനാവില്ല. അതിനാൽ, അയാൾ ആദ്യം പഠിച്ച സ്കൂളിലെ ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പൽ, അവർ നൽകുന്ന രേഖകളോ യഥാക്രമം “പൊതുസേവകൻ” അല്ലെങ്കിൽ “പൊതുരേഖ” ആയി കണക്കാക്കാൻ കഴിയില്ല.

1947-ലെ ഉത്തർപ്രദേശ് പഞ്ചായത്ത് രാജ് ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെ ചട്ടം 2-ൻ കീഴിലുള്ള ഫോം എ-യിൽ സൂക്ഷിച്ചുവരുന്ന ഫാമിലി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന ജനനത്തീയതി പരിഗണിക്കാതെ ഖുർഗാവോൺ കൗണിക് മോഡോൺ പബ്ളിക് സ്കൂൾ നൽകിയ സർട്ടിഫിക്കറ്റ്, രണ്ടാം എതിർകക്ഷിയുടെ പ്രായം കണക്കാക്കുന്നതിന് നിർണ്ണായക തെളിവായി കണക്കാക്കാൻ കഴിയില്ല.

ഇതുകൂടാതെ 2012-ലെ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയിൽ പേര് ചേർക്കപ്പെട്ടിട്ടുള്ളത്, മെഡിക്കൽ റിപ്പോർട്ട് എന്നിവ പരിഗണിക്കുമ്പോൾ സംഭവം നടന്ന തീയതിയിൽ രണ്ടാം എതിർകക്ഷി ജുവനൈൽ ആയിരുന്നു എന്ന് പറയാൻ കഴിയില്ല എന്ന് കോടതി വ്യക്തമാക്കി.

മേൽപറഞ്ഞ കാരണങ്ങളാൽ രണ്ടാം എതിർകക്ഷിയെ ജുവനൈൽ ആയി പ്രഖ്യാപിച്ചത് തീർത്തും അനുചിതമായതിനാൽ ചോദ്യം ചെയ്യപ്പെട്ട വിധിന്യായവും അതുപോലെ രണ്ടാം എതിർകക്ഷി ജുവനൈൽ ആണെന്ന് പ്രഖ്യാപിച്ച 19.05.2015-ലെ ഉത്തരവും റദ്ദാക്കുന്നു.

കുറ്റകൃത്യം ചെയ്ത തീയതിയിൽ രണ്ടാം എതിർകക്ഷി പ്രായപൂർത്തിയായിട്ടുള്ള ആളാണെന്ന് പ്രഖ്യാപിച്ചുകൊണ്ടും കൈരാന പോലീസ്സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നമ്പർ 355/2011-ാം നമ്പർ കുറ്റകൃത്യത്തിന് വിചാരണ നേരിടേണ്ടതാണെന്നും പ്രഖ്യാപിക്കുന്നു.

**നദീം അഹമ്മദ് V. സ്റ്റേറ്റ് ഓഫ് വെസ്റ്റ് ബംഗാൾ**

## 2025 INSC 993

2018 ജൂലൈ 16-ന് പശ്ചിമ ബംഗാളിലെ പ്രഗതി മൈദാൻ പോലീസ് സ്റ്റേഷൻ പരിധിയിൽ ഹെറോയിൻ വിൽക്കാൻ രണ്ട് പേർ വരുമെന്ന് പോലീസിന് രഹസ്യവിവരം ലഭിച്ചതിനെത്തുടർന്ന് നടത്തിയ പരിശോധനയിൽ അപ്പീൽവാദിയായ നദീം അഹമ്മദിനെയും അമിത് ദത്ത എന്നയാളെയും പോലീസ് കസ്റ്റഡിയിലെടുത്തു. നദീം അഹമ്മദിൽ നിന്ന് 125 ഗ്രാം ഹെറോയിനും, അമിത് ദത്തയിൽ നിന്ന് 130 ഗ്രാം ഹെറോയിനും പോലീസ് കണ്ടെടുത്തു. ഈ രണ്ടു പേരിൽ നിന്നുമായി പിടിച്ചെടുത്ത ഹെറോയിൻ ആകെ 255 ഗ്രാം ഉണ്ടെന്ന് കണക്കാക്കി അത് 'കൊമേഴ്സ്യൽ ക്വാണ്ടിറ്റി' ആയി പോലീസ് രേഖപ്പെടുത്തി.എൻ.ഡി.പി എസ്.ആക്റ്റിന്റെ 21(c), 29 വകുപ്പുകൾ പ്രകാരം പ്രതി കുറ്റക്കാരനാണെന്ന് കണ്ടെത്തിയ വിചാരണ കോടതി, അപ്പീൽ വാദിയായ നദീം അഹമ്മദിന് 10 വർഷം കഠിനതടവും ഒരു ലക്ഷം രൂപ പിഴയും ശിക്ഷ വിധിച്ചു.

ഈ വിധിക്കെതിരെ അപ്പീൽവാദി കൽക്കട്ട ഹൈക്കോടതിയെ സമീപിച്ചുവെങ്കിലും, അപ്പീൽ ഫയൽ ചെയ്യാൻ 1183 ദിവസത്തെ കാലതാമസം ഉണ്ടായെന്ന് കണ്ടെത്തി ഹൈക്കോടതി അത് തള്ളി. സാമ്പത്തിക പരാധീനത മൂലമാണ് അപ്പീൽ വൈകിയതെന്ന വാദം ഹൈക്കോടതി അംഗീകരിച്ചില്ല. 2025 ജനുവരി 17-ലെ പ്രസ്തുത വിധിന്യായത്തിനെ ചോദ്യം ചെയ്തുകൊണ്ടാണ് നിലവിലെ ക്രിമിനൽ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളത്.

അപ്പീൽവാദിയായ നദീം അഹമ്മദിൽ നിന്നും കൂട്ടുപ്രതിയായ അമിത് ദത്തയിൽ നിന്നും വെവ്വേറെ കണ്ടെടുത്ത ഹെറോയിന്റെ അളവ് ഒന്നിച്ച്ചേർത്ത് 'കൊമേഴ്സ്യൽ ക്വാണ്ടിറ്റി' ആയി പരിഗണിച്ചത് തെറ്റാണെന്ന് സുപ്രീം കോടതി കണ്ടെത്തി. ഇത് സംബന്ധിച്ച് ഇവർ തമ്മിൽ ഗൂഢാലോചന

നടത്തിയതിന് വ്യക്തമായ തെളിവില്ലാത്ത സാഹചര്യത്തിൽ ഓരോരുത്തരുടെയും പക്കൽ നിന്ന് കണ്ടെത്തിയ അളവുകൾ പ്രത്യേകമായി മാത്രമേ കണക്കാക്കാൻ പാടുള്ളൂ എന്നും മയക്കുമരുന്ന് പിടിച്ചെടുക്കുമ്പോൾ പാലിക്കേണ്ട NDPS നിയമത്തിലെ 52A വകുപ്പിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചിട്ടില്ലെന്നും മജിസ്ട്രേറ്റിന്റെ സാന്നിധ്യത്തിലല്ല സാമ്പിളുകൾ എടുത്തിട്ടുള്ളതെന്നും കോടതി കണ്ടെത്തി.

1985-ലെ NDPS ആക്റ്റിന്റെ 52A വകുപ്പിൽ പറഞ്ഞിരിക്കുന്ന നടപടിക്രമങ്ങൾ പാലിക്കുന്നതിൽ പ്രോസിക്യൂഷൻ ഗുരുതരമായ വീഴ്ച വരുത്തിയെന്ന് കോടതി കണ്ടെത്തി. ഇങ്ങനെയുള്ള കേസുകളിൽ പിടിച്ചെടുക്കപ്പെട്ട മയക്കുമരുന്ന് വസ്തുക്കളുടെ ഇൻവെന്ററി മജിസ്ട്രേറ്റിന്റെ സാന്നിധ്യത്തിൽ തയ്യാറാക്കുകയും സാമ്പിളുകൾ എടുക്കുകയും വേണമെന്നത് നിർബന്ധമാണ്. ഈ കേസിൽ അത്തരം നടപടികൾ കൃത്യമായി പാലിക്കാത്തതിനാൽ പിടിച്ചെടുത്ത വസ്തുക്കളുടെ ആധികാരികത നഷ്ടപ്പെട്ടതായി കോടതി നിരീക്ഷിച്ചു. ലാബ് റിപ്പോർട്ടിനായി സാമ്പിളുകൾ ശേഖരിക്കുന്നതിൽ നിയമപരമായ നടപടിക്രമങ്ങൾ പാലിക്കാത്ത, ഫോറൻസിക് ലാബ് റിപ്പോർട്ടിന്റെ പ്രസക്തിതന്നെ നഷ്ടപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ അതിനെ മാത്രം ആശ്രയിച്ച് പ്രതിയെ ശിക്ഷിക്കാൻ കഴിയില്ല. സാമ്പത്തിക ബുദ്ധിമുട്ട് കാരണം അപ്പീൽ നൽകാൻ വൈകിയാൽ, അത് മാത്രം പരിഗണിച്ച് ഹൈക്കോടതികൾ അപ്പീൽ തള്ളിക്കളയരുത് എന്ന് സുപ്രീം കോടതി നിർദ്ദേശിച്ചു.

ഈ കേസിൽ അപ്പീൽവാദിയിൽ നിന്നും പിടിച്ചെടുത്ത ഹെറോയിൻ അളവ് 'കൊമേഴ്സ്യൽക്വാണ്ടിറ്റി' യിൽ കുറവായതിനാലും, സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുന്നതിൽ വന്ന ഗുരുതരമായ പിഴവുകളും പരിഗണിച്ച് സുപ്രീം കോടതി അപ്പീൽ വാദിയെ കുറ്റവിമുക്തനാക്കുകയും അതനുസരിച്ച് അപ്പീൽ അനുവദിക്കുകയും ചെയ്തു.

**യൂണിയൻ ഓഫ് ഇന്ത്യ v. സജീബ് റോയ്**

## 2025 INSC 1084

2015-ൽ സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ (SSC) മുഖേന കേന്ദ്ര പോലീസ് സേനകളിലെ കോൺസ്റ്റബിൾ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചിരുന്നു. ഒബിസി വിഭാഗത്തിൽപ്പെട്ട എതിർകക്ഷിയായ സജീബ് റോയ് എന്ന ഉദ്യോഗാർത്ഥിക്ക് അപേക്ഷിക്കുമ്പോൾ ജനറൽ വിഭാഗത്തിന് നിശ്ചയിച്ച പ്രായപരിധി കഴിഞ്ഞിരുന്നു. അതിനാൽ, ഒബിസി വിഭാഗക്കാർക്ക് ലഭിക്കുന്ന 3 വർഷത്തെ വയസ്സിളവിന്റെ ആനുകൂല്യം ഉപയോഗപ്പെടുത്തിയാണ് അദ്ദേഹം അപേക്ഷിച്ചത്. പരീക്ഷയിൽ ഒബിസി വിഭാഗത്തിന് നിശ്ചയിച്ചിരുന്ന കട്ട്-ഓഫ് മാർക്ക് എതിർകക്ഷി നേടാത്തതിനാൽ അയാൾ പരാജയപ്പെടുകയായിരുന്നു. എന്നാൽ, എതിർകക്ഷി നേടിയിട്ടുള്ള മാർക്ക് ജനറൽ വിഭാഗത്തിൽ അവസാനമായി ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥിക്ക് ലഭിച്ച മാർക്കിനേക്കാൾ കൂടുതലായിരുന്നു എന്നും അതിനാൽ അയാൾക്ക് ജനറൽ വിഭാഗത്തിൽ നിയമനം നൽകണമെന്നും എതിർകക്ഷി ആവശ്യപ്പെട്ടു. ഗുവാഹത്തി ഹൈക്കോടതി ഇതിന് അനുകൂലമായി വിധി നൽകി. ഇതിനെതിരെ കേന്ദ്ര സർക്കാർ സുപ്രീം കോടതിയെ സമീപിച്ചു.

**കോടതിയുടെ പ്രധാന നിരീക്ഷണങ്ങൾ**

വയസ്സിളവോ ഫീസ് ഇളവോ ഉപയോഗപ്പെടുത്തിയ ഒരു സംവരണ വിഭാഗം ഉദ്യോഗാർത്ഥിക്ക് ജനറൽ വിഭാഗത്തിലേക്ക് മാറാൻ കഴിയുമോ എന്നത് ഓരോ കേസിന്റെ വസ്തുതകളെ ആശ്രയിച്ചിരിക്കും.

റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട ചട്ടങ്ങളിലോ

നിയമനത്തിനായുള്ള വിജ്ഞാപനത്തിലോ അപേക്ഷിച്ചിട്ടുള്ള വിഭാഗത്തിൽ നിന്നും ഇതര വിഭാഗത്തിലേക്കുള്ള മാറ്റത്തിന് വ്യക്തമായ വിലക്കുണ്ടെങ്കിൽ, കൂടുതൽ മാർക്ക് നേടിയാലും, അവർക്ക് ജനറൽ വിഭാഗത്തിൽ നിയമനം അവകാശപ്പെടാൻ കഴിയില്ല.

ഈ കേസിൽ, 1998 ജൂലൈ 1-ലെ കേന്ദ്ര സർക്കാരിന്റെ ഓഫീസ് മെമ്മോറാണ്ടം നം. 36011/1/98-Estt. പ്രകാരം പ്രായപരിധിയിലോ, തൊഴിൽപരിചയ യോഗ്യതയിലോ അപേക്ഷിക്കുവാനുള്ള അവസരങ്ങളിൽ ഇളവ് നേടിയവർ ജനറൽ വിഭാഗത്തിലെ ഒഴിവുകളിലേക്ക് പരിഗണിക്കപ്പെടാൻ അർഹരല്ലെന്ന് സുപ്രീം കോടതി ചൂണ്ടി ക്കാട്ടി.

ഒരു വ്യക്തി സംവരണ ആനുകൂല്യം ഉപ യോഗിച്ച് അപേക്ഷിക്കുമ്പോൾ തന്നെ അദ്ദേഹം ജനറൽ വിഭാഗത്തിൽ നിന്നുള്ള മത്സരത്തിൽ നിന്ന് സ്വയം ഒഴിവാകുകയാണ് ചെയ്യുന്നത്. അതുകൊണ്ട് കൂടുതൽ മാർക്ക് നേടിയാലും അപേക്ഷ നൽകിയിട്ടുള്ള വിഭാഗത്തിൽ മാത്രമേ മത്സരിക്കാൻ അയാൾക്ക് അർഹതയുള്ളൂ .

വയസ്സിളവിന്റെ ആനുകൂല്യം ലഭിച്ച ഒബിസി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥിയെ ഒരു സംവരണ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥിയായി മാത്രമേ കണക്കാക്ക പ്പെടുകയുള്ളൂ. അയാൾക്ക് ജനറൽ വിഭാഗത്തിലേക്ക് മാറാൻ അവകാശമില്ല.

ഹൈക്കോടതി നേരത്തെ ഉദ്യോഗാർത്ഥി കൾക്ക് അനുകൂലമായി നൽകിയ വിധി സുപ്രീം കോടതി റദ്ദാക്കി.

**ഭാരത് കോക്കിംഗ് കോൾ ലിമിറ്റഡ്, ധൻബാദ് v. ഷാദിയോ ദാസ്**

## 2025 INSC 1011

ഈ കേസിലെ എതിർകക്ഷിയായ ഷാദിയോ ദാസ് 1990 സെപ്റ്റംബർ 24-ന് ഭാരത് കോക്കിംഗ് കോൾ ലിമിറ്റഡിൽ തൊഴിലാളിയായി (BCCL) ജോലിയിൽ പ്രവേശിച്ചു. അന്ന് അയാൾ തന്റെ ജനനത്തീയതി 18.09.1960 ആയും പ്രായം 30 വയസ്സായും സ്വയം പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വിവരങ്ങൾ അയാളുടെ സർവീസ് ബുക്കിൽ രേഖപ്പെടുത്തി. അന്ന് ഇത് സംബന്ധിച്ച മറ്റു രേഖകളൊന്നും എതിർകക്ഷി സമർപ്പിച്ചിരുന്നില്ല. ജോലിയിൽ പ്രവേശിച്ച സമയത്ത് നൽകിയ വിവരങ്ങൾ പ്രകാരം അയാൾക്ക് 24 വയസ്സുള്ള ഭാര്യയും 4 മക്കളും ഉണ്ടായിരുന്നു. മക്കളുടെ പ്രായം യഥാക്രമം 6 വയസ്സ്, 4 വയസ്സ്, 2 വയസ്സ്, 6 മാസം എന്നിങ്ങനെയായിരുന്നു. ഈ വിവരങ്ങളും അയാൾ ഒപ്പിട്ട സർവീസ് ബുക്കിൽ രേഖപ്പെടുത്തിയിരുന്നു.

25 വർഷത്തെ സേവനത്തിന് ശേഷം, വിരമി ക്കാറായ ഘട്ടത്തിൽ (2015-ൽ), എതിർകക്ഷി തന്റെ ജനനത്തീയതി തിരുത്തണമെന്ന് ആവശ്യപ്പെട്ട് മാനേജ്മെന്റിനെ സമീപിച്ചു. ഈ ആവശ്യത്തിലേയ്ക്കായി തന്റെ ജനനത്തീയതി 05.01.1972 ആണെന്ന് കാണിക്കുന്ന ഒരു സ്കൂൾ സർട്ടിഫിക്കറ്റ് അയാൾ ഹാജരാക്കിയിരുന്നെങ്കിലും ടി അപേക്ഷ മാനേജ്മെന്റ് നിരസിക്കുക യായിരുന്നു. തുടർന്ന് ഇത് സംബന്ധിച്ച് ഒരു തൊഴിൽ തർക്കം എതിർകക്ഷി ഉന്നയിക്കുകയും അതിന്മേൽ നടന്ന അനുരഞ്ജന നടപടികൾ പരാജയ പ്പെടതിനാൽ ഈ വിഷയം ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ പരിഗണനയ്ക്കായി വിടുകയുമായിരുന്നു.

ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ 30.09.2020 -ലെ ഉത്തരവ് പ്രകാരം എതിർകക്ഷിയുടെ ജനനത്തീയതി തിരുത്താൻ അപ്പീൽ

വാദിയായ കമ്പനിയോട് നിർദ്ദേശിക്കുകയും ചെയ്തു.

മേൽ ഉത്തരവ് ചോദ്യം ചെയ്ത് അപ്പീൽവാദിയായ കമ്പനി ജാർഖണ്ഡ് ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്തു. സേവനത്തിന്റെ അവസാന കാലഘട്ടത്തിൽ (Fag end of service) ഇത്തരം തിരുത്തലുകൾ അനുവദിക്കാനാവില്ല എന്ന് നിരീക്ഷിച്ചുകൊണ്ട് ഹൈക്കോടതി സിംഗിൾ ജഡ്ജി ട്രൈബ്യൂണലിന്റെ ഉത്തരവ് റദ്ദാക്കി.

ഇതിൽ ആവലാതിപ്പെട്ട് എതിർകക്ഷി അപ്പീൽ ഫയൽ ചെയ്യുകയും, ടി അപ്പീലിൽ ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് സിംഗിൾ ജഡ്ജിയുടെ വിധി അസാധുവാക്കി ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ വിധി പുനഃസ്ഥാപിക്കുകയും ചെയ്തു.

തുടർന്ന് അപ്പീൽവാദിയായ കമ്പനി ബഹു. സുപ്രീം കോടതിയെ സമീപിക്കുകയായിരുന്നു. സുപ്രീം കോടതി താഴെപ്പറയുന്ന കാരണങ്ങളാൽ ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെ വിധി റദ്ദാക്കുകയും സിംഗിൾ ജഡ്ജിയുടെ വിധിന്യായം ശരിവെക്കുകയും ചെയ്തു :-

25 വർഷത്തോളം സർവീസിൽ തുടർന്ന ശേഷം വിരമിക്കാറായ സമയത്ത് ജനനത്തീയതി തിരുത്തുവാൻ ആവശ്യപ്പെടുന്നത് നിയമപരമായി നിലനിൽക്കില്ല. എതിർകക്ഷി ഇപ്പോൾ അവകാശപ്പെടുന്ന ജനനത്തീയതി (1972) ശരിയാണെങ്കിൽ, ജോലിയിൽ പ്രവേശിക്കുമ്പോൾ (1990-ൽ) അയാൾക്ക് വെറും 18 വയസ്സ് മാത്രമേ ഉണ്ടാകൂ. എന്നാൽ ജോലിയിൽ പ്രവേശിച്ച സമയത്ത് നൽകിയ രേഖകൾ പ്രകാരം അയാൾക്ക് 24 വയസ്സുള്ള ഭാര്യയും നാല് മക്കളും (6 വയസ്സ് മുതൽ 6 മാസം വരെ പ്രായമുള്ളവർ) ഉണ്ടായിരുന്നു. 18 വയസ്സുള്ള ഒരാൾക്ക് ആറ് വയസ്സുള്ള കുട്ടിയുണ്ടാകുക എന്നത് അസാധ്യമാണ്. മാത്രമല്ല അയാളുടെ കുടുംബാംഗങ്ങളെയും ആശ്രിതരെയും സംബന്ധിച്ച വസ്തുതകൾ ഒന്നും എതിർകക്ഷി നിഷേധിച്ചിട്ടില്ലാത്തതുമാണ്.

ഇൻഡസ്ട്രിയൽ ട്രൈബ്യൂണലും അതുപോലെ തന്നെ ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചും ജനനത്തീയതി തിരുത്താൻ എതിർകക്ഷി ആശ്രയിക്കുന്ന സ്കൂൾ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത് സ്കൂൾ പഠനം കഴിഞ്ഞ് 28 വർഷത്തിന് ശേഷമാണെന്ന വസ്തുതക്ക് മതിയായ പരിഗണന നൽകേണ്ടതായിരുന്നു എന്നും സുപ്രീം കോടതി നിരീക്ഷിച്ചു. ജോലിയിൽ പ്രവേശിച്ച് വർഷങ്ങൾക്ക് ശേഷം, വിരമിക്കൽ അടുത്തിരിക്കുന്ന സമയത്ത് ഉന്നയിക്കുന്ന ജനനത്തീയതി തിരുത്തൽ ആവശ്യങ്ങൾ കോടതികൾ പ്രോത്സാഹിപ്പിക്കില്ല എന്ന തത്വം ഈ വിധി വീണ്ടും ഉറപ്പിച്ചു.

**ഷാ സമീർ ഭരത്ഭായി v. ഗുജറാത്ത് സംസ്ഥാനം**

## 2025 INSC 1026

ഈ കേസിൽ ബഹു. സുപ്രീംകോടതിയുടെ പരിഗണനയ്ക്കായി വന്നത് ചുവടെ ചേർക്കുന്ന അപ്പീലുകളാണ് :-

i) ഗുജറാത്തിലെ വിവിധ സർക്കാർ എഞ്ചിനിയറിംഗ് കോളേജുകളിൽ കരാർ അടിസ്ഥാനത്തിൽ നിയമിതരായ അസിസ്റ്റന്റ് പ്രൊഫസർമാർക്കും ലക്ചറർമാർക്കും അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ മിനിമം ശമ്പളസ്കെയിലിന് അർഹമാണ് എന്ന് വിധിച്ച ഗുജറാത്ത് ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ വിധി ചോദ്യം ചെയ്തുകൊണ്ട് സർക്കാർ സമർപ്പിച്ച അപ്പീൽ തള്ളിയ ഡിവിഷൻ ബഞ്ചിന്റെ വിധി ചോദ്യം ചെയ്തുകൊണ്ട് സംസ്ഥാന സർക്കാർ ഫയൽ ചെയ്ത അപ്പീലുകൾ;

ii) കരാർ അടിസ്ഥാനത്തിൽ തന്നെ പിന്നീട് നിയമിതരായ അസിസ്റ്റന്റ് പ്രൊഫസർമാർ സമർപ്പിച്ച റിട്ട് ഹർജിയിൽ അവർക്കും

സമാനമായ രീതിയിൽ മുൻപ് നിയമിതരായ അസിസ്റ്റന്റ് പ്രൊഫസർമാർക്ക് നൽകിയിട്ടുള്ളതുപോലെ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട് എന്ന് വിധിച്ച സിംഗിൾ ബഞ്ച് ജഡ്ജിയുടെ ഉത്തരവ് ചോദ്യം ചെയ്തുകൊണ്ട് സംസ്ഥാന സർക്കാർ സമർപ്പിച്ച അപ്പീൽ അനുവദിച്ച ഡിവിഷൻ ബഞ്ചിന്റെ വിധിന്യായം ചോദ്യം ചെയ്തുകൊണ്ട് കരാർ അടിസ്ഥാനത്തിൽ പിന്നീട് നിയമിതരായ അസിസ്റ്റന്റ് പ്രൊഫസർമാരും ഫയൽ ചെയ്ത അപ്പീലുകൾ.

വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്ക് കോളേജുകളിലും അസിസ്റ്റന്റ് പ്രൊഫസർമാർ ആയി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നവർക്ക് സമാനമായ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിച്ചു വരുന്ന അസിസ്റ്റന്റ് പ്രൊഫസർമാർക്ക് നൽകിവരുന്ന ശമ്പള തുല്യത അവകാശപ്പെടാനാകുമോ എന്നതാണ് ബഹു. കോടതിയുടെ പരിഗണനയ്ക്കു വന്ന പ്രധാന വിഷയം.

ഭാവി തലമുറയുടെ മനസ്സും സ്വഭാവവും രുപപ്പെടുത്തുന്നതിനായി ജീവിതം സമർപ്പിച്ചിരിക്കുന്ന വിദ്യാഭ്യാസ വിചക്ഷണന്മാരും, ലക്ചർമാരും, പ്രൊഫസർമാരും ഏതൊരു രാജ്യത്തിന്റെയും ബൗധ്യക നട്ടെല്ലാണ്. അവരുടെ ജോലി പാഠങ്ങൾ പഠിപ്പിച്ചു കൊടുക്കുന്നതുമാത്രമല്ല മാർഗ്ഗനിർദ്ദേശം നൽകുക, ഗവേഷണത്തിന് വഴികാട്ടുക, വിമർശനാത്മകമായ ചിന്തയെ പരിപോഷിപ്പിക്കുക, സമൂഹത്തിന്റെ പുരോഗതിക്ക് സംഭാവന ചെയ്യുന്ന മൂല്യങ്ങൾ സ്ഥാപിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. എന്നിരുന്നാലും പല സന്ദർഭങ്ങളിലും അവർക്ക് നല്കുന്ന പ്രതിഫലവും അംഗീകാരവും അവരുടെ സംഭാവനകളും പ്രാധാന്യവും യഥാർത്ഥത്തിൽ പ്രതിഫലിപ്പിക്കുന്നില്ല എന്ന് കോടതി നിരീക്ഷിച്ചു.

കൂടാതെ അസിസ്റ്റന്റ് പ്രൊഫസർമാർക്ക് പ്രതിമാസം ശമ്പളമായി 30,000 രൂപ മാത്രമാണ് ലഭിക്കുന്നത് എന്നത് അസ്വസ്ഥതാജനകമാണ്. സംസ്ഥാന സർക്കാർ ഈ വിഷയം ഏറ്റെടുത്ത് അവർ നിർവഹിച്ചുവരുന്ന ചുമതലകളുടെ അടിസ്ഥാനത്തിൽ ശമ്പള ഘടന യുക്തിസഹമാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്നും കോടതി നിരീക്ഷിച്ചു. അതിനാൽ ഇപ്പോൾ ഗുജറാത്ത് ഹൈക്കോടതിയുടെ 'ആചാര്യ മാധവി' കേസിലെയും, 'ഗോഹെൽ വിശാൽ ഛഗൻഭായി' കേസിലെയും അപ്പീൽവാദികൾക്ക് നല്കിയ അതേ ആശ്വാസം ഈ കേസിലെ കക്ഷിയായ അപ്പീൽവാദികൾക്കും അനുവദിച്ചു. അപ്പീലിൽവാദികളും അവർക്ക് സമാനമായ രീതിയിൽ നിയമിതരായ അസിസ്റ്റന്റ് പ്രൊഫസർമാരും ദീർഘകാലമായി സേവനത്തിൽ തുടരുന്നതിന്റെ അടിസ്ഥാനത്തിൽ അവർക്ക് ഹൈക്കോടതിയിൽ നിന്നും പരിഹാരം തേടാവുന്നതാണ് എന്നും ഹൈക്കോടതി അത് പരിഗണിച്ച് നിയമാനുസൃതമായ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതുമാണ് എന്ന് ബഹു. കോടതി വിധിച്ചു.

മുകളിൽ പറഞ്ഞ കാരണത്താൽ, അപ്പീലുകൾ അനുവദിക്കുകയും 20.10.2023 ലെ എൽപിഎ നമ്പർ 1371/2023 ലെ ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ച ഹൈക്കോടതിയുടെ വിധിയും ഉത്തരവും 05.07.2023 ലെ ആർ/സ്പെഷ്യൽ സിവിൽ അപേക്ഷ നമ്പർ 11567/2018 ലെ സിംഗിൾ ജഡ്ജി പുറപ്പെടുവിച്ച വിധിയും റദ്ദാക്കുകയും ചെയ്തു. അപ്പീലുകൾ ഭാഗികമായി അനുവദിക്കുകയും, കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട അസിസ്റ്റന്റ് പ്രൊഫസർമാർക്ക് 'അസിസ്റ്റന്റ് പ്രൊഫസർ' തസ്തിക അനുവദനീയമായ ഏറ്റവും കുറഞ്ഞ ശമ്പള സ്കെയിലിന് അർഹതയുണ്ടെന്ന് വിധിക്കുകയും റിട്ട് ഹർജികൾ സമർപ്പിക്കുന്നതിന് മൂന്ന് വർഷം മുൻപുള്ള തീയതി മുതൽ 8% എന്ന നിരക്കിൽ കണക്കാക്കിയ കുടിശ്ശിക നൽകുവാനും വിധിച്ചു.



# ലേഖനങ്ങൾ






# ചില സവിശേഷ നിയമങ്ങൾ-

## ഒരു കേരള സ്റ്റോറി

**രഹ്ന വി. എം.**
അഡീഷണൽ നിയമ സെക്രട്ടറി
നിയമ വകുപ്പ്.

രാജ്യത്തെ നിയമ ഗ്രന്ഥങ്ങൾ അഥവാ സ്റ്റാറ്റ്യൂട്ട് ബുക്കുകൾ പരിശോധിച്ചാൽ അസാധാരണ സാഹചര്യങ്ങളെ നേരിടുന്നതിനു വേണ്ടി ഉണ്ടാക്കിയിട്ടുള്ള ചില സവിശേഷ നിയമങ്ങൾ കാണാം. ഭരണഘടനാദത്തമായ പ്രത്യേക അധികാരങ്ങൾ ഉപയോഗിച്ച് വിവിധ അധികാരികൾ ഉണ്ടാക്കുന്ന ഇത്തരം നിയമങ്ങൾ കേരളത്തിന്റെ നിയമനിർമ്മാണ ഏടുകൾ പരിശോധിച്ച് ബോധ്യപ്പെടാം.

**അധികാരം ഏൽപ്പിച്ചു കൊടുക്കൽ നിയമം അഥവാ ഡെലിഗേഷൻ ഓഫ് പവേഴ്സ് ആക്റ്റ്**

നമ്മുടെ ഭരണഘടനയിൽ പാർലമെന്റിന്റെയും സംസ്ഥാന നിയമസഭകളുടെയും നിയമനിർമ്മാണ അധികാരം സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്നു. (അനുച്ഛേദം 246-, VII-ാം പട്ടിക എന്നിവ കാണുക) അതനുസരിച്ച് ഏഴാം പട്ടികയിലെ ലിസ്റ്റ് II-സംസ്ഥാന ലിസ്റ്റിൽ ഉൾപ്പെട്ട വിഷയങ്ങളിൽ നിയമനിർമ്മാണം നടത്തുവാൻ സംസ്ഥാന നിയമസഭയ്ക്കാണ് പൂർണ്ണമായഅധികാരമുള്ളത്.എന്നാൽ, ചില അസാധാരണ സാഹചര്യങ്ങളിൽ സംസ്ഥാനങ്ങൾക്ക് വേണ്ടി നിയമം ഉണ്ടാക്കുവാൻ പാർലമെന്റിനെ അധികാരപ്പെടുത്തുന്ന വ്യവസ്ഥകളും ഭരണഘടനയിൽ ഇടംപിടിച്ചിട്ടുണ്ട്. ഒരു സംസ്ഥാനം രാഷ്ട്രപതി ഭരണത്തിൽ ആയിരിക്കുമ്പോൾ ആ സംസ്ഥാനത്തിന് വേണ്ടി നിയമം ഉണ്ടാക്കുവാൻ പാർലമെന്റിനെ അധികാരപ്പെടുത്തുന്നത് ഇതിന് ഉദാഹരണമാണ്. ഒരു സംസ്ഥാനത്ത് ഭരണഘടന പ്രതിസന്ധി

ഉണ്ടാകുക എന്നത് ഒരു അസാധാരണ സാഹചര്യം ആണല്ലോ. ഈ സാഹചര്യം നേരിടേണ്ടത് എപ്രകാരമാണെന്ന് ഭരണഘടനയുടെ അനുച്ഛേദം 356- ലും 357- ലും വിവരിക്കുന്നു. സംസ്ഥാനത്ത് അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുന്ന സാഹചര്യങ്ങളിൽ സംസ്ഥാന നിയമസഭയുടെ അധികാരങ്ങൾ സസ്പെഡ് ചെയ്യപ്പെടുകയും അത് പാർലമെന്റിൽ നിക്ഷിപ്തമാകുകയും ചെയ്യും. അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചുകൊണ്ടുള്ള രാഷ്ട്രപതിയുടെ വിളംബരത്തിന്റെ (Proclamation) തീയതി മുതൽ രാഷ്ട്രപതി ഭരണം അവസാനിച്ചുകൊണ്ടുള്ള വിളംബരം പുറപ്പെടുവിക്കുന്നത് വരെയുള്ള കാലയളവിൽ പാർലമെന്റിന്/രാഷ്ട്രപതിയ്ക്ക് സംസ്ഥാനത്തിന് വേണ്ടി നിയമം ഉണ്ടാക്കാം. അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുന്നതുമൂലം സംജാതമാകാവുന്ന ഭരണ സ്തംഭനം ഒഴിവാക്കുന്നതിനുള്ള ഒരു താൽക്കാലിക നടപടിയാണിത്. പാർലമെന്റിന് നേരിട്ടും രാഷ്ട്രപതി മുഖേനയും നിയമങ്ങൾ ഉണ്ടാക്കാൻ ഭരണഘടന അനുവദിക്കുന്നു. ഇപ്രകാരം പാർലമെന്റിന്റെ നിയമനിർമ്മാണ അധികാരം രാഷ്ട്രപതിയെ ഏൽപ്പിച്ച് നൽകുന്നതിനായി ഉണ്ടാക്കുന്ന കേന്ദ്ര നിയമങ്ങളെ “ഡെലിഗേഷൻ ഓഫ് പവേഴ്സ് ആക്റ്റ്” എന്ന് വിളിക്കുന്നു.

നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം, സംസ്ഥാന രൂപീകരണത്തിന് ശേഷവും അതിനു മുൻപ് തിരു-കൊച്ചി സംസ്ഥാനത്തിന് വേണ്ടിയും വിവിധ ഡെലിഗേഷൻ ഓഫ് പവേഴ്സ് ആക്റ്റുകൾ ഉണ്ടായിട്ടുണ്ട്. കേരളത്തിന്റെ സ്റ്റാറ്റ്യൂട്ട് ബുക്കുകളിൽ, 1956, 1959, 1964, 1965 എന്നീ വർഷങ്ങളിലെ ഡെലിഗേഷൻ ആക്റ്റുകൾ കാണാം.

ഡെലിഗേഷൻ ആക്റ്റുകളിലൂടെ സംസ്ഥാന നിയമസഭയുടെ നിയമനിർമ്മാണ അധികാരം രാഷ്ട്രപതിയെ ഏൽപ്പിക്കുന്നു എന്നതാണ് പ്രധാന സവിശേഷത. സംസ്ഥാനത്തിന് വേണ്ടിയുള്ള നിയമനിർമ്മാണത്തിന്റെ ആവശ്യകത നേരിട്ടോ മറ്റുവിധത്തിലോ കേന്ദ്രസർക്കാരിന് ബോധ്യപ്പെടാം. അതിന്റെ അടിസ്ഥാനത്തിൽ, പാർലമെന്റ് സമ്മേളനത്തിൽ ആയിരിക്കുമ്പോഴോ സമ്മേളനത്തിൽ അല്ലാത്തപ്പോഴോ രാഷ്ട്രപതിയ്ക്ക് ഈ നിയമനിർമ്മാണ അധികാരം വിനിയോഗിക്കാം. ബന്ധപ്പെട്ട സംസ്ഥാനത്ത് നിന്നുള്ള ലോക് സഭയിലെയും രാജ്യസഭയിലെയും അംഗങ്ങൾ കൂടി ഉൾപ്പെടുന്നതും ഇരു സഭകളുടെയും അധ്യക്ഷൻമാർ നാമനിർദ്ദേശം ചെയ്യുന്നതുമായ നിശ്ചിത എണ്ണം പാർലമെന്റ് അംഗങ്ങൾ ഉൾപ്പെടുന്ന ഒരു സമിതിയുമായി കൂടിയാലോചിച്ചാണ് രാഷ്ട്രപതി തന്റെ അധികാരം വിനിയോഗിക്കേണ്ടതെന്ന് ഡെലിഗേഷൻ ആക്റ്റുകളിൽ നിഷ്കർഷിക്കാറുണ്ട്.

ഡെലിഗേഷൻ ആക്റ്റുകൾ കേന്ദ്ര ആക്റ്റുകൾ ആയതിനാൽ അവ പാർലമെന്റ് പാസ്സാക്കി രാഷ്ട്രപതിയുടെ അനുമതി വാങ്ങിയ ശേഷം കേന്ദ്ര ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നു. എന്നാൽ ഒരു സംസ്ഥാനത്തിന് വേണ്ടിയുള്ള നിയമം എന്ന നിലയിൽ അവ കേന്ദ്ര ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതോടൊപ്പം ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ ഗസറ്റിലും പുനപ്രസിദ്ധീകരിക്കാറുണ്ട്.

## പ്രസിഡന്റ് ആക്റ്റ്

ഡെലിഗേഷൻ ഓഫ് പവേഴ്സ് ആക്റ്റുകളുടെ പിൻബലത്തിൽ സംസ്ഥാനത്തിന് വേണ്ടി രാഷ്ട്രപതി ഉണ്ടാക്കുന്ന നിയമങ്ങളെ “പ്രസിഡന്റ് ആക്റ്റുകൾ” എന്ന് വിളിക്കുന്നു. മുൻപ് പരാമർശിച്ചത് പോലെ, രാഷ്ട്രപതി ഭരണം നിലവിലുള്ള കാലയളവിലേയ്ക്കുള്ള ഒരു താൽക്കാലിക നടപടിയാണെങ്കിലും രാഷ്ട്രപതി ഭരണം അവസാനിച്ചാലും ഒരു നിശ്ചിത കാലത്തേക്ക് കൂടി

പ്രസിഡന്റ് ആക്റ്റുകൾക്ക് നിയമ തുടർച്ച ഉണ്ടായിരിക്കുന്നതാണ്.

പ്രസിഡന്റ് ആക്റ്റുകളുടെ ഒരു നീണ്ട പട്ടിക കേരളത്തിന്റെ സ്റ്റാറ്റ്യൂട്ട് ബുക്കുകളിൽ ഇടംപിടിച്ചിട്ടുണ്ട്. നിയമവകുപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള ആക്റ്റുകളുടെയും ഓർഡിനൻസുകളുടെയും വാർഷിക ലിസ്റ്റിൽ ഇവ ഉൾപ്പെട്ടിട്ടുണ്ട്. 1957-ലെ സിവിൽ കോർട്ട്സ് ആക്റ്റ്, കേരള സ്മാൾ കോസ് കോർട്ട്സ് ആക്റ്റ്, കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് ആക്റ്റ് എന്നീ പ്രധാന ആക്റ്റുകളും, ക്രിമിനൽ നടപടി നിയമ സംഹിത (ഭേദഗതി) ആക്റ്റ്, നിയമങ്ങളുടെ വ്യാഖ്യാനത്തിന് ഉപയോഗിക്കുന്ന തിരു-കൊച്ചി ഇന്റർപ്രെട്ടേഷൻ ആന്റ് ജനറൽ ക്ലോസസ് (ഭേദഗതി) ആക്റ്റ് തുടങ്ങിയ ഭേദഗതി ആക്റ്റുകളും രാഷ്ട്രപതിയുടെ അധികാരം വിനിയോഗിച്ച് ഉണ്ടാക്കിയിട്ടുള്ളവയാണ്. 1960-ലെ The Kerala Co-operative Land Mortgage Banks Act, The Kerala Warehouses Act എന്നിവയും പ്രസിഡന്റ് ആക്റ്റുകളാണ്. തുടർന്ന്, 1964-ൽ രണ്ട്, 1965-ൽ ഏഴ്, 1966-ൽ പതിനൊന്ന് , 1967-ൽ അഞ്ച് ആക്റ്റുകളും രാഷ്ട്രപതി പാസ്സാക്കിയിട്ടുണ്ട്.

പ്രസിഡന്റ് ആക്റ്റ് പാസ്സാക്കിയ വർഷം അടിസ്ഥാനപ്പെടുത്തി ആക്റ്റിന്റെ പേരിന് ശേഷം '(President's Act No.I/II/III of... )" എന്ന് ആക്റ്റ് നമ്പരും വർഷവും രേഖപ്പെടുത്തുന്ന രീതിയാണ് അവലംബിച്ച് വരുന്നത്. മറ്റ് കേന്ദ്ര നിയമങ്ങളെ പോലെ പ്രസിഡന്റ് ആക്റ്റുകളും കേന്ദ്ര ഗസറ്റിലാണ് ആദ്യം പ്രസിദ്ധീകരിക്കുന്നത്. തുടർന്ന്, പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ബന്ധപ്പെട്ട സംസ്ഥാന ഗസറ്റിൽ പുനപ്രസിദ്ധീകരിക്കുന്നു. (1956-ലെ Acts and Ordinance of Travancore- Cochin എന്ന ഗ്രന്ഥം പരിശോധിച്ചാൽ പ്രസിഡന്റ് ആക്റ്റുകളുടെ മാതൃക കാണാം.)

## റീ ഇനാക്റ്റിംഗ് ആക്റ്റ് അഥവാ തുടർ പ്രാബല്യം നൽകൽ നിയമം

ഒരു സംസ്ഥാനത്ത് രാഷ്ട്രപതിഭരണം അവസാനിപ്പിച്ചു കൊണ്ടുള്ള വിളംബരത്തീയതി മുതൽ ഒരു വർഷം തികയുമ്പോൾ ആ സംസ്ഥാനത്തിന് വേണ്ടി ഉണ്ടാക്കിയിട്ടുള്ള പ്രസിഡന്റ് ആക്റ്റുകൾക്ക് സ്വാഭാവിക മരണം സംഭവിക്കും എന്നതായിരുന്നു മുൻപ് നിലനിന്നിരുന്ന വ്യവസ്ഥ. ഇപ്രകാരം സംസ്ഥാനത്തിന് വേണ്ടി ഉണ്ടാക്കിയ പ്രസിഡന്റ് ആക്റ്റുകളുടെ പ്രാബല്യം അവസാനിക്കുന്നത് മൂലം അവ കാലഹരണപ്പെട്ടു പോകാതിരിക്കാനായി സംസ്ഥാന നിയമസഭ കൈക്കൊള്ളുന്ന ഒരു നിയമ നടപടിയാണ് 'റീ ഇനാക്റ്റിംഗ്' അഥവാ 'തുടർ പ്രാബല്യം നൽകൽ'. ഇതിനായി സംസ്ഥാന നിയമസഭ പാസ്സാക്കുന്ന നിയമങ്ങളെ 'റീ ഇനാക്റ്റിംഗ് ആക്റ്റുകൾ' എന്ന് വിളിക്കുന്നു. ഭരണഘടനയുടെ അനുച്ഛേദം 357 പ്രകാരമാണ് സംസ്ഥാന നിയമസഭ റീ ഇനാക്റ്റിംഗ് ആക്റ്റുകൾ പാസ്സാക്കുന്നത്. 1956-ലെ തിരുവിതാംകൂർ - കൊച്ചിൻ സ്റ്റേറ്റ് ലെജിസ്ലേച്ചർ (ഡെലിഗേഷൻ ഓഫ് പവേഴ്സ്) ആക്റ്റ് പ്രകാരമുള്ള പ്രത്യേക അധികാരം വിനിയോഗിച്ച് രാഷ്ട്രപതി ഉണ്ടാക്കിയ 11 നിയമങ്ങളിൽ ഉൾപ്പെട്ട 9 നിയമങ്ങൾ കാലഹരണപ്പെട്ടു പോകാതിരിക്കാനായി കേരളം, 1957-ലെ കേരള റീ-ഇനാക്റ്റിംഗ് ആക്റ്റ് (1958-ലെ 11) പാസ്സാക്കിയിരുന്നു. ഇതിലൂടെ, ചില ഭേദഗതികളോടുകൂടി 9 പ്രസിഡന്റ് ആക്റ്റുകൾക്ക് സംസ്ഥാനത്ത് തുടർ പ്രാബല്യം നൽകിയിരുന്നു. കേരള സംസ്ഥാനം രാഷ്ട്രപതി ഭരണത്തിൽ ആയിരുന്നപ്പോൾ, 1956-ലെ കേരള സ്റ്റേറ്റ് ലെജിസ്ലേച്ചർ (ഡെലിഗേഷൻ ഓഫ് പവേഴ്സ്) ആക്റ്റ് പ്രകാരമുള്ള അധികാരം വിനിയോഗിച്ച് രാഷ്ട്രപതി ഉണ്ടാക്കിയ 9 നിയമങ്ങളിൽ ഉൾപ്പെട്ട 8 നിയമങ്ങൾക്ക്

ചില ഭേദഗതികളോടുകൂടി 1958-ലെ കേരള റീ-ഇനാക്റ്റിംഗ് ആക്റ്റിലൂടെ (1958-ലെ 23) തുടർ പ്രാബല്യം നൽകിയിട്ടുണ്ട്. 1959 ജൂലൈ 31-ന് സംസ്ഥാനം രാഷ്ട്രപതി ഭരണത്തിൽ ആയതിനെ തുടർന്ന് പാർലമെന്റും രാഷ്ട്രപതിയും ഉണ്ടാക്കിയ 6 നിയമങ്ങൾക്ക് 1960-ലെ കേരള റീ ഇനാക്ടിംഗ് ആക്റ്റിലൂടെ (1960-ലെ 33) തുടർ പ്രാബല്യം നല്കിയിട്ടുണ്ട്. 1968- ലെ കേരള റീ ഇനാക്റ്റിംഗ് ആക്റ്റിലൂടെ (1968- ലെ 8) ചില ഭേദഗതികളോടുകൂടി 21 നിയമങ്ങൾക്ക് തുടർ പ്രാബല്യം നൽകുകയും മറ്റു ചില നിയമങ്ങൾ റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന രൂപീകരണത്തിന് മുൻപും റീ ഇനാക്റ്റിംഗ് ആക്റ്റുകൾ പാസ്സാക്കിയിട്ടുണ്ട്. പഴയ മലബാർ പ്രദേശത്ത് പ്രാബല്യത്തിൽ ഉണ്ടായിരുന്ന 1948-ലെ റിപ്പീലിംഗ് ആന്റ് റീ ഇനാക്റ്റിംഗ് ആക്റ്റും (No. I, II, III ആക്റ്റുകൾ) 1949-ലെയും 1950-ലെയും റീ ഇനാക്റ്റിംഗ് ആക്റ്റുകളും ഉദാഹരണങ്ങളാണ്.

ഒരു സംസ്ഥാനത്ത് രാഷ്ട്രപതി ഭരണം അവസാനിപ്പിച്ചുകൊണ്ടുള്ള വിളംബരം വരുന്ന തീയതി മുതൽ ഒരു വർഷത്തിനകം സംസ്ഥാന നിയമസഭ പ്രസിഡന്റ് ആക്റ്റുകൾക്ക് തുടർ പ്രാബല്യം നൽകിയില്ലെങ്കിൽ അവയ്ക്ക് പ്രാബല്യം ഇല്ലാതാകും എന്ന ഭരണഘടനാ വ്യവസ്ഥയ്ക്ക്, 03.01.1997 തീയതി മുതൽ പ്രാബല്യത്തിൽ വന്ന 42-ാം ഭരണഘടനാ (ഭേദഗതി) ആക്റ്റിലൂടെ മാറ്റം വരുത്തിയിട്ടുണ്ട്. രാഷ്ട്രപതി ഭരണം അവസാനിച്ചാലും സംസ്ഥാന നിയമസഭ മറ്റൊരു നിയമനിർമ്മാണത്തിലൂടെ പ്രസിഡന്റ് ആക്റ്റുകൾക്ക് ഭേദഗതി വരുത്തുകയോ വ്യത്യാസപ്പെടുത്തുകയോ റദ്ദ് ചെയ്യുകയോ ചെയ്യുന്നതുവരെ അവ പ്രാബല്യത്തിൽ തുടരും എന്നതാണ് നിലവിലെ വ്യവസ്ഥ. അക്കാരണത്താൽ പ്രസിഡന്റ് ആക്റ്റുകൾക്ക് തുടർ പ്രബല്യം നൽകാനായി മുൻപ് സംസ്ഥാന നിയമസഭ പാസ്സാക്കിയിരുന്ന റീ ഇനാക്ടിംഗ് ആക്റ്റുകൾക്ക് ഇപ്പോൾ പ്രസക്തി ഇല്ലാതായിരിക്കുകയാണ്.

**പാർലമെന്റ് ആക്റ്റ്**

ഒരു സംസ്ഥാനം രാഷ്ട്രപതി ഭരണത്തിൽ ആയിരിക്കുമ്പോൾ സംസ്ഥാനത്തിന് വേണ്ടി നിയമങ്ങൾ ഉണ്ടാക്കാനുള്ള അധികാരം പാർലമെന്റിനാണെന്ന കാര്യം മുൻപ് സൂചിപ്പിച്ചല്ലോ. എന്നാൽ പാർലമെന്റിന്റെ ഈ അധികാരം രാഷ്ട്രപതിയെ ഏൽപ്പിക്കുന്നതിന് പകരം പാർലമെന്റ് നേരിട്ടും സംസ്ഥാനങ്ങൾക്ക് വേണ്ടി നിയമങ്ങൾ ഉണ്ടാക്കും. 1981 -1982 കാലഘട്ടത്തിൽ കേരളം രാഷ്ട്രപതി ഭരണത്തിൽ ആയിരുന്ന കാലയളവിൽ രാഷ്ട്രപതിക്ക് കേരളത്തിന്റെ നിയമനിർമ്മാണ അധികാരം ഏൽപ്പിച്ചു നൽകിയിരുന്നില്ല. ഇപ്രകാരം പാർലമെന്റ് തന്നെ സംസ്ഥാനങ്ങൾക്ക് വേണ്ടി ഉണ്ടാക്കുന്ന നിയമങ്ങളെ 'പാർലമെന്റ് ആക്റ്റുകൾ' എന്നാണ് കേരളത്തിന്റെ സ്റ്റാറ്റ്യൂട്ട് ബുക്കുകളിൽ അടയാളപ്പെടുത്തിയിട്ടുള്ളത്. ഒരേ സമയം പ്രസിഡന്റ് ആക്റ്റുകളും പാർലമെന്റ് ആക്റ്റുകളും ഉണ്ടാകുമ്പോൾ അവയെ തിരിച്ചറിയുന്നതിന് വേണ്ടിയാകാം 'പാർലമെന്റ് ആക്റ്റ് ' എന്ന അടയാളപ്പെടുത്തൽ നടത്തിയിട്ടുള്ളത്. കേരളത്തെ സംബന്ധിച്ചിടത്തോളം, 1959-ൽ Kerala Local Authorities Laws (Amendment) Act, Kerala Appropriation Act, Travancore- Cochin Vehicles Taxation (Amendment and Validation) Act എന്നിവ പാർലമെന്റ് ആക്റ്റുകളാണ്. 1964-ലും കേരളത്തിന് വേണ്ടി അപ്രോപ്രിയേഷൻ ആക്റ്റ് പാസ്സാക്കിയിട്ടുണ്ട്. 1981 -1982 കാലഘട്ടത്തിൽ കേരളം രാഷ്ട്രപതി ഭരണത്തിൽ ആയിരുന്നപ്പോഴും കേരളത്തിന് വേണ്ടി അപ്രോപ്രിയേഷൻ ആക്റ്റുകളും വോട്ട് ഓൺ അക്കൗണ്ട് ആക്റ്റും പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്.

പ്രസിഡന്റ് ആക്റ്റുകൾക്കൊപ്പം മേൽ പരാമർശിച്ച ചില പാർലമെന്റ് ആക്റ്റുകൾക്കും തുടർ പ്രാബല്യം നൽകി സംസ്ഥാനത്ത് നിലനിർത്തിയിട്ടുണ്ട്.

മറ്റു കേന്ദ്ര ആക്റ്റുകൾ എന്ന പോലെ പാർലമെന്റ് ആക്റ്റുകളും കേന്ദ്ര ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നു. പൊതുജനങ്ങളുടെ അറിവിലേയ്ക്കായി അവ ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ ഗസറ്റിൽ പുനഃപ്രസിദ്ധീകരിക്കാറുണ്ട്. ഇത്തരത്തിൽ 1959-ലെ The Kerala Local Authorities Laws (Amendment) Act, 1959 ആഗസ്റ്റ് 31-ാം തീയതിയിലെ കേന്ദ്ര ഗസറ്റിലും അതേ തീയതിയിലെ സംസ്ഥാന ഗസറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതുപോലെ 1959-ലെ The Kerala Appropriation Act, 1959 സെപ്റ്റംബർ 14-ാം തീയതിയിലെ കേന്ദ്ര ഗസറ്റിലും 1959 നവംബർ 3-ാം തീയതിയിലെ കേരള ഗസറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1959-ലെ ട്രാവൻകൂർ കൊച്ചിൻ വെഹിക്കിൾസ് ടാക്സേഷൻ (അമെന്റ്മെന്റ് ആന്റ് വാലിഡേഷൻ ആക്റ്റ്) 1959 സെപ്റ്റംബർ 14-ാം തീയതിയിലെ കേന്ദ്ര ഗസറ്റിലും അതേ തീയതിയിലെ കേരള അസാധാരണ ഗസറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. (പാർലമെന്റ് ആക്റ്റുകളുടെ മാതൃക കാണുന്നതിന് 1959-ലെ Acts and Ordinances of Kerala എന്ന ഗ്രന്ഥം പരിശോധിക്കുക).

സംസ്ഥാനത്തിന് വേണ്ടി പാർലമെന്റ്/ പ്രസിഡന്റ് ഉണ്ടാക്കുന്ന നിയമം എന്ന നിലയിൽ പാർലമെന്റ് ആക്റ്റുകൾക്കും പ്രസിഡന്റ് ആക്റ്റുകൾക്കും രാഷ്ട്രപതിയുടെ അനുമതി ലഭിക്കുന്ന തീയതി മുതൽ പ്രാബല്യം ഉണ്ടാകും. ഉദാഹരണമായി 18.12.1959-തീയതിയിൽ രാഷ്ട്രപതി അനുമതി നൽകിയ ഒരു നിയമത്തിന് അന്നു മുതൽ പ്രാബല്യം ഉണ്ട്. അത് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നത് മറ്റൊരു തീയതിയിൽ ആണെങ്കിൽ കൂടി അനുമതി ലഭിച്ച തീയതി ആണ് പ്രാബല്യ തീയതി ആയി പരിഗണിക്കുന്നത്.

രാഷ്ട്രപതി ഭരണത്തിലല്ലാത്ത സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം മേൽപരാമർശിച്ച നിയമങ്ങൾ സ്റ്റാറ്റ്യൂട്ട് ബുക്കുകളിൽ ഇടം പിടിക്കാറില്ല. അക്കാരണത്താൽ കേരളത്തിന്റെ പിൽക്കാല സ്റ്റാറ്റ്യൂട്ട് ബുക്കുകളിൽ മേൽപരാമർശിച്ച സവിശേഷ നിയമങ്ങൾ കാണാൻ സാധിക്കില്ല. എന്നാൽ അടിയന്തിരാവസ്ഥ ബാധകമായിരിക്കുന്ന സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം പ്രസിഡന്റ് ആക്റ്റുകളും പാർലമെന്റ് ആക്റ്റുകളും പ്രസക്തമാണ്. മണിപ്പൂർ സംസ്ഥാനത്തിന് വേണ്ടി ഭരണഘടനയുടെ അനുച്ഛേദം 123 പ്രകാരം രാഷ്ട്രപതി വിളംബരം ചെയ്ത 2025- ലെ The Manipur Goods and Services Tax (Amendment)Ordinance -ഉം പ്രസ്തുത ഓർഡിനൻസിന് പകരം പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ട 2025-ലെ The Manipur Goods and Services Tax (Amendment) Bill ഉം ഇതിന് ഉദാഹരണങ്ങളാണ്. ആയതിനാൽ ഈ സവിശേഷ നിയമങ്ങളുടെ നിയമവശം നാം പരിചയപ്പെടേണ്ടതാണ്.




# ശിശുഹത്യ (Infanticide) കുറ്റവും ശിക്ഷാ ഇളവും



**ദിപിൻ റോയ് എസ് എൽ**
സെക്ഷൻ ഓഫീസർ
നിയമ വകുപ്പ്

ശിശുഹത്യ (Infanticide) ഇന്ത്യയിൽ ഒരു ഗുരുതര കുറ്റകൃത്യമാണ്. അതേസമയം 'infanticide" എന്നതിന് സ്വതന്ത്രമായ നിയമനിർവചനം നൽകിയിട്ടുമില്ല. Infant എന്നത് ക്ലിനിക്കൽ അർത്ഥത്തിൽ ഒരു വയസ്സ് (12 മാസം) വരെയുള്ള കുട്ടിയെ സൂചിപ്പിക്കുന്നു. സാധാരണയായി ജനിച്ച ഉടൻ അല്ലെങ്കിൽ ജനനത്തിന് അടുത്ത കാലയളവിൽ കുഞ്ഞിനെ കൊല്ലുന്നത് ശിശുഹത്യയായി കണക്കാക്കപ്പെടുന്നു. ഇന്ത്യയിൽ ശിശുഹത്യാ കുറ്റം കൈകാര്യം ചെയ്യുന്നതിന് പ്രത്യേക നിയമം ഇല്ല. ഇത് കൊലപാതകമായോ അല്ലെങ്കിൽ സാഹചര്യത്തെ ആശ്രയിച്ച് അതിലും കുറഞ്ഞ കുറ്റമായോ പരിഗണിക്കപ്പെടും. 'infanticide" എന്നതിന് സ്വതന്ത്ര നിർവചനം ഇല്ലെങ്കിലും, ഭാരതീയ ന്യായ സംഹിത 91-ാം വകുപ്പ് പ്രകാരം (IPC 315) ശിശുഹത്യയായി കണക്കാക്കാവുന്ന സാഹചര്യങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വ്യവസ്ഥ പ്രകാരം, കുഞ്ഞ് ജീവനോടെ ജനിക്കാതിരിക്കാനോ, അല്ലെങ്കിൽ ജീവനോടെ ജനിച്ചതിന് ശേഷം മരിക്കാനിടയാക്കാനോ ഉദ്ദേശിച്ച് ഒരു പ്രവൃത്തി ചെയ്യുകയും, ആ പ്രവൃത്തി മൂലം കുഞ്ഞ് ജനിക്കുന്നതിന് മുമ്പോ, ജനിച്ചതിന് ശേഷമോ മരിക്കുകയും ആണെങ്കിൽ, ആ വ്യക്തിക്ക് പരമാവധി പത്ത് വർഷം വരെ തടവ്, അല്ലെങ്കിൽ പിഴ, അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ ശിക്ഷയായി ലഭിക്കും. എന്നാൽ, ഗർഭിണിയായ സ്ത്രീയുടെ ജീവൻ രക്ഷിക്കാനായി, ഉത്തമ വിശ്വാസത്തോടെ (good faith) ചെയ്യുന്ന പ്രവൃത്തി ഈ വകുപ്പിന്റെ പരിധിയിൽപ്പെടില്ല. ഭാരതീയ ന്യായ സംഹിതയിൽ ശിശുഹത്യയെ (infanticide) കുറ്റമായി പരാമർശിക്കുന്ന ഏക വ്യവസ്ഥയും ഇതാണ്.

ശിശുഹത്യ (Infanticide) കേസുകളിൽ സാധാരണയായി മാതാവായിരിക്കും കുറ്റാരോപിതയായി വരാറുള്ളത്. ഗർഭധാരണം,

പ്രസവം, മുലയൂട്ടൽ എന്നിവയുടെ ശാരീരിക-മാനസിക ഫലങ്ങളിൽ നിന്ന് പൂർണ്ണമായി മുക്തിയാകാത്തതും, അപ്ര കാരം ഏതെങ്കിലും തോതിലുള്ള മാന സിക അസ്വസ്ഥത അനുഭവിക്കുന്നതുമായ ഒരു മാതാവ് 12 മാസം തികയാത്ത തന്റെ കുഞ്ഞിനെ കൊല്ലുന്ന പ്രവൃത്തി എന്നാണ് ഇത് പൊതുവെ വ്യാഖ്യാനിക്കപ്പെടുന്നത്. ഇതിന്റെ പ്രധാന കാരണം അമ്മയുടെ മാനസികാവസ്ഥയിലെ വ്യതിയാനമാണ്. പ്രസവാനന്തര വിഷാദരോഗം (postpartum depression) അല്ലെങ്കിൽ ഗുരുതരമായ മാനസിക രോഗങ്ങൾ അനുഭവിക്കുന്ന അമ്മമാരുമായി ബന്ധപ്പെട്ട കേസുകളിലാണ് ഇത് കൂടുതലായി കാണപ്പെടുന്നത്. ശിശുഹത്യ (Infanticide) സൂചിപ്പിക്കുന്നതിന് സാഹചര്യത്തിന്റെ സ്വഭാവം അനുസരിച്ച് ഉപയോഗിച്ചുവരുന്ന മറ്റ് രണ്ടു പദങ്ങളാണ് നിയോനേറ്റിസൈഡ് (Neonaticide) ഫിലിസൈഡ് (Filicide) എന്നിവ. നവജാതശിശുക്കളെയോ കുട്ടികളെയോ കൊല്ലുന്നതിനെ സൂചിപ്പിക്കാൻ ഉപ യോഗിക്കുന്ന പദങ്ങളാണ് മേൽ പ റഞ്ഞവ മൂന്നും. എന്നാൽ കുട്ടിയുടെ വയസ്സ്, ആരാണ് ഇത് ചെയ്തത് എന്നതിനെ അടിസ്ഥാനമാക്കി ഇവയ്ക്ക് ചെറിയ വ്യത്യാസങ്ങളുണ്ട്. Infanticide-ൽ എപ്പോഴും ഇരയാക്കപ്പെടുന്നത് ഒരു വയസിൽ താഴെയുള്ള കുഞ്ഞായിരിക്കും. കുറ്റം ചെയ്യുന്നത് സാധാരണയായി മാതാവായിരിക്കും, പ്രസവാനന്തര മാനസിക അസ്വസ്ഥത പ്രധാന ഘടകമാണ്. അതേസ മയം കുട്ടി ജനിച്ച് 24 മണിക്കൂറിനുള്ളിൽ കൊലപ്പെടുത്തുന്നതിനെയാണ് നിയോനേ റ്റിസൈഡ് (Neonaticide) എന്ന് പറയുന്നത്. മിക്കവാറും അമ്മമാരാണ് ഇതിലും കുറ്റാരോപിതരായി വരാറുള്ളത്. ഗർഭാവസ്ഥ രഹസ്യമായി വെക്കുന്നതോ അല്ലെങ്കിൽ അപ്രതീക്ഷിതമായ ഗർഭധാരണമോ ആണ് ഇതിന്റെ പ്രധാന കാരണമായി പറയുന്നത്. എന്നാൽ Filicide-ലേയ്ക്ക് വരുമ്പോൾ ഏത് പ്രായത്തിലുള്ള കുട്ടിയും ഇരയാക്കപ്പെടാം. സ്വന്തം മകനെയോ മകളെയോ മാതാപിതാക്കൾ (അച്ഛനോ അമ്മയോ അല്ലെങ്കിൽ രണ്ടാനമ്മയോ അച്ഛനോ) കൊല്ലുന്നതിനെ പൊതുവായി പറയുന്ന പേരാണിത്. മാത്രമല്ല പ്രസവാനന്തര മാനസിക അസ്വസ്ഥത പ്രധാന ഘടകമായി വരണമെന്നില്ല എന്നാൽ വ്യക്തിഗത, സാമൂഹിക, സാമ്പത്തിക, കുടുംബ കാരണങ്ങൾ കൊലപാതകത്തിന്റെ കാരണമായി വരുന്നു. ഇതിൽ കുട്ടിയുടെ പ്രായം നിശ്ചയിച്ചിട്ടില്ല. കുട്ടിക്ക് എത്ര വയസ്സുണ്ടെങ്കിലും (അത് 24 മണിക്കൂർ പ്രായമുള്ള കുഞ്ഞായാലും 20 വയസ്സുള്ളതായാലും) മാതാപിതാക്കളാണ് കൊലപാതകികളെങ്കിൽ അതിനെ 'ഫിലിസൈഡ്' എന്ന് വിളിക്കാം. അതുകൊണ്ട് തന്നെ ശിശുഹത്യ (Infanticide) കേസുകൾ മറ്റ് തരത്തിലുള്ള ശിശുഹത്യകളുമായി താരതമ്യം ചെയ്യുമ്പോൾ, പ്രായം എന്ന പ്രത്യേക ഘടകവും, കുറ്റം നടന്ന സാഹചര്യങ്ങളും പ്രത്യേകിച്ച് കുറ്റം ചെയ്തയാളുടെ മാന സികാവസ്ഥയോ ആരോഗ്യനിലയോ മുൻനിർത്തി വ്യത്യസ്തമായി പരിഗണി ക്കപ്പെടുന്നു.

**ശിശുഹത്യയും സാമൂഹിക സാഹചര്യങ്ങളും**

ഇന്ത്യയിൽ ശിശുഹത്യ (Infanticide) എന്നത് പൂർണ്ണമായ ഒരു ക്രിമിനൽ പ്രവർത്തിയായി മാത്രം കാണാൻ കഴിയില്ല എന്നതാണ് യാഥാർഥ്യം . ഇത് സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, മാനസിക ഘടകങ്ങളുമായി ബന്ധപ്പെട്ട് നിൽക്കുന്ന ഒരു സാമൂഹ്യ പ്രശ്നമാണ്. ഇന്ത്യയിലെ കോടതികൾ വിധിന്യായങ്ങളിൽ ഈ പശ്ചാത്തലം അംഗീകരിച്ചിട്ടുണ്ടെങ്കിലും, നിയമപരമായി ഇത് ഗുരുതരമായ കുറ്റമായിത്തന്നെ നിലനിൽക്കുന്നു. അപ്രകാരം ശിശുഹത്യ കുറ്റകൃത്യമായി നിലനിൽക്കുമ്പോൾ പോലും , അതിന്റെ കാരണങ്ങൾ വിലയിരുത്തുമ്പോൾ മനുഷ്യത്വപരവും സാമൂഹികവുമായ വശങ്ങൾ കൂടി പരിഗണിക്കേണ്ടതുണ്ട്. ശിശുഹത്യയ്ക്ക് പിന്നിൽ മാനസിക, സാമൂഹിക, സാമ്പത്തിക, സാംസ്കാരിക ഘടകങ്ങൾ സംയുക്തമായി പ്രവർത്തിക്കുന്നു. പ്രസവശേഷം ഉണ്ടാകുന്ന post-partum depression / psychosis മൂലം അമ്മയ്ക്ക്

തീരുമാനശേഷി നഷ്ടപ്പെടുകയും തെറ്റായ പ്രവൃത്തികൾ ചെയ്യുകയും ചെയ്യാം. മാനസികവും വൈദ്യ പരവുമായ കാരണങ്ങൾ നിർണായകമാണ്. പ്രസവശേഷം ഉണ്ടാകുന്ന post-partum depression, psychosis, ഹോർമോൺ അസന്തുലിതാവസ്ഥ എന്നിവ അമ്മയെ തീവ്രമായ മാനസിക അസ്ഥിരതയിലേക്കും തെറ്റായ തീരുമാനങ്ങളിലേക്കും നയിക്കുന്നു.

### ശിശുഹത്യയും ശിക്ഷാ ഇളവും

(Criminal Rules of Practice (Kerala) Rule 131)

ശിശുഹത്യകേസുകളിൽ ശിക്ഷയിളവ് അനുവദിക്കുന്നതിന് അടിസ്ഥാനമായി പ്രവർത്തിക്കുന്നത് Criminal Rules of Practice Kerala ചട്ടം 131 ലെ വ്യവസ്ഥയും അതിനെ അടിസ്ഥാനമാക്കി ബഹു.കേരള ഹൈക്കോടതിയുടെ മൂന്നംഗ ബെഞ്ച് 18.03.2010 തീയതിയിൽ പുറപ്പെടുവിച്ച State of Kerala Vs. Salini (2010(2)KLT117) എന്ന കേസിലെ സുപ്രധാന വിധിന്യായവുമാണ്.

ശിശുഹത്യ കേസുകളിൽ സർക്കാരിലേക്കുള്ള റഫറൻസ്- Criminal Rules of Practice Kerala ചട്ടം 131 പ്രകാരം സ്ത്രീകൾ തങ്ങളുടെ ശിശുക്കളെ കൊലപ്പെടുത്തിയതിന് ശിക്ഷിക്കപ്പെടുന്ന എല്ലാ കേസുകളിലും, ശിക്ഷ കുറയ്ക്കുന്നതിന് യോഗ്യതയുണ്ടോ ഇല്ലയോ എന്നതിനെക്കുറിച്ചുള്ള സെഷൻസ് ജഡ്ജിയുടെ അഭിപ്രായം രേഖപ്പെടുത്തി, ഹൈക്കോടതി മുഖേന സർക്കാരിലേക്കുള്ള ഒരു റഫറൻസ് നിർബന്ധമായും നടത്തണം. അത്തരത്തിലുള്ള ഓരോ റഫറൻസിനും കേസിലെ രേഖകളിൽപ്പെട്ട പ്രധാനപ്പെട്ട രേഖകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കേണ്ടതാണ്.[Rule - 131. Reference to Government in case of infanticide.- In all cases where women are convicted for the murder of their infant children, a reference shall be made through the High Court to the Government with an expression by the Sessions Judge of his opinion as to the propriety or otherwise of reducing the sentence. Every such reference shall be accompanied by copies of the material papers of the record.]

ചട്ടം 131 ന്റെ പശ്ചാത്തലത്തിൽ ശിശുഹത്യ കേസുകളിൽ ശിക്ഷാ ഇളവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ഏകീകൃത സമീപനം കൊണ്ടുവരുന്നതിൽ നാഴികക്കല്ലായ വിധിന്യായമാണ് ബഹു കേരള ഹൈക്കോടതിയുടെ State of Kerala v. Salini (2010(2)KLT117) എന്ന കേസിലെ വിധിന്യായം. ഈ കേസിൽ ചട്ടം 131 ന്റെ പ്രായോഗികത ബഹു കോടതി ഇഴകീറി പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നിയതമായ ഒരു 'ratio decidenti' രൂപീകരിക്കുന്നതിൽ ബഹു കോടതി എത്തിച്ചേരുകയും ചെയ്തു. ബഹു കോടതിയുടെ പരിഗണനയിൽ വന്നത് പ്രധാനമായും രണ്ടു കാര്യങ്ങളാണ്. ഒന്ന് 1982-ലെ ക്രിമിനൽ റൂൾസ് ഓഫ് പ്രാക്ടീസ്, കേരള, റൂൾ 131 പ്രകാരം, ശിശുഹത്യക്കേസിൽ സെഷൻസ് ജഡ്ജി സർക്കാരിന് റഫറൻസ് നൽകേണ്ടത് ശിക്ഷ വിധിക്കുന്നതിന് മുമ്പാണോ, അല്ലെങ്കിൽ ശിക്ഷ വിധിച്ച ശേഷം മാത്രമോ? രണ്ടാമതായി, ശിശുഹത്യ ഉൾപ്പെട്ട എല്ലാ കേസുകളിലും റൂൾ 131 ബാധകമാക്കേണ്ടതുണ്ടോ അതോ സ്ത്രീകൾ സ്വന്തം കുഞ്ഞുങ്ങളെ കൊല്ലുന്ന കേസുകളിൽ മാത്രം ബാധകമാക്കിയാൽ മതിയോ എന്നതും കോടതി പരിശോധിക്കുകയുണ്ടായി. മാത്രമല്ല salini കേസിന് മുൻപ് ചട്ടം 131 ന്റെ പ്രായോഗികത പരിശോധിക്കപ്പെട്ട Radhamony v. State of Kerala (Crl.A. No. 496/1999) എന്ന കേസിലെ നിരീക്ഷണങ്ങളും ഈ കേസിൽ ബഹു കോടതി പരിശോധിക്കുകയുണ്ടായി. ശിശുഹത്യക്കേസുകളിൽ, ഒരു സ്ത്രീ IPC സെക്ഷൻ 302 പ്രകാരം കുറ്റക്കാരിയായി കണ്ടെത്തപ്പെടുന്ന സാഹചര്യത്തിൽ, 1982-ലെ Criminal Rules of Practice, Kerala, Rule 131 പാലിക്കപ്പെടണം എന്നതാണ് Radhamony കേസിൽ കോടതിയുടെ പ്രധാന നിരീക്ഷണം. Reference നൽകേണ്ടത് ശിക്ഷയ്ക്ക് മുമ്പാണോ, ശേഷമാണോ എന്ന ചോദ്യം ആ കേസിൽ നേരിട്ട് പരിഗണിച്ചിട്ടില്ല. ഈ കാലയളവിൽ തന്നെ ക്രിമിനൽ റൂൾസ് ഓഫ് പ്രാക്ടീസ്,131 ന്റെ പ്രയോഗികത ബഹു സുപ്രീംകോടതിയും പ

രിശോധിച്ച മറ്റൊരു കേസാണ് K.E. Thankamani v State of Kerala (1998) SCC (Cri) 1357 എന്നത്. സ്വന്തം കുട്ടികളെ കൊലപ്പെടുത്തിയ ശേഷം ആത്മഹത്യയ്ക്ക് ശ്രമിച്ച പ്രതിയുടെ ശിക്ഷയുമായി ബന്ധപ്പെട്ടതാണ് ഈ കേസ്. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ (IPC) 302--ാം വകുപ്പ് പ്രകാരം ഇവർ കുറ്റക്കാരിയാണെന്ന് കോടതി കണ്ടെത്തിയിരുന്നു. ഈ കേസിൽ റൂൾ 131 പ്രകാരമുള്ള നിർബന്ധിത നടപടിക്രമങ്ങൾ സെഷൻസ് കോടതിയും അപ്പീൽ കോടതിയും പാലിച്ചിട്ടില്ലെന്ന് സുപ്രീം കോടതി നിരീക്ഷിച്ചു. പ്രതിയുടെ മാനസികാവസ്ഥയും കേസിന്റെ പ്രത്യേക സാഹചര്യങ്ങളും പരിഗണിച്ച്, ശിക്ഷാ ഇളവ് നൽകുന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിക്കണമെന്ന് കോടതി നിർദ്ദേശിച്ചു.

**State of Kerala Vs. Salini കേസിന്റെ സംക്ഷിപ്തം**

ഈ കേസിലെ പ്രതി, പ്രസവശേഷം ഉടനെ തന്റെ കുഞ്ഞ് മരിക്കാനിടയായ സംഭവവുമായി ബന്ധപ്പെട്ടാണ് കുറ്റാരോപിതയായത്. പ്രോസിക്യൂഷൻ ഇത് മനപൂർവമായ കൊലപാതകമെന്ന് ആരോപിച്ച് IPC 302-ാം വകുപ്പ് പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. ട്രയൽ കോടതി പ്രതിയെ IPC 302-ാം വകുപ്പ് പ്രകാരം കുറ്റക്കാരിയെന്ന് കണ്ടെത്തി. തുടർന്ന് കുറ്റസ്ഥാപന വിധി പ്രസ്താവിച്ചതിന് ശേഷം, Radhamony കേസിലെ നിരീക്ഷണങ്ങളെ ആശ്രയിച്ച്, ശിക്ഷ വിധിക്കുന്നതിന് മുമ്പ് തന്നെ റൂൾ 131 പ്രകാരം സർക്കാരിലേക്ക് ബഹു ഹൈക്കോടതി മുഖാന്തിരം റഫറൻസ് നൽകി. പ്രതിയെ സ്വന്തം ബോണ്ടിൽ ജാമ്യത്തിൽ വിട്ടയക്കുകയും ചെയ്തു. എന്നാൽ, ഹൈക്കോടതി, റഫറൻസ് പരിശോധിച്ചതിൽ, ഈ നടപടിയുടെ ശരിതെറ്റിൽ സംശയം തോന്നിയതിനാൽ, വിഷയം ചീഫ് ജസ്റ്റിസിന്റെ ഉത്തരവോടെ ഫുൾ ബെഞ്ചിന് റഫർ ചെയ്തു. തുടർന്ന് കേസ് പരിഗണിക്കവെ പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ വാദിച്ചത് ശിശുഹത്യക്കേസുകളിൽ, സാമൂഹിക-സാമ്പത്തിക പിന്നാക്കാവസ്ഥയിലുള്ള സ്ത്രീകൾ പലപ്പോഴും ചൂഷണത്തിനിരകളാകുന്നതിനാൽ, സർക്കാർ അതിന്റെ mercy jurisdiction ശിക്ഷയ്ക്ക് മുമ്പ് തന്നെ ഉപയോഗിക്കേണ്ടതുണ്ടെന്നും, അതാണ് റൂൾ 131 ഉദ്ദേശിക്കുന്നതെന്നുമാണ്. എന്നാൽ കോടതി നിരീക്ഷിച്ചത് ഈ റഫറൻസിൽ സർക്കാർ ഭരണഘടനാപരമായ mercy jurisdiction (Articles 72, 161) ഉപയോഗിക്കുന്നതല്ല പ്രശ്നം; മറിച്ച്, കുറ്റവിധിക്ക് ശേഷം സെഷൻസ് ജഡ്ജി പാലിക്കേണ്ട നടപടിക്രമമാണ് വിഷയമാകുന്നത് എന്നാണ്. ശിക്ഷ നിശ്ചയിക്കുന്നത് ഒരു പൂർണ്ണമായ ന്യായാധികാര(ജുഡീഷ്യൽ) പ്രവർത്തനമാണ്. IPC 302-ാം വകുപ്പ് പ്രകാരം കുറ്റം തെളിയിക്കപ്പെട്ടാൽ, സെഷൻസ് ജഡ്ജിക്ക് മരണശിക്ഷ അല്ലെങ്കിൽ ജീവപര്യന്തം തടവ് എന്ന രണ്ട് ശിക്ഷകളിൽ ഒന്ന് വിധിക്കേണ്ടതുണ്ട്. അതുകൊണ്ട് തന്നെ ജുഡീഷ്യൽ പ്രക്രിയ പൂർത്തിയാകുന്നതിന് മുമ്പ്, അതായത് ശിക്ഷ വിധിക്കുന്നതിന് മുമ്പ്, എക്സിക്യൂട്ടീവിന് (സർക്കാർ) യാതൊരു പങ്കും ഇല്ല. CrPC വകുപ്പ് 432, 433 എന്നിവ പ്രകാരം ശിക്ഷ സസ്പെൻഡ് ചെയ്യുകയോ റമിറ്റ് ചെയ്യുകയോ ചെയ്യാനുള്ള സർക്കാർ അധികാരം ശിക്ഷ വിധിച്ചതിന് ശേഷം മാത്രമേ പ്രാബല്യത്തിൽ വരൂ എന്ന് കോടതി നിരീക്ഷിച്ചു. Ashok Kumar v. Union of India (1991 Crl.L.J. 2483) കേസിൽ സുപ്രീംകോടതി വ്യക്തമാക്കിയതുപോലെ, ശിക്ഷ വിധിച്ച ശേഷം മാത്രമാണ് എക്സിക്യൂട്ടീവ് പ്രവർത്തനം ആരംഭിക്കുന്നത്, ശിക്ഷയ്ക്ക് മുൻപ് സർക്കാരിന് റഫറൻസ് നൽകുന്നത്, ന്യായാധികാരം (Judicial power) എക്സിക്യൂട്ടീവിലേക്ക് കൈമാറുന്നതിന് തുല്യമായിരിക്കും. ഇത് ക്രിമിനൽ ജസ്റ്റിസ് സംവിധാനത്തിന്റെ അടിസ്ഥാനത്തിനെതിരായിരിക്കുമെന്നും ഭരണഘടനയിലെ അധികാര വിഭജനം (separation of powers) ലംഘിക്കുന്ന തരത്തിൽ റൂൾ 131 വ്യാഖ്യാനിക്കരുത് എന്നും അങ്ങനെ വ്യാഖ്യാനിച്ചാൽ, റൂൾ തന്നെ ഭരണഘടനാവിരുദ്ധമാകുമെന്നും ബഹു കോടതി ഓർമിപ്പിച്ചു. CrPC 235(2)-ാം വകുപ്പ് പ്രകാരം, സെഷൻസ് കേസുകളിൽ ശിക്ഷ വിധിക്കുന്നതിന് മുമ്പ് ശിക്ഷ

സംബന്ധിച്ച് പ്രതിയെ കേൾക്കണം. ശിക്ഷയ്ക്ക് മുമ്പ് സർക്കാർ റഫറൻസ് നൽകുന്നത് ഈ നിർബന്ധിത നടപടിക്രമം ലംഘിക്കുന്നതാണ്. "ശിക്ഷ വിധിക്കപ്പെട്ട" ഒരാളുടെ കാര്യത്തിലാണ് റമിഷൻ അധികാരം പ്രയോഗിക്കാൻ കഴിയുന്നത് എന്നാണ് CrPC വകുപ്പ് 432, 433 എന്നിവയുടെ ഭാഷ തന്നെ വ്യക്തമാക്കുന്നത്. അതിനാൽ ശിക്ഷയ്ക്ക് മുമ്പ് റഫറൻസ് നൽകാൻ സാധ്യമല്ല. ശിക്ഷ വിധിച്ച ശേഷം, ശിശുഹത്യക്കേസുകളിൽ അമ്മയായ സ്ത്രീകളോട് മനുഷ്യസഹജമായ സമീപനം സ്വീകരിച്ച് സർക്കാർ ശിക്ഷ കുറയ്ക്കൽ പരിഗണിക്കണമെന്നതാണ് റൂൾ 131 ന്റെ ലക്ഷ്യം. എന്നാൽ കുട്ടിയുടെ ആഭരണങ്ങൾ കൈക്കലാക്കുന്നതിനായി നടത്തിയ കൊലപാതകങ്ങൾ,അല്ലെങ്കിൽ ലൈംഗിക അതിക്രമവുമായി ബന്ധപ്പെട്ട് മനോവൈകൃതമുള്ള കുറ്റവാളികൾ നടത്തുന്ന ശിശുഹത്യകൾ

ഈ റൂളിന്റെ പരിധിയിൽ ഉൾപ്പെടുന്നതല്ല Radhamony കേസിൽ, റൂൾ 131 വ്യാഖ്യാനം നേരിട്ട് പരിഗണിച്ചിരുന്നില്ല എന്നും ആ വിധിയിലെ 'before imposing sentence" എന്ന വാക്ക്, ശിക്ഷയ്ക്ക് മുമ്പ് റഫറൻസ് നൽകണമെന്ന അർത്ഥത്തിൽ എടുത്തുകൂടാ എന്നും കോടതി ഊന്നിപ്പറഞ്ഞു.

അന്തിമ വിധി: ശിശുഹത്യക്കേസിൽ, അമ്മയായ സ്ത്രീ IPC 302-ാം വകുപ്പ് പ്രകാരം കുറ്റക്കാരിയായി വിധിക്കപ്പെട്ടാൽ, ശിക്ഷ വിധിച്ച ശേഷം മാത്രമേ റൂൾ 131 പ്രകാരം സർക്കാരിന് റഫറൻസ് നൽകാവൂ. ശിക്ഷയ്ക്ക് മുമ്പ് നൽകിയ റഫറൻസ് അസാധുവാണ്. എല്ലാ ശിശുഹത്യക്കേസുകൾക്കും ഇത് ബാധകമല്ല എന്നും അമ്മ തന്നെ ശിശുവിനെ കൊലപ്പെടുത്തിയ കേസുകൾക്ക് മാത്രമേ ഈ റൂൾ പ്രകാരമുള്ള ആനുകൂല്യം ലഭിക്കുകയുള്ളൂ എന്നും കോടതി വ്യക്തമാക്കി. സമാന സാഹചര്യത്തിലുള്ള മറ്റ് കേസുകളിലും, സെഷൻസ് ജഡ്ജിമാർ ശിക്ഷ വിധിക്കുന്നത് നീട്ടിവയ്ക്കരുത്; ആദ്യം ശിക്ഷ വിധിച്ച് ശേഷം മാത്രമേ റൂൾ 131 പ്രകാരം റഫറൻസ് നൽകാവൂ എന്ന് കോടതി വ്യക്തമാക്കി. മാത്രമല്ല ഈ ഉത്തരവിന്റെ പകർപ്പ് എല്ലാ സെഷൻസ് ജഡ്ജിമാർക്കും മാർഗ്ഗനിർദേശമായി അയയ്ക്കണം എന്ന് രജിസ്ട്രിക്ക് കോടതി നിർദേശം നൽകുകയും ചെയ്തു.

മേൽ പരാമർശിച്ചിട്ടുള്ള Salni- കേസിന്റെ അടിസ്ഥാനത്തിൽ Criminal Rules of Practice Kerala ചട്ടം 131, പരിശോധിക്കുമ്പോൾ ശിശുഹത്യ കേസുകളിൽ, പ്രത്യേകിച്ച് പ്രസവാനന്തര മാനസികാവസ്ഥ, സാമൂഹിക സമ്മർദ്ദങ്ങൾ, കുടുംബ സാഹചര്യങ്ങൾ എന്നിവ കാരണം സ്ത്രീകൾ ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സാഹചര്യം പരിഗണിച്ച്, ശിക്ഷയിൽ മാനവിക പരിഗണന നൽകുക എന്നതാണ് റൂളിന്റെ മുഖ്യ ഉദ്ദേശ്യലക്ഷ്യം എന്ന് വിലയിരുത്താൻ സാധിക്കും. അതോടൊപ്പം സർക്കാരിന്റെ ശിക്ഷാ ഇളവ് അധികാരം സജീവമാക്കുക, അതായത് സർക്കാർ BNSS 473 , 474 (CrPC സെക്ഷൻ 432 / 433) പ്രകാരം ശിക്ഷ കുറയ്ക്കുകയോ, റമിഷൻ നൽകുകയോ, കമ്മ്യൂട്ടേഷൻ നടത്തുകയോ ചെയ്യാനുള്ള അധികാരം വിനിയോഗിക്കാൻ അവസരം സൃഷ്ടിക്കുകയുമാണ് ഈ റൂൾ. മാത്രമല്ല കേസ് മുഴുവൻ നേരിട്ട് കണ്ടും കേട്ടും വിലയിരുത്തിയിട്ടുമുള്ള സെഷൻസ് ജഡ്ജിയുടെ അഭിപ്രായം(REFERENCE) സർക്കാരിന് ലഭ്യമാക്കുന്നതിനാൽ, ശിക്ഷയിൽ ഇളവ് നൽകണോ വേണ്ടയോ എന്നതിൽ യുക്തിസഹമായ തീരുമാനം എടുക്കാൻ സർക്കാരിന് സഹായമാകുന്നു. ശിശുഹത്യ കേസിൽ കുറ്റാരോപിതയായ വ്യക്തിയെ തെളിവുകളുടെ അഭാവത്തിൽ വെറുതെ വിട്ടുകൊണ്ട് 2025-ൽ ബഹു കേരള ഹൈക്കോടതി പുറപ്പെടുവിച്ച Ramatha v. State Of Kerala CRL.A NO. 592 OF 2020 എന്ന കേസിലും ക്രിമിനൽ റൂൾസ് ഓഫ് പ്രാക്ടീസ്, 131 പ്രകാരം, കുട്ടികളെ കൊലപ്പെടുത്തിയതിന് സ്ത്രീകളെ ശിക്ഷിച്ച എല്ലാ കേസുകളിലും, സെഷൻസ് ജഡ്ജി അഭിപ്രായത്തോടെ ഹൈക്കോടതിയിലൂടെ സർക്കാരിന് ഒരു റഫറൻസ് നൽകേണ്ടതിന്റെ ആവശ്യകത ബഹു കോടതി ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്.

പ്രതിക്ക് പ്രത്യേക അപേക്ഷ ആവശ്യമില്ല - റൂൾ 131 പ്രകാരമുള്ള റഫറൻസ് തന്നെ ശിക്ഷ ഇളവ് പരിഗണനയ്ക്കുന്നതിന് മതിയാകുന്നതാണ്. പ്രതിയുടെ പ്രത്യേക അപേക്ഷയോ വീണ്ടും BNSS 473 (2) (CrPC 432(2)) പ്രകാരമുള്ള നടപടിക്രമങ്ങളോ സാധാരണയായി ആവശ്യമില്ല. റൂൾ 131 കുറ്റസ്ഥാപനത്തെയോ ശിക്ഷ നൽകന്നതിനെയോ ബാധിക്കുന്നില്ല. ശിക്ഷാ ഇളവിന്റെ കാര്യത്തിൽ മാത്രം സർക്കാർ ഇടപെടലിന് വഴിയൊരുക്കുന്നതാണ്.

ശിശുഹത്യ സംബന്ധിച്ച് വിവിധ രാജ്യങ്ങളിലെ നിയമസംവിധാനം പരിശോധിക്കുമ്പോൾ ഇന്ത്യയിൽ നിന്നും വ്യത്യസ്തമായി ചില രാജ്യങ്ങളിൽ Infanticide act പ്രാബല്യത്തിലുണ്ട്. ഇത്തരത്തിൽ പ്രത്യേക Infanticide നിയമങ്ങൾ പ്രധാനമായും ഇംഗ്ലീഷ് കോമൺലോ സ്വാധീനമുള്ള രാജ്യങ്ങളിലാണ് നിലവിലുള്ളത് എന്നും കാണാം. മറ്റ് ചില രാജ്യങ്ങളിൽ Infanticide എന്നതിന് കൃത്യമായ നിർവ്വചനം ആ രാജ്യങ്ങളിലെ ക്രിമിനൽ നിയമങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. യുണൈറ്റഡ് കിങ്ഡം (THE INFANTICIDE ACT 1938) , അയർലണ്ട് (the Infanticide Act, 1949) എന്നിവ വിവിധ രാജ്യങ്ങളിലെ നിയമനിർമാണങ്ങൾക്ക് ഉദാഹരണങ്ങളാണ്. UK (England, Scotland, Wales, Northern Ireland)-യിൽ ബാധകമായ 1938 -ലെ The Infanticide Act, പരിശോധിക്കുമ്പോൾ പ്രസവാനന്തര കാലഘട്ടത്തിൽ അമ്മയ്ക്ക് ഉണ്ടാകുന്ന മാനസിക അസ്വാസ്ഥ്യം നിയമപരമായി അംഗീകരിച്ചുകൊണ്ട് ശിശുഹത്യയെ പ്രത്യേകമായി കൈകാര്യം ചെയ്യുന്ന ഒരു പുരോഗമനപരമായ നിയമമായി ഇതിനെ വിലയിരുത്താൻ സാധിക്കും. ഈ നിയമപ്രകാരം, ഒരു സ്ത്രീ തന്റെ നവജാത ശിശുവിനെ മന:പൂർവ്വമായ പ്രവൃത്തിയിലൂടെയോ അനാസ്ഥയിലൂടെയോ കൊല്ലുകയും, അത്തരം പ്രവൃത്തിയുടെ സമയത്ത് പ്രസവത്തിന്റെ ഫലമായി അവരുടെ മാനസികസന്തുലനം നഷ്ടപ്പെട്ടിരിക്കുകയുമാണെങ്കിൽ, ആ കുറ്റം കൊലപാതകമായി (murder) അല്ല, മറിച്ച് Infanticide എന്ന പ്രത്യേക കുറ്റമായി കണക്കാവുന്നതും അപ്രകാരം പ്രതിയെ manslaughter-(the unlawful killing of a human being without express or implied malice)- ന് ചെയ്തതിന് സമാനമായ രീതിയിൽ കുറഞ്ഞ ശിക്ഷ നൽകുകയും ചെയ്യാം. പ്രസവാനന്തര മാനസിക അസ്വാസ്ഥ്യം അനുഭവിക്കുന്ന അമ്മമാരെ കൊലപാതക കുറ്റവാളികളായി കാണാതെ, മനുഷ്യാവകാശപരവും ചികിത്സാധിഷ്ഠിതവുമായ സമീപനം സ്വീകരിക്കുന്ന ഒരു പ്രധാന നിയമമാണിത്. ഈ നിയമത്തിന്റെ പ്രധാന സവിശേഷത ശിക്ഷയ്ക്ക് പകരം മാനസികാരോഗ്യ ചികിത്സയ്ക്ക് പ്രാധാന്യം നൽകുന്ന സമീപനമാണ് എന്നതാണ്. ഈ നിയമം രൂപപ്പെടുത്തിയത് 1922 ൽ ഇംഗ്ലണ്ട് -വെയ്ൽസ് എന്നിവിടങ്ങളിൽ നിലവിലുണ്ടായിരുന്ന ലോകത്തിലെ infanticide act ആയി കണക്കാക്കുന്ന 1922 -ലെ infanticide act - ൽ ഭേദഗതി വരുത്തിയായിരുന്നു. ഒരു പക്ഷെ Criminal Rules of Practice Kerala ചട്ടം 131-ലെ വ്യവസ്ഥകൾ രൂപീകരിക്കാൻ ഇംഗ്ലണ്ടിൽ നിലവിലുണ്ടായിരുന്ന 1938 -ലെ The Infanticide Act -ലെ വ്യവസ്ഥകൾ സ്വാധീനിച്ചിട്ടുണ്ടാകാം.

ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യയിലെ ചില പ്രദേശങ്ങളിൽ ശിശുഹത്യ (പ്രധാനമായി പെൺകുഞ്ഞുകളുടെ കൊലപാതകം) ഒരു ഗുരുതരമായ സാമൂഹിക പ്രശ്നമായിരുന്നു. ഈ കാലഘട്ടത്തിൽ ഉണ്ടായ വിജിയ ലക്ഷ്മി കേസ്-1881 (Vijia Lakshmi case-) കോളോണിയൽ പാശ്ചാത്യ ഇന്ത്യയിലെ ശിശുഹത്യയെ സംബന്ധിച്ച പ്രധാനപ്പെട്ട കേസുകളിലൊന്നായി നിയമചരിത്ര ഗ്രന്ഥങ്ങളിൽ പരാമർശിക്കപ്പെടുന്നു. വിധവയായിരിക്കെ ഗർഭിണിയായ വിജിയലക്ഷ്മി, സാമൂഹികമായ ഒറ്റപ്പെടുത്തലും അപമാനവും ഭയന്ന് തന്റെ നവജാതശിശുവിനെ കൊലപ്പെടുത്തി എന്നതായിരുന്നു കേസ്. 1881 മെയ് 3-ന് സെഷൻസ് കോടതി വിജിയലക്ഷ്മിക്ക് വധശിക്ഷ വിധിച്ചു. ബോംബെ ഹൈക്കോടതിയിൽ അപ്പീൽ നൽകിയതിനെത്തുടർന്ന് വധശിക്ഷ

'നാടുകടത്തൽ' (Transportation for life) ആയി കുറച്ചു. പ്രസവത്തിന് ശേഷമുള്ള അമ്മയുടെ മാനസികാവസ്ഥ, സാമൂഹികവും കുടുംബപരവുമായ സമ്മർദ്ദങ്ങൾ എന്നിവ ശിക്ഷ കുറക്കുന്നതിന് പരിഗണിക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ട ആദ്യകാല കേസുകളിൽ ഒന്നായിരുന്നു ഇത്. സാമൂഹിക പരിഷ്കർത്താക്കളുടെ ശക്തമായ പ്രതിഷേധത്തെത്തുടർന്ന് സർക്കാർ ഇടപെടുകയും ശിക്ഷ അഞ്ച് വർഷത്തെ തടവായി കുറയ്ക്കുകയും ചെയ്തു. ബ്രിട്ടീഷ് ഭരണകാലത്തെ ഇന്ത്യയിൽ 1920 കളിൽ നടന്ന മറ്റൊരു സുപ്രധാന ശിശുഹത്യ കേസായിരുന്നു മുസമ്മത്ത് കെലിയുടെ വിചാരണാ കേസ് (Musammat Kelees trial case 1920). കുറ്റാരോപിത സ്വന്തം കുഞ്ഞിനെ തടാകത്തിൽ മുക്കി കൊലപ്പെടുത്തിയെന്ന കുറ്റം ചുമത്തപ്പെട്ട് വിചാരണയ്ക്ക് വിധേയയായി. ആദ്യം ശിക്ഷ വിധിച്ചെങ്കിലും,പിന്നീട് വൈസ്റോയ് ഭരണകൂടം അവൾക്ക് മാപ്പ് നൽകി. ശിശുഹത്യയെ കേവലം കൊലപാതകമായി മാത്രം കാണാതെ കുറ്റാരോപിത നേരിടുന്ന ദാരിദ്ര്യം, മാനസിക സമ്മർദ്ദം, സാമൂഹിക അപമാനം, സ്ത്രീകളുടെയും മാതൃത്വത്തിന്റെയും മാനസികാവസ്ഥ തുടങ്ങിയ ഘടകങ്ങൾ കൂടി പരിഗണിച്ചു ശിക്ഷയിൽ ഇളവു നൽകുന്ന സാഹചര്യം പരിശോധിക്കപ്പെട്ട കേസ് ആയിരുന്നു ഇത് . മേൽ സംഭവങ്ങൾ എല്ലാം സൂചിപ്പിയ്ക്കുന്നത് ബ്രിട്ടീഷ് ഭരണകാലം മുതൽ തന്നെ ശിശുഹത്യ കേസുകളിൽ അമ്മയുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, ശാരീരിക-മാനസിക ഘടകങ്ങൾ ശിക്ഷ ഇളവ് അനുവദിക്കുന്നതിന് പരിഗണിക്കേണ്ടതുണ്ട് എന്ന ആശയം നിലനിന്നിരുന്നു എന്ന് തന്നെയാണ്.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ Criminal Rules of Practice Kerala ചട്ടങ്ങൾക്ക് സമാനമായി അതത് സംസ്ഥാനങ്ങൾക്കു ബാധകമായ Criminal Rules of Practice നിലവിലുണ്ട്. (ഉദാഹരണത്തിന് THE KARNATAKA CRIMINAL RULES OF PRACTICE, 1968, THE CRIMINAL RULES OF PRACTICE, Tamilnadu 2019) മേൽ പ്രകാരമുള്ള criminal rules പൊതുവായി പരിശോധിക്കുമ്പോൾ കേരളത്തിന് ബാധകമായ Criminal Rules of Practice ചട്ടം 131-നു സമാനമായ വ്യവസ്ഥകൾ എല്ലാ സംസ്ഥങ്ങളിലെയും Criminal Rules of Practice-ൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് കാണാം. അതുകൊണ്ട് തന്നെ സാമൂഹിക യാഥാർഥ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ശിശുഹത്യ കുറ്റങ്ങൾക്ക് ശിക്ഷകൾ നിശ്ചയിക്കുന്നതിനും ശിക്ഷാ ഇളവ് അനുവദിക്കുന്നതിനും ഒരു ഏകീകൃത നിയമ ചട്ടക്കൂട് ഇന്ത്യയിൽ നിലവിലില്ല എന്ന് കാണാവുന്നതാണ്. പെൺ ശിശുക്കളുടെ കൊലപാതകം തടയുന്നതിനായി ബ്രിട്ടീഷ് ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന ഒരു നിയമനിർമ്മാണമായിരുന്നു 1870-ലെ സ്ത്രീ ശിശുഹത്യ തടയൽ നിയമം. സ്വാതന്ത്ര്യത്തിനു ശേഷം 1952-ൽ പ്രസ്തുത ആക്ട് REPEAL ചെയ്യുകയുണ്ടായി. പെൺ ശിശുക്കളുടെ കൊലപാതകം (Female Infanticide) തടയുന്നതിനും, അത്തരം കുറ്റങ്ങൾക്ക് കർശനമായ ശിക്ഷകൾ ഏർപ്പെടുത്തുന്നതിനുമായി 2019-ൽ ലോക്സഭയിൽ The Prevention of Female Infanticide Bill, 2019 എന്ന സ്വകാര്യ ബിൽ കൊണ്ടുവന്നെങ്കിലും പ്രസ്തുത ബില്ലിന്മേൽ തുടർനടപടികൾ ഉണ്ടായില്ല. ഇന്ത്യയെ സംബന്ധിച്ച് ശിശുഹത്യ എന്നത് സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, മാനസിക ഘടകങ്ങളുമായി ബന്ധപ്പെട്ട് നിൽക്കുന്ന ഒരു സാമൂഹ്യപ്രശ്നമാണ്. അതിനാൽ ഇത് പൂർണ്ണമായ ഒരു ക്രിമിനൽ പ്രവർത്തിയായി വിലയിരുത്തി കടുത്ത ശിക്ഷ നൽകുന്നത് നീതിയുക്തമല്ല. അതുകൊണ്ട് തന്നെ ശിശുഹത്യയുടെ സാമൂഹിക, സാമ്പത്തിക, മാനസിക ഘടകങ്ങൾ പൂർണാർത്ഥത്തിൽ ഉൾക്കൊണ്ടുള്ള, അപ്രകാരം ശിശുഹത്യ (Infanticide)എന്നതിന് കൃത്യമായ നിർവ്വചനം നൽകുന്ന സമഗ്രമായ ഒരു നിയമ നിർമ്മാണം ഇന്ത്യയ്ക്ക് ഉണ്ടാകേണ്ടതുണ്ട്. അതിലേക്കായി Criminal Rules of Practice Kerala ചട്ടം 131-ലെ വ്യവസ്ഥയും salini കേസിലെ ബഹു.കോടതി നിരീക്ഷണങ്ങളും ഒരു മാതൃകയാകുമെന്ന് പ്രതീക്ഷിക്കാം.




*കുറിപ്പ് — വേറിട്ട വിധികളിൽ ഉൾപ്പെട്ടിരിക്കുന്ന വിധികൾ എല്ലാം അന്തിമവിധികളല്ല. വ്യത്യസ്ഥവും കൗതുകകരവുമായ ചില വിധികൾ വായനക്കാരുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്.*

**റിസർവേഷൻ ടിക്കറ്റുകൾ ഉണ്ടായിരുന്നിട്ടും ട്രെയിനിൽ കയറാൻ കഴിയാതെവന്ന മുതിർന്ന പൗരന്മാരായ യാത്രക്കാർക്ക് നഷ്ടപരിഹാരം നൽകാൻ ഇന്ത്യൻ റെയിൽവേയ്ക്ക് നിർദ്ദേശം**

ഒരു ബന്ധുവിന്റെ വിവാഹ ചടങ്ങിൽ പങ്കെടുക്കുവാനായി മുതിർന്ന പൗരന്മാരായ പരാതിക്കാർ 13.04.2022-ന് വിജയവാഡയിലേക്ക് പോകുന്നതിനായി 29.3.2022-ന് 892.50 രൂപ നൽകി ട്രെയിനിൽ റിസർവേഷൻ ടിക്കറ്റുകൾ ബുക്ക് ചെയ്തിരുന്നു. ട്രെയിൻ പുറപ്പെടുവാനായി നിശ്ചയിച്ചിട്ടുള്ള സമയത്തിന് വളരെ മുമ്പുതന്നെ പരാതിക്കാർ ഓട്ടോയിൽ കൃഷ്ണരാജപുരം റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേർന്നിരുന്നു. എന്നാൽ പരാതിക്കാർക്ക് ലഭിച്ച റിസർവേഷൻ സ്ലീപ്പർ സീറ്റുകൾ സ്ഥിതി ചെയ്യുന്ന എസ്-2 കോച്ച് ഉൾപ്പെടെ എല്ലാ ബോഗികളും ഇതിനകം തന്നെ ആളുകളെക്കൊണ്ട് തിങ്ങിനിറഞ്ഞിരുന്നതിനാൽ പരാതിക്കാർക്ക് ട്രെയിനിൽ കയറാൻ കഴിയാതെ വരികയും, അവർക്ക് വിജയവാഡയിലേക്കുള്ള യാത്ര ഒഴിവാക്കേണ്ടി വരികയും ചെയ്തു. പരാതിക്കാരെപ്പോലെ റിസർവേഷൻ

ടിക്കറ്റ് ബുക്ക് ചെയ്ത യാത്രക്കാരെ സഹായിക്കാൻ എതിർ കക്ഷിയായ റെയിൽവേയുടെ ഒരു ഉദ്യോഗസ്ഥനെയും സ്റ്റേഷനിൽ അവർ കണ്ടില്ല. പരാതിക്കാർ എതിർകക്ഷിയോട് പണം തിരികെ നൽകണമെന്നും നഷ്ടപരിഹാരം നൽകണമെന്നും ആവശ്യപ്പെട്ട് കത്തുകളും നിവേദനങ്ങളും അയച്ചിരുന്നെങ്കിലും, എതിർകക്ഷി അത് പരിഗണിച്ചില്ല. ഈ സാഹചര്യത്തിൽ സേവനത്തിലെ പോരായ്മ ആരോപിച്ച് മുതിർന്ന പൗരന്മാരായ പരാതിക്കാർ ബാംഗ്ളൂർ അർബൻ II അഡീഷണൽ ജില്ലാ ഉപഭോക്തൃ കമ്മീഷന് മുമ്പാകെ പരാതി നൽകി.

റിസർവേഷൻ ഇല്ലാത്ത യാത്രക്കാർ ട്രെയിനിൽ കയറിയെന്ന ആരോപണം എതിർകക്ഷി നിഷേധിക്കുകയും ഇത് പരിശോധിക്കാൻ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടെന്ന് വാദിക്കുകയും ചെയ്തു എങ്കിലും, അതിന് ഉപോൽപ്പലകമായ തെളിവുകൾ ഹാജരാക്കുന്നതിൽ റെയിൽവേ അധികാരികൾ പരാജയപ്പെട്ടു. റിസർവ് ചെയ്ത കോച്ചുകൾ പലപ്പോഴും ജനറൽ കോച്ചുകൾക്ക് സമീപമാണെന്നും ജനറൽ കോച്ചുകളിലെ യാത്രക്കാർ റിസർവ് ചെയ്ത കോച്ചുകളിലേക്ക് കയറാറുണ്ടെന്നും ജില്ലാ ഉപഭോക്തൃ കമ്മീഷൻ നിരീക്ഷിച്ചു. രണ്ട് മിനിറ്റ് മാത്രമേ ട്രെയിൻ സ്റ്റേഷനിൽ നിർത്തിയിരുന്നുള്ളൂവെന്നും ഇത് പരാതിക്കാരെപ്പോലെയുള്ള മുതിർന്ന പൗരന്മാർക്ക് തിരക്കേറിയ കോച്ചിൽ കയറാൻ പര്യാപ്തമായ സമയമല്ലെന്നും ജില്ലാ ഉപഭോക്തൃ കമ്മീഷൻ അഭിപ്രായപ്പെട്ടു. ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്ന യാത്രക്കാർ മൂലമുണ്ടാകുന്ന വരുമാനനഷ്ടം വെളിപ്പെടുത്തുന്ന എതിർ കക്ഷിയുടെ ഉദ്യോഗസ്ഥർ തമ്മിൽ നടത്തിയിട്ടുള്ള കത്തിടപാടുകളെ ജില്ലാ ഉപഭോക്തൃ കമ്മീഷൻ ആശ്രയിച്ചു.

എതിർകക്ഷിയായ ഇന്ത്യൻ റെയിൽവേയുടെ ഭാഗത്തുനിന്ന് സേവനത്തിലെ പോരായ്മ ഉണ്ടായതായി ജില്ലാ ഉപഭോക്തൃ കമ്മീഷൻ കണ്ടെത്തുകയും, എതിർകക്ഷിയോട് പരാതിക്കാർക്ക് 892.50 രൂപയുടെ റീഫണ്ടും, 5000 രൂപയുടെ നഷ്ടപരിഹാരവും, 3000 രൂപയുടെ വ്യവഹാരച്ചെലവും നൽകാൻ ഉത്തരവിടുകയും ചെയ്തു.

[സി.സി. നമ്പർ 334/2022-ൽ ബാംഗ്ളൂർ അർബൻ II അഡീഷണൽ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പുറപ്പെടുവിച്ച 12-3-2025-ലെ വിധിന്യായത്തെ അടിസ്ഥാനമാക്കി.]




# നിയമ പദ പരിചയം

**Allograph** - a deed or instrument written by one person on behalf of another
മറ്റൊരാൾക്കുവേണ്ടി എഴുതപ്പെട്ട പ്രമാണം.

**Attorn** - to agree to continue as tenant under a new landlord
പുതിയ ജന്മിയുടെ കീഴിൽ കുടിയാനായി തുടരാമെന്ന് സമ്മതിക്കുക.

**Bill of attainder** - a legislative enactment by which a person is pronounced guilty, without trial, of a crime
വിചാരണ നടത്താതെ ഒരാൾ കുറ്റക്കാരനാണെന്ന് പ്രസ്താവിച്ചു കൊണ്ടുള്ള നിയമം.

**Broadside objection** - objection without specifying reasons thereof
കാരണമില്ലാതെ നടത്തുന്ന തടസ്സവാദം.

**Coram non judice** - before one who is not a judge
ന്യായാധിപനല്ലാത്ത ആളുടെ മുമ്പാകെ.

**Custodian legis** - in the custody of law
നിയമത്തിന്റെ വരുതിയിലുള്ള.

**Dead letter law** - a law no longer operative
പ്രാബല്യത്തിൽ ഇല്ലാത്ത നിയമം.

**Defalcation** - misuse of fund entrusted to one; embezzlement
വിശ്വാസത്തിൻമേൽ ഏല്പിച്ചിട്ടുള്ള പണം അപഹരിക്കൽ; ധനാപഹരണം.

**Elegit** - an order by which a plaintiff is given possession of the defendant-'s goods until the plaintiff-'s claim is satisfied

ലഭിക്കാനുള്ളത് ലഭിക്കുംവരെ പ്രതിയുടെ സ്വത്ത് കൈവശം വെക്കാൻ അന്യായക്കാരന് അനുവാദം നൽകുന്ന കോടതി ഉത്തരവ്.

**Escheat** - the reverting of property to the government when there are no legal heirs
അവകാശികളില്ലാത്തതിനാൽ സ്വത്ത് സർക്കാരിൽ ലയിക്കൽ

**Estover** - an allowance made to a person out of an estate ; an allowance granted to a divorced woman for her support out of her husband's property
ഒരു വസ്തുവിലെ വരുമാനത്തിൽ നിന്ന് നൽകുന്ന അലവൻസ് ; വിവാഹ മോചിതയായ സ്ത്രീക്ക് ഭർത്താവിന്റെ സ്വത്തിൽ നിന്ന് നൽകുന്ന അലവൻസ്.

**First devisee** - the person to whom the estate is first given by the will
ഒസ്യത്ത് പ്രകാരം ആദ്യം സ്വത്ത് നല്കപ്പെട്ട ആൾ.

**Floating easement** - a right of way which, when created, is not limited to any specific area on servient tenement
പ്രത്യേക സ്ഥലത്തായി നിജപ്പെടുത്തിയിട്ടില്ലാത്ത സൗകര്യാവകാശം.

**Garden leave clause** - a clause in an employment contract that provides for a long period of notice by the employer, during which the employee will be remunerated in full but will not be required to attend at the workplace
ദീർഘമായ നോട്ടീസ് കാലം നിശ്ചയിച്ചിട്ടുള്ളതും ഈ കാലയളവിൽ ജോലി ചെയ്യാതെ വേതനം നൽകുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുള്ള വകുപ്പ്.

**Half-secret trust** - a trust whose existence is disclosed on the face of the document creating it but the beneficiaries of which are undisclosed
ഉദ്ദേശ്യം വ്യക്തമാക്കിയിട്ടുള്ളതും എന്നാൽ ഗുണഭോക്താക്കളെ രഹസ്യമാക്കി വെച്ചിട്ടുള്ളതുമായ ട്രസ്റ്റ്.




# നിയമസൂക്തങ്ങൾ
(Legal Maxims)

**A pactis privatorum publico juri non derogatur.**
[Private agreements cannot alter the general law.]
സ്വകാര്യ കരാറുകൾക്ക് സാമാന്യ നിയമത്തെ ഭേദപ്പെടുത്തുവാൻ കഴിയുന്നതല്ല.
നിയമനിർമാണ സഭയുടെ ഒരു ആക്റ്റിനെ ലംഘിച്ചുകൊണ്ട് ചെയ്യപ്പെടുന്നതെന്തും ഒരു വ്യവഹാര വിഷയമാക്കുവാൻ കഴിയുന്നതല്ല.

**A summo remedio ad inferiorem actionem non habetur regressus neque auxilium.** [From (after using) the highest remedy, there can be no recourse (going back) to an inferior action, nor assistance (derived from it).]
ഏറ്റവും ഉയർന്ന പരിഹാരത്തിൽ നിന്ന് (അതു വിനിയോഗിച്ചതിനു ശേഷം) ഒരു താഴ്ന്ന നടപടിയിലേക്കോ (അതിൽനിന്ന് ലഭിക്കുന്ന) സഹായത്തിലേക്കോ ഉള്ള യാതൊരു പുനർഗമനത്തിനും (മടങ്ങിപ്പോകലിനും) സാധ്യത ഉണ്ടായിരിക്കുന്നതല്ല. കൊടുത്തിട്ടുള്ള പരിഹാര മാർഗങ്ങളിൽ ശ്രേണികൾ ഉണ്ടായിരുന്നപ്പോൾ, യഥാർഥ വ്യവഹാരങ്ങളുടെ പഴയ നിയമത്തിൽ ഉണ്ടായിരുന്ന ഒരു സൂക്തം; നിയമത്തിൽ ഏറ്റവും ഉയർന്ന റിട്ടായിരുന്ന ഒരു അവകാശ റിട്ട് കൊണ്ടുവന്ന ഒരു കക്ഷിക്ക്, പിന്നീട് താഴ്ന്ന ഒരു പരിഹാര മാർഗത്തിലേക്ക് പോകുവാനോ ഇറങ്ങിവരുവാനോ കഴിയുന്നതല്ല എന്നതായിരുന്നു ശാസനം.

**Benignior sententia in verbis generalibus seu dubiis est preferenda.**
[Of general or doubtful words, the more liberal interpretation is to be preferred.]
സാമാന്യ അല്ലെങ്കിൽ സംശയമുള്ള പദങ്ങളുടെ സംഗതിയിൽ, കൂടുതൽ പദാനുപദമായതല്ലാത്ത വ്യാഖ്യാനത്തിന് മുൻഗണന നൽകേണ്ടതാണ്.
സാമാന്യ അല്ലെങ്കിൽ സംശയമുള്ള പദപ്രയോഗങ്ങളിൽ ഏറെ അനുകൂലമായ വ്യാഖ്യാനത്തിന് മുൻഗണന നൽകേണ്ടതാണ്.

**Concordare leges legibus est optimus interpretandi modus.**
[To make laws agree with laws is the best mode of interpreting them.]
നിയമങ്ങളെ നിയമങ്ങളുമായി യോജിപ്പിക്കുക എന്നതാണ് അവയെ വ്യാഖ്യാനിക്കുന്ന ഏറ്റവും നല്ല രീതി.

**Crimen ex post facto non diluitur.**
[A crime cannot be expiated by after acts.]
ഒരു കുറ്റം പിന്നീടുള്ള പ്രവൃത്തികൾ കൊണ്ട് പരിഹരിക്കുവാൻ കഴിയുന്നതല്ല.

**Ei incumbit probatio qui dicit, non qui negat.**
[The burden of proof lies upon him who affirms, not upon him who denies.]
തെളിവുഭാരം സ്ഥിരീകരിക്കുന്ന ആളിന്മേൽ സ്ഥിതിചെയ്യുന്നു, നിഷേധിക്കുന്ന ആളിൻമേലല്ല.

**Expedit rei publicae ne sua re quis male utatur.**
[It is for the public good that no one should use his property badly]
വസ്തു മോശമായി ഉപയോഗിക്കുവാൻ പാടില്ല എന്നുള്ളത് പൊതുനന്മയ്ക്കു വേണ്ടിയുള്ളതാണ്. യാതൊരാളും തന്റെ കൈവശത്തിലുള്ള വസ്തുക്കൾ ദുരുപ യോഗപ്പെടുത്തുവാൻ പാടില്ല എന്നുള്ളത് രാഷ്ട്ര താൽപ്പര്യത്തിനുവേണ്ടിയാണ്.

**Impuris manibus nemo accedat curiam.**
[No man may come into court with unclean hands.]
യാതൊരാളും ശുദ്ധിയില്ലാത്ത കരങ്ങളോടുകൂടി കോടതിക്കുള്ളിൽ വരാവുന്നതല്ല.

**Lestestm doivent rien tesm fors ceo que ils soient de certein, s. ceo que ils veront ou oyront.**
[Witnesses should testify to nothing unless they are certain of it, that is, unless they have seen or heard it.]
സാക്ഷികൾ യാതൊന്നും, അതിനെക്കുറിച്ച് അവർക്ക് നിശ്ചയമില്ലാത്ത പക്ഷം അതായത്, അതിനെ അവർ കാണുകയോ കേൾക്കുയോ ചെയ്തിട്ടില്ലാത്ത പക്ഷം, സാക്ഷ്യപ്പെടുത്താൻ പാടില്ലാത്തതാണ്.

**Nemo condemnari debet inauditus nec summonitus.**
[No one should be condemned unheard or unsummoned.]
യാതൊരാളെയും കേൾക്കാതെയോ വിളിച്ചു വരുത്താതെയോ കുറ്റപ്പെടുത്താൻ പാടില്ലാത്തതാണ്.

**Non quieta movere.**
[Not to disturb what is settled.]
സ്ഥിരപ്പെടുത്തിയിട്ടുള്ളത് എന്താണോ, അതിനെ അസ്ഥിരപ്പെടുത്തരുത്.

**Non refert quid notum sit judici, si notum non sit in forma judicii.**
[No judge should import his private knowledge of the facts into a case.]
യാതൊരു ന്യായാധിപനും വസ്തുത കളെക്കുറിച്ചുള്ള തന്റെ സ്വകാര്യ അറിവിനെ ഒരു കേസിനുള്ളിൽ ഉൾപ്പെടുത്തുവാൻ പാടില്ലാത്തതാണ്.



# മലയാളത്തിന്റെ എഴുത്തുരീതി

## മാനകപദാവലി

വിദഗ്ധൻ
വിദ്യാർഥി
വിദ്യുച്ഛക്തി
വിപുലീകരണം
വിമലീകരണം
വിമ്മിട്ടം
വിരുദ്ധം
വിരോധാഭാസം
വിലയ്ക്ക്
വിൽക്കുക
വില്പന
വില്ലേജ് ഓഫീസ്
വിശിഷ്ടം
വിശ്വസ്തൻ (വിശ്വസിക്കാവുന്നയാൾ)
വിശ്വസ്ഥൻ (വിശ്വത്തിൽ സ്ഥിതിചെയ്യുന്നയാൾ)
വീഡിയോ കോൺഫറൻസ്
വൃഥാ
വൃശ്ചികം
വെന്റിലേറ്റർ
വെബ്സൈറ്റ്
വൈഡൂര്യം
വൈദഗ്ധ്യം
വൈദ്യുതി
വൈയാകരണൻ
വൈരുധ്യം
വൈവിധ്യം
വൈസ് ചാൻസലർ
വ്യത്യസ്തം
വ്യവസ്ഥ
വ്യവസ്ഥിതി
വ്യുൽപത്തി
വ്രണം
വ്രതം
ശക്തീകരണം
ശതാബ്ദി (നൂറുവർഷം)
ശതാബ്ധി (നൂറുകടൽ)
ശിപാർശ
ശില്പം
ശീതീകരണം
ശുൽക്കം
ശുശ്രൂഷ
ശൈലിവൽക്കരണം
ശ്രാദ്ധം
ശ്രീമതി
ശ്രേഷ്ഠത
ശ്രോതാവ്
ഷഷ്ട്യബ്ദപൂർത്തി (അറുപതു വയസ്സുതികയൽ)
ഷഷ്ഠിപൂർത്തി (ആറുവയസ്സു തികയൽ)

സംക്ഷേപണം
സങ്കല്പം
സത്യഗ്രഹം
സത്യവാങ്മൂലം
സത്വരം
സദസ്സ്
സദ്ഭരണം
സന്ദിഗ്ധം
സന്മാർഗം
സന്യാസിനി
സബ്ജയിൽ
സബ്ഡിവിഷണൽ മജിസ്ട്രേറ്റ്
സബ്സിഡി
സമൺസ്
സമയാസമയം
സമർഥൻ
സമസ്തം
സമ്പദ്ഘടന
സമ്പദ്വ്യവസ്ഥ
സമ്രാട്ട്
സർ
സർക്കുലർ (പരിപത്രം എന്നുവേണ്ട)
സർചാർജ്
സർജൻ
സർട്ടിഫിക്കറ്റ്
സർവം
സർവകലാശാല
സർവതോമുഖം
സർവഥാ (എല്ലാ രീതിയിലും)
സർവദാ (എല്ലായ്പോഴും)
സർവീസ്
സർവെ
സർവെ സൂപ്രണ്ട്
സർവെ നമ്പർ
സൽക്കഥ
സൽക്കർമ്മം
സൽക്കാരം
സൽഗതി
സൽഫലം
സംസ്കാരം
സംസ്കൃതം
സസ്പെൻഷൻ
സാക്ഷ്യപത്രം
സാത്വികം
സാധാരണം
സാധ്യം
സാന്നിധ്യം
സാമർഥ്യം
സാമൂഹികം
സാമൂഹികനീതിവകുപ്പ്
സാമൂഹികസുരക്ഷ
സാമ്പത്തികം
സാമ്പത്തികനീതി
സാമ്പത്തികമേഖല
സാമ്പത്തികസുരക്ഷ
സായുജ്യം
സാർവത്രികം
സാംസ്കാരികം
സിനിമ
സിലബസ്
സിലിൻഡർ
സിവിൽ ഏവിയേഷൻ
സിവിൽ ജഡ്ജി
സിവിൽ ജയിൽ
സിവിൽ നടപടി
സിവിൽ ലിസ്റ്റ്
സിവിൽ സപ്ലൈസ്
സിവിൽ സർജൻ
സിവിൽ സർവീസ്
സിവിൽക്കേസ്
സിവിൽക്കോടതി
സിറിഞ്ച്
സുബേദാർ
സുസമ്മതം
സുസൂക്ഷ്മം
സുസ്ഥിരം
സുസ്ഥിരവികസനം
സുഹൃദ്ബന്ധം
സൂപ്പർവൈസർ
സൂപ്രണ്ട്
സൃഷ്ടി
സെക്കൻഡറി
സെക്രട്ടറി
സെക്രട്ടേറിയറ്റ്
സെക്ഷൻ
സെൻഷർ വോട്ട്
സെൻസസ്
സെപ്റ്റംബർ



# നിയമലോകം

**ലൈംഗികാതിക്രമ കേസുകളിൽ കോടതികളിൽ നിന്നുണ്ടാകുന്ന വിവേകശൂന്യമായ നിരീക്ഷണങ്ങൾ തടയുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നത് പരിഗണിക്കേണ്ടതുണ്ട്** : *അലഹബാദ് ഹൈക്കോടതിയുടെ വിധി സ്റ്റേ ചെയ്തുകൊണ്ട് സുപ്രീം കോടതി നിരീക്ഷിച്ചു*

പ്രായപൂർത്തിയാകാത്ത പെൺകുട്ടിയുടെ മാറിടത്തിൽ പിടിക്കുന്നതും, അവളുടെ പൈജാമയുടെ ചരട് പൊട്ടിക്കുന്നതും, അടിവസ്ത്രം വലിച്ചു കീറാൻ ശ്രമിക്കുന്നതും ബലാത്സംഗ ശ്രമമായി കണക്കാക്കാൻ പര്യാപ്തമല്ലെന്ന അലഹബാദ് ഹൈക്കോടതിയുടെ വിധിയെ സുപ്രീം കോടതി നിശിതമായി വിമർശിച്ചു. മാർച്ച് 17-ലെ ഹൈക്കോടതി ഉത്തരവിന്മേൽ സ്വമേധയാ നടപടി സ്വീകരിച്ച കോടതി, അത് നിലനിൽക്കില്ലെന്നും അതിൽ ഉടനടി തിരുത്തൽ ആവശ്യമാണെന്നും അഭിപ്രായപ്പെട്ടു. ഹൈക്കോടതിയുടെ നിഗമനങ്ങൾ റദ്ദാക്കുമെന്നും ക്രിമിനൽ വിചാരണ നടപടികൾ തടസ്സമില്ലാതെ തുടരണമെന്നും ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസ് ജോയ്മല്യ ബാഗ്ചി എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി.

രാത്രിയിൽ നടന്ന സംഭവം ക്ഷണിച്ചു വരുത്തിയത് പോലെയാണെന്ന് സൂചിപ്പിക്കുന്ന അലഹബാദ് ഹൈക്കോടതി യുടെ പരാമർശം ഉൾപ്പടെയുള്ള വിവിധ കോടതികളിൽ നിന്നുള്ള അസ്വസ്ഥത ഉളവാക്കുന്ന നിരവധി നിരീക്ഷണങ്ങളിലേക്ക് അമിക്കസ് ക്യൂറിയായി ഹാജരായ മുതിർന്ന അഭിഭാഷക ശോഭ ഗുപ്ത കോടതിയുടെ ശ്രദ്ധ ക്ഷണിച്ചു. രഹസ്യവിചാരണയ്ക്കിടെ പ്രായപൂർത്തിയാകാത്ത ഒരു പെൺകുട്ടി പീഡനത്തിന് ഇരയായതായി അടുത്തിടെ

ആരോപിക്കപ്പെട്ട ഒരു സംഭവവും അമിക്കസ് ക്യൂറി ചൂണ്ടികാണിച്ചു.

ലൈംഗികാതിക്രമ കേസുകളിൽ മുൻവിധിയോടെയുള്ളതും വിവേകശൂന്യവുമായ നിരീക്ഷണങ്ങൾ തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ തയ്യാറാണെന്ന് സുപ്രീം കോടതി വ്യക്തമാക്കി. ഇരകളിൽ ഈ പരാമർശങ്ങൾ

ശക്തമായ വിമർശിച്ചിരുന്നു. ഇര പ്രായപൂർത്തിയായവളും വിദ്യാസമ്പന്നയുമായതിനാൽ സ്വയം കുഴപ്പം ക്ഷണിച്ചുവരുത്തി എന്നും ഇരയുടെ ആരോപണങ്ങൾ സത്യമാണെന്ന് അംഗീകരിച്ചാലും, സംഭവത്തിന് അവളും ഉത്തരവാദിയാണെന്ന് നിഗമനം ചെയ്യാമെന്നും ഹൈക്കോടതി സിംഗിൾ ബെഞ്ച് അഭിപ്രായപ്പെട്ടിരുന്നു.



ഭീതിജനകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നും ചിലപ്പോൾ പരാതി തന്നെ പിൻവലിക്കാൻ സമ്മർദ്ദം ചെലുത്താൻ ഇത്തരം രീതികൾ സ്വീകരിക്കാറുണ്ടെന്നും ചീഫ് ജസ്റ്റിസ് നിരീക്ഷിച്ചു.

ഇതിന് മുമ്പ് മറ്റൊരു കേസിൽ, ബലാത്സംഗ കേസിലെ പ്രതിക്ക് ജാമ്യം അനുവദിച്ചുകൊണ്ട് അലഹബാദ് ഹൈക്കോടതി നടത്തിയ നിരീക്ഷണങ്ങളെ 2025 ഏപ്രിൽ 15-ന് സുപ്രീം കോടതി

സ്ത്രീകൾക്കെതിരായ ലൈംഗികാതിക്രമ കേസുകൾ കൈകാര്യം ചെയ്യുമ്പോൾ ജഡ്ജിമാർ ജാഗ്രത പാലിക്കണമെന്ന് ജസ്റ്റിസുമാരായ ബി ആർ ഗവായി, എ ജി മസിഹ് എന്നിവരടങ്ങിയ ബെഞ്ച് ഊന്നിപ്പറഞ്ഞിരുന്നു.ജാമ്യംഅനുവദിക്കണമെങ്കിൽ അത് അനുവദിക്കാവുന്നതാണെന്ന് പറഞ്ഞുകൊണ്ട് ഇത്തരം നിരീക്ഷണങ്ങളുടെ ഉദ്ദേശശുദ്ധിയെ ജസ്റ്റിസ് ഗവായ് ചോദ്യം ചെയ്തു.



**പതിനഞ്ചാം കേരളനിയമസഭയുടെ 14-ാം സമ്മേളനത്തിൽ ആക്റ്റ് ആയ ബില്ലുകൾ**

**2025 – ലെ കേരള പൊതു സേവനാവകാശ ആക്റ്റ്**

(2025 - ലെ 12–ാം ആക്റ്റ്)

**2025 –ലെ മലയാളഭാഷാ ആക്റ്റ്**

(2026 - ലെ 3–ാം ആക്റ്റ്)

**2025 –ലെ കേരള ഏക കിടപ്പാടം സംരക്ഷണ ആക്റ്റ്**

(2025-ലെ 13–ാം ആക്റ്റ്)

**2025–ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ആക്റ്റ്**

(2025-ലെ 15–ാം ആക്റ്റ്)

**2025–ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ്**

(2025-ലെ 9–ാം ആക്റ്റ്)

**2025–ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി ) ആക്റ്റ്**

(2025-ലെ 16–ാം ആക്റ്റ്)

**2025–ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ്**

(2025-ലെ 14–ാം ആക്റ്റ്)

**2025–ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ആക്റ്റ്**

(2025-ലെ 8–ാം ആക്റ്റ്)

**THE GURUVAYOOR DEVASWOM (AMENDMENT) ACT, 2025**

[Act 17 of 2025]




# നിയമവകുപ്പ് വാർത്തകൾ

## "വാഗ്മി 2025" ഉത്തരമേഖലാതല മത്സരം സംഘടിപ്പിച്ചു

2025 ലെ ഭരണഘടന ദിനാഘോഷത്തിന്റെ ഭാഗമായി നിയമ (ഔദ്യോഗികഭാഷ - പ്രസിദ്ധീകരണ സെൽ) വകുപ്പ് സംസ്ഥാനത്തെ കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച അഖിലകേരള ഭരണഘടനാ പ്രസംഗമത്സരം 'വാഗ്മി 2025' ന്റെ ഭാഗമായുള്ള ഉത്തരമേഖല പ്രസംഗമത്സരം 2025 ഒക്ടോബർ 12-ന് കോഴിക്കോട് ഗവ. ലോ കോളേജിൽ വെച്ച് ബഹു.നിയമസെക്രട്ടറി ശ്രീ. കെ ജി സനൽ കുമാർ ഉദ്ഘാടനം ചെയ്തു. ഭരണഘടനാ സാക്ഷരത വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയും അതിൽ വിദ്യാർത്ഥികൾക്ക് വഹിക്കാൻ കഴിയുന്ന പങ്കും അദ്ദേഹം ഊന്നിപ്പറഞ്ഞു.



ലോ കോളേജ് പ്രിൻസിപ്പൽ ശ്രീ. കെ എസ് വിദ്യുത് അധ്യക്ഷത വഹിച്ച ചടങ്ങിൽ അഡീഷണൽ നിയമ സെക്രട്ടറി ശ്രീ. ഷിബു തോമസ് സ്വാഗതവും, ലീഗൽ അസിസ്റ്റന്റ് ശ്രീ. എ. കെ. അനന്ത കൃഷ്ണൻ കൃത ജ്ഞതയും അർപ്പിച്ചു. ഭരണഘടനയുടെ ആമുഖം വായിച്ചായിരുന്നു പരിപാടികൾ ആരംഭിച്ചത്.

മുൻ ജില്ലാ ജഡ്ജ് ശ്രീ. കെ. കെ. കൃഷ്ണൻകുട്ടി, അഡീഷണൽ നിയമ സെക്രട്ടറി (റിട്ട.) ശ്രീ. കെ. പ്രസാദ്, കോഴിക്കോട് ഗവ. ലോ കോളേജ് മുൻ പ്രിൻസിപ്പൽ ഡോ. സി തിലകാനന്ദൻ എന്നിവർ വിധികർത്താക്കളായ മത്സരത്തിൽ വയനാട് മാനന്തവാടി ഗവ. കോളേജിലെ അഞ്ജലി കൃഷ്ണ ഒന്നാം സ്ഥാനവും, തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിലെ അമ്പിളി എൻ കുമാർ രണ്ടാം സ്ഥാനവും, കാസർകോഡ് സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരളയിലെ മുരളി കൃഷ്ണ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. കോഴിക്കോട്, കാസർക്കോട്, കണ്ണൂർ, വയനാട്, മലപ്പുറം ജില്ലകളിലെ സർക്കാർ, എയ്ഡഡ് കോളേജുകളിലെ വിദ്യാർത്ഥികളാണ് പ്രസംഗ മത്സരത്തിൽ പങ്കെടുക്കാനെത്തിയത്.

**ലളിത മലയാളം എങ്ങനെ നിയമ നിർമ്മാണത്തിൽകൊണ്ടുവരാംഎന്നതാണ് നിയമവകുപ്പ് ഏറ്റെടുക്കേണ്ട വെല്ലുവിളി : മലയാളദിനാഘോഷ-ഭരണഭാഷാവാരാഘോഷ പരിപാടിയുടെ ഉദ്ഘാടന വേളയിൽ ബഹു.നിയമവകുപ്പ് മന്ത്രി**

സാധാരണക്കാർക്ക് എളുപ്പത്തിൽ മനസ്സിലാകുന്ന, സങ്കീർണ്ണതകളില്ലാത്ത, ദുർഗ്രാഹ്യമല്ലാത്ത ലളിത മലയാളം എങ്ങനെ നിയമ നിർമ്മാണത്തിൽ കൊണ്ടുവരാം എന്നതാണ് നിയമവകുപ്പ് ഏറ്റെടുക്കേണ്ട വെല്ലുവിളിയെന്ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ്. സെക്രട്ടേറിയറ്റ് അനക്സ് രണ്ടിലെ ശ്രുതി ഹാളിൽ വെച്ച് 2025 നവംബർ 5-ന് നിയമ (ഔദ്യോഗികഭാഷ- പ്രസിദ്ധീകരണ സെൽ) വകുപ്പ് സംഘടിപ്പിച്ച മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

നിയമ ഭാഷ കടുപ്പമുള്ളതാകണമെന്ന കൊളോണിയൽ സങ്കല്പം മാറ്റണം. കേവലം മലയാളവത്കരണം എന്നതിനപ്പുറത്തേക്ക് സാധാരണക്കാർക്ക് നിയമം മനസ്സിലാകണം എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ലളിത മലയാളം നിയമ നിർമ്മാണത്തിൽ എങ്ങനെ





ഫലപ്രദമായി ഉപയോഗിക്കാമെന്ന ചിന്ത മികച്ച കാര്യമാണ്. വായിക്കുമ്പോൾ തന്നെ നിയമത്തിന്റെ വകുപ്പിൽ എന്താണ് പറഞ്ഞിരിക്കുന്നത് എന്നത് സാധാരണ പൗരന് മനസ്സിലാകുന്ന വിധത്തിലാണ് ഭാഷ രൂപപ്പെടുത്തേണ്ടത്. അഭിഭാഷകരുടെ വ്യാഖ്യാനങ്ങളില്ലാതെ തന്നെ പൗരന് നിയമം ഗ്രഹിക്കാൻ കഴിയുന്ന ഭാഷയിലേക്കാണ് വകുപ്പുകൾ പരിവർത്തനം ചെയ്യേണ്ടത്. അതാണ് നിയമവകുപ്പിന്റെ പ്രധാന ദൗത്യമെന്ന് മന്ത്രി പറഞ്ഞു.

കേരള നിയമസഭ മലയാള ഭാഷാ ബിൽ, 2025 പാസാക്കി എന്നുള്ളതാണ് ഈ വർഷത്തെ ഭരണഭാഷാ വാരാഘോഷത്തിന്റെ പ്രത്യേകത. ഇതിന് മുൻപ് 2015-ൽ മലയാള ഭാഷാ ബിൽ പാസാക്കിയെങ്കിലും രാഷ്ട്രപതിയുടെ അനുമതി ലഭിക്കാത്തതുകൊണ്ട് നിയമമായില്ല. ഈ വർഷത്തെ മലയാള ഭാഷാ ബില്ലിന് അംഗീകാരം ലഭിച്ചാൽ, അത് മലയാള ഭാഷയുടെ പ്രചാരണത്തിന് ഏറെ സഹായകരമായിരിക്കും എന്നാണ് പ്രതീക്ഷിക്കുന്നതെന്നും ബഹു. മന്ത്രി പറഞ്ഞു.

മലയാള ദിനാഘോഷത്തിന്റെയും ഭരണഭാഷാ വാരാഘോഷത്തിന്റെയും ഭാഗമായി സെക്രട്ടേറിയറ്റ് ജീവനക്കാർക്കായി നിയമ വകുപ്പ് സംഘടിപ്പിച്ച മലയാളത്തിൽ സർക്കാർ ഉത്തരവ് തയ്യാറാക്കൽ, വിധിന്യായത്തിന്റെ മലയാള പരിഭാഷ, ചട്ടങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തൽ എന്നീ മത്സരങ്ങളുടെ വിജയികൾക്കുള്ള സമ്മാനങ്ങൾ ബഹു. മന്ത്രി തദവസരത്തിൽ വിതരണം ചെയ്തു. നിയമസെക്രട്ടറി ശ്രീ. കെ. ജി. സനൽ കുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ അഡീഷണൽ നിയമസെക്രട്ടറി ശ്രീ. ഷിബു തോമസ്, കേരള സർവകലാശാല മലയാളം വിഭാഗം അസിസ്റ്റന്റ് പ്രൊഫ. (ഡോ.) ടി. കെ. സന്തോഷ് കുമാർ, നിയമ വകുപ്പ് ജോയിന്റ് സെക്രട്ടറി ശ്രീമതി ശ്രീജ ഡി. കെ തുടങ്ങിയവർ സംസാരിച്ചു.



6.10.2025-ന് നടത്തിയ മലയാളത്തിൽ സർക്കാർ ഉത്തരവ് തയ്യാറാക്കൽ മത്സരത്തിൽ ശ്രീമതി രാജലക്ഷ്മി വി. എസ്. (സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, ആയുഷ് വകുപ്പ്) ഒന്നാം സ്ഥാനവും, ശ്രീമതി സജില ടി. (സെക്ഷൻ ഓഫീസർ, വിവര പൊതുജന സമ്പർക്ക വകുപ്പ്) രണ്ടാം സ്ഥാനവും, ശ്രീ. ശശികുമാർ എസ്. എൻ. (ഡെപ്യൂട്ടി സെക്രട്ടറി, നിയമവകുപ്പ്), ശ്രീ. ഷെഫീക്ക് എ. എസ്. (സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, വ്യവസായ വകുപ്പ്) എന്നിവർ മൂന്നാം സ്ഥാനവും നേടി.

07.10.2025-ന് നടത്തിയ വിധിന്യായത്തിന്റെ മലയാള പരിഭാഷ തയ്യാറാക്കൽ മത്സരത്തിൽ ശ്രീ. ദിപിൻ റോയ് എസ്. എൽ. (സെക്ഷൻ ഓഫീസർ, നിയമവകുപ്പ്) ഒന്നാം സ്ഥാനവും, ശ്രീമതി ജയലക്ഷ്മി എ. സി. (സെക്ഷൻ ഓഫീസർ, റവന്യൂ വകുപ്പ്) രണ്ടാം സ്ഥാനവും, ശ്രീമതി ശോഭാറാണി എസ്. ആർ. (സെക്ഷൻ ഓഫീസർ, നിയമ വകുപ്പ്) മൂന്നാം സ്ഥാനവും നേടി.

8.10.2025-ന് നടത്തിയ ചട്ടത്തിന്റെ മലയാള പരിഭാഷ തയ്യാറാക്കൽ മത്സരത്തിൽ ശ്രീ. കിരൺ ശങ്കർ (അണ്ടർ സെക്രട്ടറി, നിയമ വകുപ്പ്) ഒന്നാം സ്ഥാനവും, ശ്രീമതി ചിത്ര ആർ. (ലീഗൽ അസിസ്റ്റന്റ്, നിയമവകുപ്പ്) രണ്ടാം സ്ഥാനവും, ശ്രീമതി ശ്രീവിദ്യ എസ്. (ലീഗൽ അസിസ്റ്റന്റ്, നിയമവകുപ്പ്) മൂന്നാം സ്ഥാനവും നേടി.

**വാഗ്മി 2025 മധ്യമേഖലാതല മത്സരം സംഘടിപ്പിച്ചു**

2025-ലെ ഭരണഘടന ദിനാഘോഷത്തിന്റെ ഭാഗമായി നിയമ (ഔദ്യോഗികഭാഷ - പ്രസിദ്ധീകരണ സെൽ) വകുപ്പ് സംസ്ഥാനത്തെ കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച അഖിലകേരള ഭരണഘടനാ പ്രസംഗമത്സരം 'വാഗ്മി-2025' ന്റെ ഭാഗമായുള്ള മധ്യമേഖല പ്രസംഗ മത്സരം 2025 നവംബർ 11-ന് എറണാകുളം ഗവ. ലാ കോളേജിൽ ബഹു.നിയമസെക്രട്ടറി ശ്രീ. കെ ജി സനൽ കുമാർ ഉദ്ഘാടനം ചെയ്തു. രാഷ്ട്രനിർമ്മാണത്തിൽ ഭരണഘടനാ അവബോധത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു.

എറണാകുളം ഗവ. ലാ കോളേജ് പ്രിൻസിപ്പൽ ഡോ. മിനി പോൾ അധ്യക്ഷത വഹിച്ച ചടങ്ങിൽ, അഡീഷണൽ നിയമ സെക്രട്ടറി ശ്രീ. ഷിബു തോമസ് സ്വാഗതവും, ജോയിന്റ് സെക്രട്ടറി ശ്രീമതി. ജാക്വിലിൻ ഇ. ഡബ്ള്യൂ. നന്ദിയും അർപ്പിച്ചു. ഭരണഘടനയുടെ ആമുഖം വായിച്ചായിരുന്നു പരിപാടികൾ ആരംഭിച്ചത്.



മുൻ ജില്ലാ ജഡ്ജ് ശ്രീ. വി. ദിലീപ്, അഡീഷണൽ നിയമസെക്രട്ടറി (റിട്ട.) ശ്രീ. കെ പ്രസാദ്, ലോ കോളേജിലെ മുൻ അസോസിയേറ്റ് പ്രൊഫസർ ശ്രീമതി. ബിനു പൂർണമോദൻ ചോലയിൽ എന്നിവർ വിധികർത്താക്കളായ മത്സരത്തിൽ റിഗ റോസ് ബാബു (മഹാരാജാസ് കോളേജ്, എറണാകുളം) ഒന്നാം സ്ഥാനവും, ലീനു കെ. ജോസ് (അൽഫോൻസാ കോളേജ്, പാല) രണ്ടാം സ്ഥാനവും, അക്സ ഡെയ്സൺ (പ്രജ്യോതി നികേതൻ കോളേജ്, പുതുക്കാട്) മൂന്നാം സ്ഥാനവും നേടി. എറണാകുളം, കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ സർക്കാർ, എയ്ഡഡ് കോളേജുകളിലെ വിദ്യാർത്ഥികളാണ് പ്രസംഗ മത്സരത്തിൽ പങ്കെടുക്കാനെത്തിയത്.



**വാഗ്മി 2025 ദക്ഷിണമേഖലാതല മത്സരം സംഘടിപ്പിച്ചു**

2025 വർഷത്തെ ഭരണഘടന ദിനാഘോഷത്തിന്റെ ഭാഗമായി നിയമ (ഔദ്യോഗികഭാഷ - പ്രസിദ്ധീകരണ സെൽ) വകുപ്പ് സംസ്ഥാനത്തെ കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച അഖിലകേരള ഭരണഘടനാ പ്രസംഗമത്സരം 'വാഗ്മി 2025' ന്റെ ദക്ഷിണമേഖല പ്രസംഗ മത്സരം കേരള സർവകലാശാലയുടെ കാര്യവട്ടം കാമ്പസിൽ 2025 നവംബർ 17-ന് സംഘടിപ്പിച്ചു. ബഹു.നിയമസെക്രട്ടറി ശ്രീ. കെ ജി സനൽ കുമാർ ഉദ്ഘാടനം ചെയ്തു. ഭരണഘടന വെല്ലുവിളി നേരിടുന്ന ഈ കാലഘട്ടത്തിൽ ഭരണഘടനാ അവബോധം യുവജനങ്ങളിൽ എത്തിക്കേണ്ടത് അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു.

കേരള സർവകലാശാല നിയമ ഫാക്കൽറ്റി ഡീനും നിയമ വിഭാഗം വകുപ്പ് മേധാവിയുമായ പ്രൊഫ. (ഡോ.) സിന്ധു തുളസീധരൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജോയിന്റ് സെക്രട്ടറി ശ്രീമതി. ജാകിലിൻ ഇ.ഡബ്ല്യൂ സ്വാഗതവും, സെക്ഷൻ ഓഫീസർ ശ്രീമതി. ഗായത്രി എം. എം. നന്ദിയും അർപ്പിച്ചു. ഭരണഘടനയുടെ ആമുഖം വായിച്ചായിരുന്നു പരിപാടികൾ ആരംഭിച്ചത്.



മുൻ ജില്ലാ ജഡ്ജി ശ്രീമതി എം ജി പത്മിനി, അഡീഷണൽ നിയമ സെക്രട്ടറി (റിട്ട.) ശ്രീ. കെ പ്രസാദ്, ലോ കോളേജിലെ (റിട്ട.) അസിസ്റ്റന്റ് പ്രൊഫസർ ശ്രീ. മനോജ് കൃഷ്ണ. എ എന്നിവർ വിധികർത്താക്കളായ മത്സരത്തിൽ സ്നേഹ എസ്. (പൊളിറ്റിക്കൽ സയൻസ് ഡിപ്പാർട്ട്മെന്റ്, കേരള സർവ്വകലാശാല) ഒന്നാം സ്ഥാനവും, ആർച്ച എസ്. (കെ. എസ്. എം. ഡി. ബി. കോളേജ്, ശാസ്താംകോട്ട), അയ്യപ്പൻ ആർ. വി. (ഗവ. ലാ കോളേജ്, തിരുവനന്തപുരം) എന്നിവർ രണ്ടാം സ്ഥാനവും, നവമി ഉമേഷ് (ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസ്, തിരുവനന്തപുരം) മൂന്നാം സ്ഥാനവും നേടി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ സർക്കാർ, എയ്ഡഡ് കോളേജുകളിലെ വിദ്യാർത്ഥികളാണ് പ്രസംഗ മത്സരത്തിൽ പങ്കെടുത്തത്.



**വാഗ്മി ഫൈനൽ മത്സരം ബഹു. ചീഫ് സെക്രട്ടറി ഉദ്ഘാടനം ചെയ്തു**

2025-ലെ ഭരണഘടന ദിനാഘോഷത്തിന്റെ ഭാഗമായി നിയമ (ഔദ്യോഗികഭാഷ - പ്രസിദ്ധീകരണ സെൽ) വകുപ്പ് സംസ്ഥാനത്തെ കോളേജ് വിദ്യാർത്ഥി കൾക്കായി 2025 നവംബർ 20-ന് സെക്രട്ടേറിയറ്റ് ശ്രുതി ഹാളിൽ വെച്ച് സംഘടിപ്പിച്ച അഖിലകേരള ഭരണഘടനാ പ്രസംഗമത്സരമായ 'വാഗ്മി 2025' ന്റെ ഭാഗമായുള്ള ഫൈനൽ മത്സരം ബഹു. ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക് ഐ.എ.എസ്. ഉദ്ഘാടനം ചെയ്യുകയും മേഖലാ വിജയികളെ അഭിനന്ദിക്കുകയും ചെയ്തു.

ബഹു.നിയമസെക്രട്ടറി ശ്രീ. കെ ജി സനൽ കുമാർ അധ്യക്ഷനായ ചടങ്ങിൽ അഡീഷണൽ നിയമസെക്രട്ടറി ശ്രീ. ഷിബു



തോമസ് സ്വാഗതവും, നിയമ വകുപ്പ് ജോയിന്റ് സെക്രട്ടറി ശ്രീമതി ശ്രീജ ഡി. കെ നന്ദിയും അർപ്പിച്ചു.

വാഗ്മി-2025 മേഖലാമത്സരങ്ങളിലെ വിജയികളായായ ഫൈനലിസ്റ്റുകൾക്ക് ക്യാഷ് പ്രൈസും സാക്ഷ്യപത്രവും മെമന്റോയും തദവസരത്തിൽ ബഹു. ചീഫ് സെക്രട്ടറി സമ്മാനിച്ചു.

(റിട്ട.) ജില്ലാ ജഡ്ജിയും മുൻ കേരള നിയമസഭാ സെക്രട്ടറിയും നിലവിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ രജിസ്ട്രാറുമായ ശ്രീ. എസ് വി ഉണ്ണികൃഷ്ണൻ നായർ, കേരള യൂണിവേഴ്സിറ്റിയുടെ ഡീനും നിയമ വിഭാഗം മേധാവിയുമായ പ്രൊഫ. (ഡോ.) സിന്ധു തുളസീധരൻ, കേരള കേന്ദ്ര സർവകലാശാലയിലെ ഇന്റർനാഷണൽ റിലേഷൻസ് വകുപ്പിലെ അസോസിയേറ്റ് പ്രൊഫസർ പ്രൊഫ. (ഡോ.) അനിൽ കുമാർ പി. എന്നിവർ വിധികർത്താക്കളായ വാശിയേറിയ ഫൈനലിൽ റിഗ റോസ് ബാബു (മഹാരാജാസ് കോളേജ്, എറണാകുളം) ഒന്നാം സ്ഥാനവും, ലീനു കെ. ജോസ് (അൽഫോൻസാ കോളേജ്, പാലാ) രണ്ടാം സ്ഥാനവും, അമ്പിളി എൻ. കുമാർ (ഗവ. ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തലശ്ശേരി) മൂന്നാം സ്ഥാനവും നേടി.



**ഭരണഘടനാ ദിനാഘോഷം സംഘടിപ്പിച്ചു**

നിയമ (ഔദ്യോഗികഭാഷ - പ്രസിദ്ധീകരണ സെൽ) വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2025 നവംബർ 26-ന് ഭരണഘടനാ ദിനാഘോഷം സംഘടിപ്പിച്ചു. സെക്രട്ടേറിയറ്റിലെ ദർബാർ ഹാളിൽ നടന്ന പരിപാടിയുടെ ഉദ്ഘാടനം ബഹു. ഉപലോകായുക്തയും മുൻ കേരള ഹൈക്കോടതി ജഡ്ജിയുമായ ജസ്റ്റിസ് അശോക് മേനോൻ നിർവഹിച്ചു. അഖില കേരള ഭരണഘടനാ പ്രസംഗ മത്സരം 'വാഗ്മി 2025' ന്റെ വിജയികൾക്കുള്ള ക്യാഷ് പ്രൈസും സാക്ഷ്യപത്രവും ട്രോഫിയും അദ്ദേഹം വിതരണം ചെയ്തു.



ഭരണഘടനയുടെ ആമുഖം വായിച്ചുകൊണ്ടാണ് പരിപാടി ആരംഭിച്ചത്. പട്ടം കേന്ദ്രീയ വിദ്യാലയത്തിലെ മൂന്നാം ക്ലാസുകാരി എം എസ് അമേലിയ ആയിരുന്നു ആമുഖം വായിച്ചത്. നിയമസഭാ സെക്രട്ടറി ഡോ. എൻ കൃഷ്ണ കുമാർ മുഖ്യപ്രഭാഷണം നടത്തി. നിയമ സെക്രട്ടറി ശ്രീ. കെ. ജി. സനൽ കുമാർ അദ്ധ്യക്ഷനായി. അഡീഷണൽ നിയമ സെക്രട്ടറി ശ്രീ. ഷിബു തോമസ്, ജോയിന്റ് സെക്രട്ടറി ശ്രീമതി. ശ്രീജ ഡി. കെ. തുടങ്ങിയവർ സംസാരിച്ചു. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും പരിപാടിയിൽ പങ്കെടുത്തു.



**വാഗ്മി മേഖലാ മത്സരവിജയികളുടെ സമ്മാനദാന ചടങ്ങ്**

**നിരാകരണം** / disclaimer

ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളിലെ അഭിപ്രായങ്ങൾ സംസ്ഥാന സർക്കാരിന്റെയോ നിയമവകുപ്പിന്റെയോ ഔദ്യോഗിക അഭിപ്രായങ്ങളല്ല. ലേഖകരുടെ വ്യക്തിപരമായ അഭിപ്രായങ്ങളാണ്, അവയ്ക്കുള്ള ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ്.

*പത്രാധിപസമിതി*







നിയമധ്വനിയുടെ
മുൻപതിപ്പുകൾ
നിയമവകുപ്പിന്റെ
ഔദ്യോഗിക വെബ്സൈറ്റിൽ
ലഭ്യമാണ്

***https://lawsect.kerala.gov.in***

RNI REG. No. KERMAL/2017/74542

നിയമധ്വനി
NIYAMADWANI
TITLE CODE KERMAL-15918
വാല്യം 09
ഇഷ്യൂ 02

DATE OF PUBLICATION
10/03/2026



Printed by Veeran. T the Superintendent of Government Presses, Thiruvananthapuram
Published by K. G. Sanal Kumar, Secretary, Law Department, Government Secretariat, Thiruvananthapuram-695 001
On behalf of Govt. of Kerala and printed at Government Central Press, Thiruvananthapuram
and published at Law Department, Secretariat, Thiruvananthapuram-695 001, Chief Editor: K. G. Sanal Kumar